സ്വകാര്യവല്ക്കരിക്കപ്പെടുന്ന വിദ്യാഭ്യാസം

1986

സി. ജി. ശാന്തകുമാർ
കെ. എൻ. ഗണേഷ്

(Malayalam)
Swakarya Valkarikkapedunna Vidyabhyasam
(Privatisation of Education)
First Edition July 1986
Published and Distributed by
Kerala Sastra Sahitya Parishad
Trichur - 680 002.
Printed at
Mangalodayam Press, Trichur-4.
All Rights Reserved
Price : Rs. 2-00

KSSP PAM 2/86 Cr/8 1/2000

സ്വകാര്യവൽക്കരിക്കപ്പെടുന്ന വിദ്യാഭ്യാസം

കഴിഞ്ഞ രണ്ടുമൂന്നുവർഷമായി, കേരളത്തിലെ വിദ്യാഭ്യാസരംഗം അതിവിപുലമായ പരിഷ്കാരങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കയാണ്. നാളെയുടെവേണ്ടി സമൂഹം നടത്തുന്ന ഏറ്റവും വലിയ മുതൽമുടക്കെന്ന നിലയിൽ, വിദ്യാഭ്യാസം കൂടുതൽക്കൂടുതൽ വിപുലവും സാരവത്തുമാക്കാനുള്ള ശ്രമങ്ങളാണ്, ഈ പരിഷ്കാരങ്ങളിൽ കൂടി നടത്തിക്കൊണ്ടിരിക്കുന്നതെന്നാണ് സർക്കാരിന്റെ അഭിപ്രായം. അതുകൊണ്ടായിരിക്കണം, സാമൂഹ്യജീവിതത്തിന്റെ മറേറതു മണ്ഡലങ്ങളേക്കാളുപരി, നമ്മുടെ വിദ്യാഭ്യാസരംഗം, ഈ അടുത്ത കാലത്തായി, വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും മാത്രമല്ല, കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും ശ്രദ്ധ നിരന്തരമായി പിടിച്ചുപററിക്കൊണ്ടിരിക്കുന്നതു്.

മറെറതു പരാധീനതകളുണ്ടെങ്കിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം പണ്ടേ സമ്പന്നമാണ്. പന്ത്രണ്ടു ശതമാനംമാത്രം സാക്ഷരതയുള്ള പ്രദേശങ്ങളം ഇന്ത്യയിലുണ്ട്; സ്ത്രീ സാക്ഷരത അഞ്ചു ശതമാനംമാത്രം. ഇന്ത്യയിലെ ശരാശരി സാക്ഷരത മുപ്പത്തിയഞ്ചു ശതമാനമാണ്. കേരളത്തിലേതാകട്ടെ ഇന്ത്യൻ സാക്ഷരതയുടെ ഇരട്ടിയാണിന്നു്. സ്ത്രീ സാക്ഷരതയുടെ കാര്യത്തിലും നാം ഇന്ത്യയിലെ മറേറതു പ്രദേശങ്ങളുടേയും മുൻപന്തിയിൽത്തന്നെ. ആറു വയസ്സിനും പതിനാലു വയസ്സിനും ഇടക്കു് പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നല്ലമെന്നു് നമ്മുടെ ഭരണഘടന ഇന്ത്യയിലെ പൗരന്മാർക്കു് ഉറപ്പു നല്കിയിട്ടുണ്ട്. ഈ

വാഗ്ദാനം പാലിക്കാൻ 36 വർഷങ്ങൾക്കുശേഷവും ഭൂരിപക്ഷം സംസ്ഥാനങ്ങൾക്കും കഴിഞ്ഞിട്ടില്ല. കേരളത്തിലാവട്ടെ പ്രാഥമിക വിദ്യാഭ്യാസത്തിന്നപ്പുറം സെക്കൻഡറി വിദ്യാഭ്യാസംകൂടി സൗജന്യമാക്കിയിട്ട് വർഷങ്ങൾ പലതു കഴിഞ്ഞു. കുട്ടികൾക്ക് നടന്നുപോയി വിദ്യാഭ്യാസം നേടാനാകുന്നവിധത്തിൽ, കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും വിദ്യാലയങ്ങളുണ്ട്. ഈ സംസ്ഥാനത്തിൽ 1000 പ്രൈമറി വിദ്യാർത്ഥികൾക്ക് ശരാശരി 2.2 സ്കൂൾ വീതവും 1000 ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ശരാശരി 1.5 ഹൈസ്കൂൾ വീതവും ഉണ്ട്. അഞ്ചു വയസ്സിനും ഒമ്പതു വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളിൽ 96 ശതമാനവും സ്കൂളിൽ പോകുന്നു.

ഉന്നത വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും നമ്മുടെ നിലമറേറതു് ഇന്ത്യൻ സംസ്ഥാനത്തേക്കാളും മെച്ചമാണു്. 170 ആർട്സ് ആൻഡ് സയൻസ് കോളേജുകളും അഞ്ചു് മെഡിക്കൽ കോളേജുകളും അഞ്ചു് എഞ്ചിനീയറിങ്ങ് കോളേജുകളും ഇവിടെയുണ്ടു്. മറ്റു പല സംസ്ഥാനങ്ങളും വിദ്യാഭ്യാസത്തിനുവേണ്ടി മൊത്തം വരുമാനത്തിന്റെ പത്തോ പന്ത്രണ്ടോ ശതമാനംമാത്രം ചെലവഴിക്കുമ്പോൾ, ഈ ദരിദ്രസംസ്ഥാനം കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ദേശീയവരുമാനത്തിൽ 37—40 ശതമാനം നീക്കിവെക്കുന്നു. ഇന്ത്യയുടെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസത്തിനു് കൂടുതൽ വിപുലമായ ജനകീയാടിത്തറ കേരളത്തിലുണ്ടു്. പണ്ടുമുതല്ക്കേയുള്ള ഇവിടുത്തെ വിദ്യാഭ്യാസവികസനത്തിനടിസ്ഥാനം, സേവനസന്നദ്ധരായ മിഷനറിമാരുടെ പ്രവർത്തനവും, അവരിൽനിന്നാവേശമുൾക്കൊണ്ട സ്വകാര്യ ഏജൻസികളുടെ സേവനവുമാണെന്നാണു്, ഈ രംഗത്തെ വിദഗ്ധന്മാർ അഭിപ്രായപ്പെടുന്നതു്. അതോടൊപ്പം, കേരളത്തിൽ നിലനിന്നിരുന്ന പ്രത്യേകമായ ഭൂവുടമാസമ്പ്രദായവും അതിന്റെ സൃഷ്ടിയായ ഇടത്തരക്കാരുടെ ആധിക്യവുമാണു്, വിദ്യാഭ്യാസവളർച്ചയെ ത്വരിതപ്പെടുത്തിയതെന്നു് അഭിപ്രായക്കാരുമുണ്ടു്. കാരണമെന്തുമായിക്കൊള്ളട്ടെ, വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണത്തിലും വിദ്യാഭ്യാസത്തിന്റെ വളർച്ചയിലും, കേരളം മുൻപന്തിയിലാണെന്ന വസ്തുത നമുക്കെല്ലാം സന്തോഷം നല്കുന്നു. വിദ്യാസമ്പന്നരായ ചെറുപ്പക്കാരാണു് ഈ സംസ്ഥാനത്തിന്റെ പ്രധാന കയറ്റുമതി.

1. പരിഷ്ക്കാരങ്ങളിൽക്കൂടിയുള്ള തിരിച്ചുപോക്ക്

എന്നാൽ ഇതുകൊണ്ടുമാത്രം ഇന്നത്തെ ഭരണക്കുടം തൃപ്തമല്ല. കൂടുതൽക്കൂടുതൽ പരിഷ്കാരങ്ങളും വരുത്തി, വിദ്യാഭ്യാസം കൊണ്ടുമെച്ചമുണ്ടാക്കാനാകുന്നവക്കെല്ലാം അതിനവസരം സൃഷ്ടിക്കുകയെന്ന അതിവിശിഷ്ടമായ പ്രവർത്തനത്തിലാണ് നമ്മുടെ ഭരണാധികാരികളും ഈയിടെയായി ഏർപ്പെട്ടിരിക്കുന്നതു്. നോക്കൂ,

—പൊതുവിദ്യാഭ്യാസത്തിന്റെ അടിത്തറ കൂടുതൽക്കൂടുതൽ വിപുലമാക്കാൻവേണ്ടി 82—84 വർഷങ്ങളിൽ സഹകാര്യമേഖലയിൽ 450 സ്കൂളുകളും അനുവദിച്ചു. സ്കൂളുകളും ഇല്ലാത്ത പ്രദേശങ്ങളിൽ മാത്രമല്ല, ഉള്ള സ്ഥലങ്ങളിൽത്തന്നെ പിന്നെയും അനുവദിച്ചു. വിദ്യാലയങ്ങളുടെ എണ്ണക്കുറവുകൊണ്ടു്, ഏതെങ്കിലും കുട്ടി വിദ്യാഭ്യാസം ലഭിക്കാതെ വിഷമിക്കരുതല്ലൊ.

—സർക്കാരിൽനിന്നും ശമ്പളംപറ്റിക്കൊണ്ടു്, സർക്കാരിന്റെ ചിട്ടയനുസരിച്ചു നടത്തുന്ന വിദ്യാലയങ്ങളെക്കുറിച്ചു് പല ആക്ഷേപങ്ങളും ഈയിടെ മുഴങ്ങി കേൾക്കുന്നുണ്ടു്. അത്തരം സ്ഥാപനങ്ങളും മാനംമര്യാദയായി ജീവിക്കുന്ന പല കുട്ടികൾക്കും വിദ്യാഭ്യാസം ചെയ്യാൻ പറ്റാത്തതാണെന്നും വിമർശിക്കുന്നവർ ചിലരുണ്ടു്. ഈ സഹചര്യത്തിൽ മെച്ചപ്പെട്ട കുട്ടികൾക്കു് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനുവേണ്ടി, അംഗീകൃതസ്കൂളുകളും എന്നറിയപ്പെടുന്ന പ്രത്യേക സ്കൂളുകളും 285 എണ്ണം അനുവദിച്ചു.

—കേരളത്തെപ്പോലെ വിദ്യാഭ്യാസപാരമ്പര്യമുള്ള ഒരു സംസ്ഥാനത്തു് പൊതുവിദ്യാഭ്യാസംമാത്രം സാവ്വത്രികമാക്കിയാൽപോരാ. അവസരങ്ങളെ പരിമിതപ്പെടുത്തലാണതു്. എല്ലാവർക്കും ഉന്നതവിദ്യാഭ്യാസം നേടാൻ സൗകര്യമുണ്ടാവണം. ഇതിനുവേണ്ടി ആറാം പഞ്ചവത്സരപദ്ധതിക്കാലത്തു് 37 കോളേജുകളും പുതുതായനുവദിച്ചു. നിലവിലുള്ള കോളേജുകളിലെ സൗകര്യങ്ങളും വർദ്ധിപ്പിച്ചു് ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണം മെച്ചപ്പെടുത്താൻവേണ്ടിയുദ്ദേശിക്കപ്പെട്ട തുകയാണു്, കോളേജുകളുടെ സ്ഥാപനത്തിനുവേണ്ടി

തിരിച്ചു വിട്ടതു്. ഗുണമിത്തിരി കുറഞ്ഞാലും, കൂടുതലാളുകൾക്കു് ഉന്നതവിദ്യാഭ്യാസത്തിന്നവസരമുണ്ടാക്കുകയെന്നതാണല്ലൊ, യഥാർത്ഥത്തിൽ ജനാധിപത്യപരമായ നടപടി. നമ്മുടെ ജനങ്ങൾ ഉന്നതവിദ്യാഭ്യാസത്തിന്നുവേണ്ടി അത്രയധികം ദാഹിച്ചിരുന്നവരായിരുന്നതിനാൽ, ഇങ്ങനെ അനുവദിച്ച കോളേജുകളിൽ ബഹുഭൂരിപക്ഷവും, സേവനസമ്പന്നരായ ഏജൻസികളുടെ സഹായത്തോടെ സ്വകാര്യമേഖലയിൽത്തന്നെ തുടങ്ങാൻ കഴിഞ്ഞു.

—അനുക്ഷണവികസ്വരമായ നമ്മുടെ ഉന്നതവിദ്യാഭ്യാസരംഗത്തിന്നു് ചിട്ടയും, ക്രമവും വളർച്ചയും വികാസവും നല്കുന്നതിനുവേണ്ടി ഒരു പുതിയ സർവ്വകലാശാലതന്നെ ആരംഭിച്ചു; സാക്ഷാൽ രാഷ്ട്രപിതാവിന്റെ നാമധേയത്തിൽ.

—അക്കാദമിരംഗത്തുമാത്രം വളർച്ചയുണ്ടായാൽപോര. വൈദ്യവിദ്യാഭ്യാസത്തിലും കൂടുതലാളുകൾക്കു് അവസരം നല്കേണ്ടതു്, ഒരു പരിഷ്കൃതസമൂഹത്തിന്റെ ചുമതലയാണു്. ഇക്കാര്യം ശിരസാവഹിച്ചുകൊണ്ടു്, സ്വകാര്യമേഖലയിൽ പുതുതായി ഒരു ആയുർവ്വേദകോളേജു് ആരംഭിക്കാൻ ശ്രമിച്ചു. എല്ലാ ഭാരവും സർക്കാരിനെക്കൊണ്ടുമാത്രം താങ്ങാൻ കഴിയുമോ? സ്വകാര്യമേഖലയിൽ ഉന്നതനിലവാരം പുലർത്തുന്ന സ്ഥാപനങ്ങൾ പലതുമുണ്ടു്. അവയുടെ സേവനം കൂടി വൈദ്യവിദ്യാഭ്യാസത്തിന്നു പ്രയോജനപ്പെടുത്തിയാലെന്താണു്? അതനുസരിച്ചു് അങ്കമാലിയിലെ ഒരു സ്വകാര്യ ആസ്ത്രിക്കു്, നേത്രചികിത്സയിൽ പോസ്റ്റു് ഗ്രാജ്വേറ്റു് ക്ലാസ്സു തുടങ്ങാനനുവാദം കൊടുത്തു.

—പൊതുവിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ കേരളം ഉന്നതസ്ഥാനത്താണെങ്കിലും കർണ്ണാടകത്തേയും തമിഴ്നാടിനേയുമൊക്കെ അപേക്ഷിച്ചു് ഇവിടെ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾ കുറവാണു്. നമ്മുടെ പല കുട്ടികളും മറ്റു സംസ്ഥാനങ്ങളിൽപോയി സാങ്കേതിക വിദ്യാഭ്യാസം നേടുന്നുണ്ടു്. ഇതൊരു ദുഷ്കരം, എന്നുമാത്രമല്ല ദുർവ്യയം. സാങ്കേതിക വിദ്യാഭ്യാസം വളർത്തേണ്ടതു് കാലഘട്ടത്തിന്റെ ആവശ്യവുമാണു്. ഇതിനുവേണ്ടിയാണു്, കഴിഞ്ഞവർഷം സ്വകാര്യമേഖലയിൽ പതിനഞ്ചു പോളിടെക്നിക്കുകൾ തുടങ്ങാൻ തീരുമാനിച്ചതു്.

——അദ്ധ്യാപകരുടേയും ജീവനക്കാരുടേയും വിദ്യാർത്ഥികളുടേയുമൊക്കെ അമിതമായ രാഷ്ട്രീയമാണു് ഉന്നതവിദ്യാഭ്യാസത്തെ ഇത്രയേറെ കുഴപ്പത്തിലാക്കുന്നതു്. ഉന്നതവിദ്യാഭ്യാസരംഗത്തെ രാഷ്ട്രീയവിമുക്തമാക്കുകയെന്നതു്, ഇന്ത്യാഗവണ്മെണ്ടുതന്നെ പ്രഖ്യാപിച്ചിട്ടുള്ള നയമാണല്ലൊ. സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേക്കും സർവ്വകലാശാലയുടെ മറ്റു ഭരണസമിതികളിലേക്കുമുള്ള തെരഞ്ഞെടുപ്പുകളാണു് കലാലയരാഷ്ട്രീയക്കാർക്കുള്ള ഏണികളായി ഭവിക്കുന്നതു്. അതുകൊണ്ടു് ഉന്നതവിദ്യാഭ്യാസം സംശുദ്ധമാക്കുന്നതിനു് ഇമ്മാതിരി കോപ്രായങ്ങളൊക്കെ സർവ്വകലാശാലയിൽനിന്നൊഴിവാക്കണം. വിദ്യാഭ്യാസം നന്നാക്കലാണല്ലൊ നമ്മുടെ മുഖ്യലക്ഷ്യം ആക്കുമതിൽ ഭിന്നാഭിപ്രായമുണ്ടാകാനിടയില്ല. ഈയൊരുദ്ദേശ്യത്തോടെയാണു് കൊച്ചിൻ സർവ്വകലാശാല ഓർഡിനൻസു് പുറപ്പെടുവിച്ചതു്. ഭരണസമിതിയായ സിൻഡിക്കേറ്റിലേക്കു് അംഗങ്ങളെ യഥേഷ്ടം നോമിനേറ്റ് ചെയ്യാൻ കഴിഞ്ഞാൽ, കുണ്ടനും അണ്ടനും അടകോടനും, തെരഞ്ഞെടുപ്പിൽ ജയിച്ച എന്നുപേരുംപറഞ്ഞു് അവിടെക്കയറി കൂടുകയില്ലല്ലൊ. ഈ മാതൃക ക്രമേണ മറ്റു സർവ്വകലാശാലകളിലേക്കും വ്യാപിപ്പിക്കാം.

——വിദ്യാഭ്യാസരംഗത്തു്, കഴിവും അർപ്പണബോധവുമുള്ളവർക്കു്, അവരർഹിക്കുന്ന അംഗീകാരം നല്കണം. എല്ലാം അഞ്ചടി അഞ്ചിഞ്ചുപാട്ടള്ള എന്ന കട്ടംപിടിത്തം പാടില്ല. മെച്ചപ്പെട്ട കോളേജുകൾക്കു് പ്രവർത്തനസ്വാതന്ത്ര്യം നല്കണം. കോത്താരിക്കമ്മീഷൻ പോലും ഇക്കാര്യം നിർദ്ദേശിച്ചിട്ടുണ്ടു്. ആദിശേഷയ്യയും അതു പറഞ്ഞു. ഇതംഗീകരിച്ചാണു് മെച്ചപ്പെട്ട ചില കോളേജുകളെ ആട്ടോണമസു് കോളേജുകളാക്കി ഉയർത്തണമെന്നു നിശ്ചയിച്ചതു്.

——ഒരു പൊതുവിദ്യാഭ്യാസ പരിപാടിയുടെ അടിസ്ഥാനത്തിൽ ഇന്ത്യ ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കു് കുതിക്കാൻ തയ്യാറായിനില്ക്കുന്ന ഈ സന്ദർഭത്തിൽ, കേരളം മാത്രം അവിടേയ്ക്കുപാടേറ്റണിൽ നിന്നും മാറിനില്ക്കുന്നതു ശരിയല്ല. പത്താം ക്ലാസിനുശേഷമുള്ള രണ്ടു വർഷത്തെ വിദ്യാഭ്യാസം മറ്റു സംസ്ഥാനങ്ങളിൽ മിക്കതിലും ഹൈസ്കൂളുകളിലാണു് നടക്കുന്നതെന്നു് ഇപ്പോളാണറിയുന്നതു്. നാംമാത്രം മറ്റൊരു വിധത്തിലാവുന്നതു ശരിയല്ല. ഒരു നിലക്കും +2 വിദ്യാഭ്യാസം സർവ്വകലാശാലയുടെ ഭാഗമായികൂടാ. ഇതിന്റെ

ആദ്യപടിയെന്നനിലയിൽ പ്രീഡിഗ്രി വിദ്യാഭ്യാസത്തെ സ്വകലാശാലയിൽനിന്നും വേർപ്പെടുത്തി, പ്രീഡിഗ്രി ബോർഡെന്ന ഒരു പ്രത്യേക സംവിധാനത്തിൻകീഴിലാക്കാൻ നിശ്ചയിച്ചു.

കഴിഞ്ഞ മുന്നരാലു വർഷങ്ങൾക്കിടയിൽ കേരളത്തിലെ വിദ്യാഭ്യാസം മെച്ചപ്പെടുത്താൻവേണ്ടി സംസ്ഥാനസർക്കാർ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ശ്രമിച്ചതുമായ പരിഷ്കാരങ്ങളിൽ ചിലതാണ് മുകളിൽ പറഞ്ഞതു്. ഇതോടൊപ്പം ''ഓപ്പം പ്രമോഷൻ'' നിർത്തലാക്കിയതും പാഠ്യപുസ്തകങ്ങളുടെ വില വർദ്ധിപ്പിച്ചതും വേറെ കിടക്കുന്നു. ഈ വക പരിഷ്കാരങ്ങളോടു്, ''മറവിക്കാരും ബുദ്ധികുറഞ്ഞവരുമായ'' ജനങ്ങൾ പ്രതികരിച്ചതെങ്ങനെയായിരുന്നു?

രണ്ടുവർഷംമുമ്പു്, നേത്രചികിത്സയുടെ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സ് തുടങ്ങാൻ അങ്കമാലിയിലൊരു സ്വകാര്യ ആസ്പത്രിക്കനുവാദം കൊടുത്തപ്പോൾ നാളിതുവരെ ചരിത്രത്തിലുണ്ടായിട്ടില്ലാത്തവിധം, കേരളത്തിലെ മുഴുവൻ മെഡിക്കൽ വിദ്യാർത്ഥികളും ഈ പരിഷ്കാരത്തിന്റെ 'അന്തസ്സത്ത' ശരിക്കും മനസ്സിലാക്കി അതിനെതിരെ സമരരംഗത്തിറങ്ങി. മിക്ക മെഡിക്കൽ വിദ്യാർത്ഥികളും സമൂഹത്തിന്റെ ഉന്നത ശ്രേണിയിൽനിന്നു വരുന്നവരാണു്. സമരങ്ങളിൽനിന്നും പ്രക്ഷോഭങ്ങളിൽനിന്നും ഒഴിഞ്ഞുമാറി തങ്ങളുടെ കനപ്പെട്ട പാനവുമായി ഒതുങ്ങിക്കഴിയാനാണവർക്കു താല്പര്യം. മാത്രമല്ല, എതൃയേറെ സാമൂഹ്യപ്രസക്തിയുള്ളതായാലും സമരങ്ങളോടും പ്രക്ഷോഭങ്ങളോടും പൊതുവെ പുച്ഛമാണവർക്കു്. ഇത്തരത്തിലുള്ള മെഡിക്കൽ വിദ്യാർത്ഥികളാണു്, ഒറ്റക്കെട്ടായി രംഗത്തിറങ്ങി, ഒരു മാസക്കാലം നീണ്ടുനിന്ന സമരത്തിൽക്കൂടി, ''സ്വകാര്യ ആസ്പത്രികളിലെ വൈദഗ്ദ്യവും സാങ്കേതികമേന്മയും പ്രയോജനപ്പെടുത്തുകയെന്ന സൽക്കർമ്മത്തിൽനിന്നും'' സർക്കാരിനെ പിന്തിരിപ്പിച്ചതു്.

കേരളത്തിൽ സാങ്കേതിക വിദ്യാഭ്യാസം വളർത്താനുള്ള മഹത്തായ ശ്രമത്തിന്റെ ഭാഗമായി, സ്വകാര്യമേഖലയിൽ പതിനഞ്ചു പോളിടെക്നിക്കുകളും അനുവദിക്കാനുള്ള നീക്കത്തിനുമെതിരെ അനുവേമാണുണ്ടായതു്. രണ്ടുമാസം നീണ്ടുനിന്ന സുദീർഘ

മായ പഠിപ്പുമുടക്കത്തിൽക്കൂടിയാണ് പോളിടെക്നിക് വിദ്യാർത്ഥികളും ഈ പരിഷ്കാരത്തിനു സ്വാഗതമരുളിയതു്. മറ്റു വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഇതിന്റെ ദൂരവ്യാപകമായ സദ്ഫലങ്ങളും കണ്ടറിയാനൊത്തതുകൊണ്ടു്, അവരും പോളിടെക്നിക് സമരത്തെ സ്വാത്മനാ പിന്തുണച്ചു. അങ്ങനെ താല്ക്കാലികമായി സർക്കാരിനു് പോളിടെക്നിക് പരിഷ്കാരത്തിൽനിന്നും അതിനെത്തുടർന്നു് പ്രഖ്യാപിക്കാനിരുന്ന മറ്റു പരിഷ്കാരങ്ങളിൽനിന്നും പിന്തിരിയേണ്ടിവന്നു.

കേരള സർക്കാരിന്റെ വിവിധ വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കെതിരെ വ്യാപകമായ പ്രക്ഷോഭങ്ങളോടെയാണു്, ഈ പുതിയ വിദ്യാഭ്യാസവർഷം ആരംഭിച്ചതു്. ഇത്തവണ വിദ്യാർത്ഥികൾ മാത്രമായിരുന്നില്ല, രംഗത്തു്. പ്രീഡിഗ്രി ബോർഡ് നടപ്പിലാക്കുന്നതിനും, കൊച്ചിൻ യൂണിവേഴ്സിറ്റി ഓർഡിനൻസിനുമെതിരായി, സർവ്വകലാശാല ജീവനക്കാരും, കോളേജദ്ധ്യാപകരും നേരത്തെത്തന്നെ പണിമുടക്കു പ്രഖ്യാപിച്ചു. ഇതിന്റെ ഫലമായി യൂണിവേഴ്സിറ്റി പരീക്ഷകൾ നടന്നില്ല. നടന്ന പരീക്ഷകളുടെ ഉത്തരക്കടലാസു നോക്കാൻ ആളെ കിട്ടിയില്ല കോളേജുകളിൽ ക്ലാസു നടന്നില്ല. ഉന്നത വിദ്യാഭ്യാസം സ്തംഭിച്ചു. കോളേജദ്ധ്യാപകരാട്ടം യൂണിവേഴ്സിറ്റി ജീവനക്കാരോട്ടമൊപ്പം, പൊതു വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന സർക്കാർ സ്കൂൾ അദ്ധ്യാപകരുടേയും സ്വകാര്യസ്കൂൾ അദ്ധ്യാപകരുടേയും സംഘടനകളും പ്രക്ഷോഭണരംഗത്തുണ്ടു്. 150 അംഗീകൃതസ്കൂളുകൾ അനുവദിക്കുന്നതിനെതിരേയും 300—ൽപ്പരം സർക്കാർസ്കൂളുകൾ കൂടികളിലൈന്ന പേരുംപറഞ്ഞു് പൂട്ടിയിടാനുള്ള ശ്രമത്തിനെതിരെയുമാണു് അവർ പ്രതിഷേധിച്ചതു്. സ്വകാര്യമേഖലയിൽ കണ്ടമാനം സ്കൂളുകളനുവദിപ്പിച്ചു വിദ്യാഭ്യാസം വികസിപ്പിക്കുന്നതിനെക്കുറിച്ചു് അദ്ധ്യാപകർ മാത്രമല്ല, വിദ്യാഭ്യാസത്തെക്കുറിച്ചു് എന്തെങ്കിലും വിവരമുള്ള മുഴുവൻ പേർക്കും അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. പാഠ്യപുസ്തകങ്ങളുടെ വില വർദ്ധിപ്പിച്ചു്, വിദ്യാഭ്യാസം വിലപ്പെട്ടതാക്കിയ നടപടിയോടു്, വിദ്യാർത്ഥികളാകെ എതിർപ്പുള്ളതു് അവരുടെ രക്ഷിതാക്കൾക്കാണു്.

ഓരോപ്രാവശ്യവും നിർത്തലാക്കൽ മുതൽ പ്രീഡിഗ്രി ബോർഡ് നടപ്പിലാക്കൽവരെ സംസ്ഥാന സർക്കാർ മുന്നോട്ടുവെച്ച മിക്ക

പരിഷ്കാരങ്ങളേയും കേരളത്തിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും കാര്യമറിയുന്ന രക്ഷിതാക്കളും തിരസ്കരിക്കാനുള്ള കാരണമെന്താണ്?

ഇവരൊക്കെ തൻകാര്യംനോക്കികളും സാമൂഹ്യബോധമില്ലാത്തവരും ദോഷൈകദൃക്കുകളുമായതുകൊണ്ടാണോ?

സ്വതവേ മറവിക്കാരാണെങ്കിലും, ഒന്നിനു പുറകെ മറ്റൊന്നായി, പരിഷ്കാരങ്ങളെന്നപേരിൽ സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന കാര്യങ്ങളും വിദ്യാഭ്യാസത്തെ ഏതു ദിശയിലേക്കാണ് നയിക്കുന്നതെന്നു മനസ്സിലാക്കാനുള്ള സാമാന്യബോധം ജനങ്ങൾക്കുണ്ട്.

അതുകൊണ്ടുണ്ടാകാവുന്ന ദൂരവ്യാപകമായ അപകടങ്ങളും മുൻകൂട്ടിക്കാണാൻ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും കഴിഞ്ഞു.

വിദ്യാഭ്യാസരംഗത്തു് ഇപ്പോഴും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതു് പരിഷ്കാരങ്ങളിൽക്കൂടിയുള്ള ഒരു തിരിച്ചുപോക്കാണ്.

ആയിരത്തിത്തൊള്ളായിരത്തി അമ്പതുകളിലേക്കും അതിനു പുറകിലേക്കുമുള്ള തിരിച്ചുപോക്ക്.

വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവല്ക്കരണത്തിൽനിന്നും സ്വകാര്യവല്ക്കരണത്തിലേക്കുള്ള തിരിച്ചുപോക്ക്.

സാവ്ത്രിക വിദ്യാഭ്യാസത്തിൽനിന്നും വരേണ്യവർഗ്ഗ വിദ്യാഭ്യാസത്തിലേക്കുള്ള തിരിച്ചുപോക്ക്.

സാമൂഹ്യവൽക്കരണത്തിൽനിന്നും കച്ചവടവൽക്കരണത്തിലേക്കുള്ള തിരിച്ചുപോക്ക്.

വിദ്യാഭ്യാസത്തിന്റെ ജനകീയ അടിത്തറ വിപുലമാക്കുന്നതിനുപകരം, ജനങ്ങളുടെ വിദ്യാഭ്യാസപരമായ അവകാശങ്ങളും ഓരോന്നായി തിരിച്ചുപിടിക്കുന്നവയാണ് ഈ പരിഷ്കാരങ്ങൾ.

2. തിരിച്ചുപോക്ക് എന്തിനുവേണ്ടി:

ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ശ്രദ്ധേയമാണ്, കേരളത്തിൽ. അതീവ പരിമിതമായ തൊഴിലവസരങ്ങളും, അനുദിനം വർദ്ധിച്ചുവരുന്ന തൊഴിലില്ലാപ്പടയുമുള്ള കേരളത്തിലെ തൊഴിൽ മാർക്കറ്റിൽ ഒരു ചെറിയ ജോലിക്കുവേണ്ടിപ്പോലും അതിശക്തമായ മത്സരം നടക്കുന്നു. ധനികദരിദ്രഭേദമെന്യ സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാരും മത്സരരംഗത്തുണ്ട്. പൊതുവിദ്യാഭ്യാസവും

ഉന്നതവിദ്യാഭ്യാസവും ലഭിച്ചവരുടെ എണ്ണം, മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൂടുതലാണെന്നതാണ് ഇതിനു കാരണം. അതുകൊണ്ട് ഒരു ജോലി കിട്ടുകയെന്നതു്,—പ്രത്യേകിച്ചും സർക്കാർ ജോലി—ഏതു വിഭാഗത്തിപ്പെട്ടവർക്കായാലും നമ്മുടെ നാട്ടിൽ വളരെ പ്രയാസകരമായിട്ടുണ്ട്.

ഈ നൂറ്റാണ്ടിന്റെ ആരംഭം മുതല്ക്കുതന്നെ വിദ്യാഭ്യാസത്തോടുള്ള ആഭിമുഖ്യം കേരളത്തിലെ ഇടത്തരക്കാരിൽ സ്വാഭാവികമായുണ്ടായിരുന്നു. സാമൂഹ്യ പ്രസ്ഥാനങ്ങളുടേയും ജനകീയ പ്രസ്ഥാനങ്ങളുടേയും പ്രവർത്തനം സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരിൽപ്പോലും വിദ്യാഭ്യാസത്തോടാഭിമുഖ്യം വളർത്തി. ആദ്യകാലത്തിവിടെ, സമൂഹത്തിലെ മേല്പന്തിക്കാർക്കുമാത്രമേ സ്കൂളിൽപ്പോകാനവകാശമുണ്ടായിരുന്നുള്ളൂ. വിദ്യാഭ്യാസാവകാശങ്ങൾക്കുവേണ്ടിയും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുവേണ്ടിയുമുള്ള മുറവിളികളും പ്രക്ഷോഭങ്ങളും സമൂഹത്തിന്റെ കീഴ്പ്പന്തിയിൽ കഴിയുന്നവരിൽനിന്നും ധാരാളമായി ഉയർന്നതിന്റെ ഫലമായി, സ്വാതന്ത്ര്യാനന്തരകേരളത്തിൽ നിലവിൽവന്ന ജനാധിപത്യ ഗവണ്മെന്റുകളും, നാടിന്റെ നാനാഭാഗങ്ങളിലായി അനേകം വിദ്യാലയങ്ങൾ സ്ഥാപിച്ചു. സങ്കുചിതമായ ലക്ഷ്യങ്ങളും ഉണ്ടായിരുന്നെങ്കിൽത്തന്നെ, സ്വകാര്യ എഞ്ജിനീയറിംഗ് കേരളത്തിലെ വിദ്യാഭ്യാസ വ്യാപനത്തിൽ ഗണ്യമായ ഒരു പങ്കുണ്ട്. കുട്ടികൾക്ക് വീട്ടിൽനിന്നും നടന്നുപോയി പഠിക്കാൻ പാകത്തിനു് ഓരോ പഞ്ചായത്തിലും സ്കൂളുകളുണ്ടായതും, എസ്.എസ്.എൽ.സി. വരെ വിദ്യാഭ്യാസം സൗജന്യമാക്കപ്പെട്ടതും, വിദ്യാഭ്യാസം ജനകീയവല്ക്കരിക്കപ്പെടാൻ വളരെയേറെ സഹായകമായി. കോളേജുകളുടെ എണ്ണം വർദ്ധിച്ചതോടെ, സെക്കൻഡറി വിദ്യാഭ്യാസം നേടിയ സാധാരണക്കാരായ കുട്ടികളിൽ നല്ലൊരു ശതമാനം ഏറെ പ്രയാസപ്പെട്ടാണെങ്കിലും പ്രീഡിഗ്രിയും ഡിഗ്രിയുമൊക്കെ പാസായി പുറത്തുവരാൻ തുടങ്ങി: ഉദ്യോഗചന്തയിൽ അവരും ആവശ്യക്കാരായി. ഇതേവരെ സാമാന്യം ഭേദപ്പെട്ട കുടുംബങ്ങളിലെ ചെറുപ്പക്കാർക്കുമാത്രമായി ഫലത്തിൽ പരിമിതപ്പെട്ടിരുന്ന ജോലി സാധ്യതകൾ ചാത്തന്റേയും കോരന്റേയും കുഞ്ഞിരാമന്റേയും മക്കൾക്കുകൂടി പങ്കിടേണ്ടിവരുന്ന സാഹചര്യം ഇതോടെ സംജാതമായി. പൊതുവിദ്യാഭ്യാസവും ഒരു പരിധിവരെ ഉന്നത വിദ്യാഭ്യാസവും വ്യാപകമായതിന്റെ അനന്തരഫല

ങ്ങൾ സർക്കാരുദ്യോഗം പങ്കിടുന്ന കാര്യത്തിൽ മാത്രമല്ല പ്രതി ഫലിച്ചതു്. സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിൽ അതുണ്ടാക്കിയ പ്രതികരണങ്ങൾ പ്രകടമായിരുന്നു. പഴയതുപോലെ തിരുവായ്ക്കെതിർവായില്ലാത്ത ഒരു കാലഘട്ടത്തിൽനിന്നും കാര്യങ്ങൾ വളരെയേറെ മുന്നോട്ടുപോയി. നമ്മുടെ കൺവെട്ടത്തിൽ, കഴിഞ്ഞ പത്തുമുപ്പതു വർഷങ്ങൾക്കിടയിൽ നടന്ന ഈ മാററങ്ങൾ അന്നേവരെ എല്ലാ സാമ്പത്തിക സൗകര്യങ്ങളും സാമൂഹ്യ സാംസ്കാരിക സൗകര്യങ്ങളും അട്ടിപ്പേരായനുഭവിച്ചുകൊണ്ടിരുന്നവർക്കു്, ഇഷ്ടപ്പെടുന്ന കാര്യമല്ലല്ലൊ. തങ്ങളുടെ അടിത്തറയിളക്കാൻപോന്ന സാമൂഹ്യപ്രബുദ്ധതക്കു് നല്ലൊരളവിൽ പ്രേരകമായ വിദ്യാഭ്യാസ വ്യാപനത്തോടും വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവല്ക്കരണത്തോടും ഭരണവർഗ്ഗമായ ഇക്കൂട്ടർക്കുള്ള പക ഉള്ളിൽ പുകഞ്ഞുകൊണ്ടിരിക്കുമെന്നതു് സ്വാഭാവികം. അതുകൊണ്ടുതന്നെ, ഏതു നിസ്സാരനും വിദ്യാഭ്യാസത്തിന്നവസരം നല്കുന്ന ഇന്നത്തെ സാഹചര്യത്തിന്നു് എങ്ങനെയെങ്കിലും അറുതിവരുത്തുകയെന്നതു് അവരുടെ രക്തത്തിൽ കലർന്ന ആഗ്രഹമാണു്. എന്നാൽ ജനങ്ങൾ അനുഭവിച്ചുവരുന്ന അവകാശങ്ങൾ ഒററയടിക്കില്ലാതാക്കുക പ്രയാസം. അതു വമ്പിച്ച പ്രത്യാഘാതങ്ങൾക്കിടയാക്കും. അതുകൊണ്ടു് വിദ്യാഭ്യാസച്ചെലവുകൾ വർദ്ധിപ്പിച്ചും വിദ്യാഭ്യാസ സൗകര്യങ്ങൾ സ്വകാര്യവല്ക്കരിച്ചും സൂത്രത്തിൽ അതിന്റെ ജനകീയസ്വഭാവം നശിപ്പിക്കുകയെന്നതാണു് അവരുടെ തന്ത്രം. സർക്കാരിന്റെ സഹായത്തോടെ വിദ്യാഭ്യാസ പരിഷ്കാരങ്ങളെന്നപേരും പറഞ്ഞു് കേരളത്തിലെ ഭരണവർഗ്ഗം ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നതിതാണു്. ആൾ പ്രമോഷൻ നിർത്തലാക്കുകയെന്ന പേരിൽ തുടങ്ങാനുദ്ദേശിച്ച അരിക്കൽ പരിപാടിയു, അംഗീകൃത സ്കൂളുകൾ കണ്ടമാനം അനുവദിക്കലും, സർക്കാർ വിദ്യാലയങ്ങൾ പൂട്ടലും, പാഠ്യപുസ്തകങ്ങളുടെ വിലവർദ്ധിപ്പിക്കലുമൊക്കെ ഈ ലക്ഷ്യം നേടാനുള്ള 'സമാധാനപരമായ' മാർഗ്ഗങ്ങളാണു്. കച്ചവടപരമായ ലാഭത്തേക്കാളുപരി, വിദ്യാഭ്യാസത്തിലെ വരേണ്യമേധാവിത്തം തിരിച്ചുപിടിക്കുകയെന്നതാണു് ഈ രംഗത്തു് കേരളത്തിൽ നടക്കുന്ന വൻതോതിലുള്ള സ്വകാര്യവല്ക്കരണത്തിന്റെ മുഖ്യലക്ഷ്യം. ഭരണവർഗ്ഗത്തിന്റെ ഈ താല്പര്യം നടപ്പിലാക്കലാണു്, നാം നേരത്തെക്കണ്ട വിദ്യാഭ്യാസ പരിഷ്കാരങ്ങളിൽകൂടി സർക്കാർ ചെയ്യുന്നതു്. കേരളത്തിൽ നട-

ക്കുന്ന പലതരം വിദ്യാഭ്യാസ പ്രക്ഷോഭങ്ങൾക്കിടയിലുള്ള കാതലായ പ്രശ്നം, വിദ്യാഭ്യാസരംഗത്തെ ജനാധിപത്യാവകാശങ്ങൾ തിരിച്ചുപിടിക്കാൻ ശ്രമിക്കുന്നവരുടേയും അവ നിലനിർത്താൻ ബദ്ധപ്പെടുന്നവരുടേയും താല്പര്യങ്ങൾ തമ്മിലുള്ള വൈരുദ്ധ്യമാണ്. ഭരണകൂടത്തിന്റെ തണലനുഭവിക്കുന്ന സമൂഹത്തിലെ മേല്പറഞ്ഞിക്കാർ നടത്തുന്ന ഏതു വിദ്യാഭ്യാസ പ്രവർത്തനത്തിലും വരേണ്യവല്ക്കരണത്തിനും അതിനുവേണ്ടിയുള്ള സ്വകാര്യവല്ക്കരണത്തിനും, കച്ചവടവല്ക്കരണത്തിനുമുള്ള ശ്രമങ്ങൾ ഒളിഞ്ഞും തെളിഞ്ഞും നിഴലിക്കും. അതുകൊണ്ടുതന്നെ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓർഡിനൻസുവഴി ഉന്നത വിദ്യാഭ്യാസരംഗത്തെ ജനാധിപത്യ സ്വഭാവം നശിപ്പിക്കാനുള്ള നീക്കവും, അംഗീകൃത സ്കൂളുകളനുവദിച്ച് രണ്ടുതരം വിദ്യാഭ്യാസമുണ്ടാക്കാനുള്ള ശ്രമവും രണ്ടു വിഭാഗങ്ങളിൽ നടക്കുന്ന പരസ്പരബന്ധമില്ലാത്ത പ്രവർത്തനങ്ങളായിക്കാണാൻ നമുക്കാവില്ല. ഒരേ ലക്ഷ്യം നേടാൻവേണ്ടി, വിദ്യാഭ്യാസത്തിന്റെ വിഭിന്നമണ്ഡലങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങളാണവ. അതുപോലെ, സ്വകാര്യസ്കൂളനുവദിപ്പിക്കുമ്പോഴുള്ള കച്ചവടക്കണ്ണുതന്നെയാണ് പ്രീഡിഗ്രി ബോർഡിനെ സ്വാഗതം ചെയ്യുമ്പോഴും, തല്പരകക്ഷികൾക്കുള്ളതെന്ന വസ്തുത, നാം മനസ്സിലാക്കാതിരുന്നുകൂടാ.

3. 'പണമുള്ളവർ പഠിച്ചാൽമതി'

കഴിഞ്ഞ മേയ്മാസം അവസാനവാരത്തിലൊരു ദിവസം 'പ്രൈവറ്റ്സ്കൂൾ പാരൻ്റ്സ്, ടീച്ചേഴ്സ് ആൻറ് മാനേജേഴ്സ്' എന്ന സംഘടന, തിരുവനന്തപുരത്തുവെച്ച് ഒരു പത്രസമ്മേളനം നടത്തുകയുണ്ടായി. കുപ്രസിദ്ധമായ കാർമൽ സംഭവത്തിനുശേഷം അംഗീകൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്കെതിരെ ധാരാളം ആക്ഷേപങ്ങൾ പല കോണുകളിൽനിന്നും ഉയരുന്നുണ്ടല്ലോ. അംഗീകൃത വിദ്യാലയങ്ങളിൽ ഫീസിന്റെ പേരിലും മറ്റു പലതിന്റെ പേരിലും കുട്ടികളിൽനിന്ന് ഓരോ മാസവും ധാരാളം പണം ഈടാക്കുന്നുവെന്ന സംഗതി ആർക്കും അറിയാത്തതല്ല. പരാതികൾക്കും പ്രതിഷേധങ്ങൾക്കും മറുപടി പറയാനായിരിക്കണം, അംഗീകൃതസ്കൂൾ മാനേജർമാരുടെ സംഘടന ഇപ്രകാരം ഒരു പത്രസമ്മേളനം വിളിച്ചത്. ആ സമ്മേളനത്തിൽ വിതരണം ചെയ്ത കുറിപ്പിൽ പറഞ്ഞ കാര്യങ്ങൾ പത്രങ്ങളിൽ വരികയുണ്ടായി.

'ഇവിടെ ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം കുട്ടികൾക്ക് നല്കുന്നത് അൺഎയ്ഡഡ് സ്കൂളുകളാണ്. മെച്ചപ്പെട്ട വിദ്യാഭ്യാസം ഒരിക്കലും കുറഞ്ഞവിലയ്ക്ക് ലഭിക്കില്ല. കാശുമുടക്കാൻ തയ്യാറില്ലാത്തവർക്ക് അവരുടെ കുട്ടികളെ സർക്കാർ സ്കൂളുകളിലേയ്ക്കയയ്ക്കാം' (മാതൃഭൂമി: മേയ് 29). പണമുള്ളവർക്കുവേണ്ടിയാണ് തങ്ങൾ വിദ്യാലയങ്ങൾ നടത്തുന്നതെന്ന് ഒരു പത്രസമ്മേളനം വിളിച്ചുകൂട്ടി ഉച്ചത്തിൽ പ്രഖ്യാപിക്കാൻ തയ്യാറായ അംഗീകൃതസ്കൂൾ മാനേജർമാരുടെ ആർജവം അഭിനന്ദനാർഹമാണ്. ഇതോടൊപ്പം ചേർത്തു മനസ്സിലാക്കേണ്ട മറ്റൊരു സംഭവം എറണാകുളത്തു നടക്കുകയുണ്ടായി: അംഗീകൃത സ്കൂളുകളുടെ പ്രവർത്തനം അലങ്കോലപ്പെടുത്താൻ ശ്രമിക്കുന്നവരിൽനിന്നും സ്ഥാപനങ്ങളെ രക്ഷിക്കാൻ ജില്ലാടിസ്ഥാനത്തിലും വിദ്യാലയങ്ങളെ കേന്ദ്രീകരിച്ചും 'വിദ്യാലയ രക്ഷാസേനകം' രൂപീകരിക്കാൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ അസോസിയേഷൻ കൊച്ചിയിൽവെച്ചു തീരുമാനിച്ചിരിക്കുന്നു.

പണമുള്ളവർക്കു പഠിക്കാൻ പ്രത്യേകം സ്കൂൾകൾ നടത്താനും അവയുടെ സംരക്ഷണത്തിനായി രക്ഷാസേനകൾ രൂപീകരിക്കാനും കഴിയുന്ന ഒരു സാഹചര്യം കേരളത്തിൽ വളർന്നുവന്നിരിക്കുന്നു. പണക്കാരായ രോഗികൾക്ക് സ്വകാര്യ ആസ്പത്രി, പാവപ്പെട്ടവർക്ക് ധർമാസ്പത്രി. പണക്കാരുടെ കുട്ടികൾക്ക് അംഗീകൃത ഇംഗ്ലീഷ് മീഡിയം സ്കൂൾകളിലെ മെച്ചപ്പെട്ട വിദ്യാഭ്യാസം; ദരിദ്രവാസികുട്ടികൾക്ക് സർക്കാർ സ്കൂൾകളിലെ സാധാരണ വിദ്യാഭ്യാസം. സർവ്വസാധാരണമായ ഈ ലോകതത്വം മനസ്സിലാക്കാത്ത കൂബുദ്ധികളായിരിക്കണം ഇംഗ്ലീഷ് മീഡിയം സ്കൂൾകൾക്കെതിരെ അപവാദങ്ങളുന്നയിക്കുന്നതും അവയുടെ പ്രവർത്തനം അലങ്കോലപ്പെടുത്താൻ ശ്രമിക്കുന്നതും.

'കാശില്ലാത്തവൻ സർക്കാർ സ്കൂളിൽപ്പോയി പഠിക്കട്ടെ' എന്ന് മാനേജർമാർ പറയുമ്പോൾ, അതനുസരിക്കുകയല്ലാതെ പാവപ്പെട്ടവർക്കുവേറെ വഴിയില്ല. എന്നാൽ ഓരോ വിദ്യാഭ്യാസ വർഷാരംഭത്തിലും, കുട്ടികൾ കുറവാണെന്നു പരാതി പറഞ്ഞ് അടച്ചുപൂട്ടപ്പെടുകയോ സ്വയം അടയുകയോ ചെയ്യാനുള്ള ബുദ്ധിപ്പാടിലാണ്, സർക്കാർ വിദ്യാലയങ്ങളെങ്കിൽ, പഠിക്കാൻ ഈ സാധുക്കുട്ടികൾ എവിടെപ്പോകും? പണമുള്ളവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ഏർപ്പെടുത്താൻ അംഗീകാരം നല്കുന്നതോടൊപ്പം, പാവ

പ്പെട്ടവർക്ക് പഠിക്കാനുള്ള ചുരുങ്ങിയ ഏർപ്പാടുകളെങ്കിലും നില നിർത്താനുള്ള ബാധ്യത സർക്കാരിനില്ലേ? ഒരു കൈകൊണ്ട് ധാരാളം അംഗീകൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകളനുവദിക്കുകയും മറുകൈകൊണ്ട് സർക്കാർ വിദ്യാലയങ്ങൾ അടച്ചിടാൻ തയ്യാറാവുകയും ചെയ്യുന്ന ഗവണ്മെന്റിന്റെ തീരുമാനം, പണമില്ലാത്തവൻ പാഠിക്കേണ്ടെന്നു തന്നെയാണോ? ഇതിനെയാണോ വിദ്യാഭ്യാസത്തിലെ അവസരസമത്വം എന്നു പറയുക? അംഗീകൃത വിദ്യാലയങ്ങൾ അനുവദിക്കുകയും സർക്കാർ വിദ്യാലയങ്ങൾ പൂട്ടുകയും ചെയ്യുന്ന സർക്കാരിന്റെ ഈ സമീപനം, 'ആറുവയസ്സിനും പതിനാലുവയസ്സിനും ഇടയിലുള്ള എല്ലാ കുട്ടികൾക്കും നിർബ്ബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം' എന്ന ഭരണഘടനാ വാഗ്ദാനവുമായി എത്രമാത്രം പൊരുത്തപ്പെടുന്നുണ്ടെന്നതാണ് കാതലായ പ്രശ്നം.

ഭരണഘടന നൽകുന്ന ഉറപ്പനുസരിച്ച് ഇന്ത്യയിലെ ഏതൊരു കുട്ടിക്കും എട്ടാംക്ലാസുവരെ സൗജന്യവിദ്യാഭ്യാസം ലഭിക്കാൻ അർഹതയുണ്ട്. സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഏതൊരു വിദ്യാലയത്തിനും ഇതു നൽകാനുള്ള ബാധ്യതയുമുണ്ട്. കേരളത്തിലാണെങ്കിൽ പത്താംക്ലാസുവരെ വിദ്യാഭ്യാസം സൗജന്യമാണ്. എന്നാൽ, സർക്കാരിൽനിന്നും സാമ്പത്തികാനുകൂല്യം വാങ്ങുന്നില്ലെന്ന കാരണത്താൽ അംഗീകൃത വിദ്യാലയങ്ങൾ നഴ്സറി ക്ലാസുമുതൽ കുട്ടികളിൽനിന്നും ഫീസീടാക്കുന്നു. അതും വമ്പിച്ച ഫീസ്. ഫീസുകൊടുക്കാൻ കഴിവുള്ളവർക്കു മാത്രമേ ഇത്തരം സ്ഥാപനങ്ങളുടെ പടികയറാൻ പറ്റൂ. കുട്ടികൾക്ക് പൊതുവിദ്യാഭ്യാസം സൗജന്യമായി നേടാനുള്ള അവസരം നഷ്ടപ്പെടുത്തുക മാത്രമല്ല, അംഗീകൃത വിദ്യാലയങ്ങൾ ചെയ്യുന്നത്. സമീപത്തുള്ള സർക്കാർ വിദ്യാലയങ്ങളുടേയും എയ്ഡഡ് സ്കൂളുകളുടേയും പ്രവർത്തനം അവ വികലമാക്കുന്നു. റിസൽട്ടില്ലാതെയും കുട്ടികളില്ലാതെയും കാലക്രമത്തിൽ അവ അടച്ചിടേണ്ട സ്ഥിതിയിലെത്തും. മറ്റു വിദ്യാലയങ്ങളുടെ ചെലവിൽ, അവയുടെ പ്രവർത്തനം വികലമാക്കിക്കൊണ്ട് വളരുന്ന അംഗീകൃത വിദ്യാലയങ്ങൾ ഫലത്തിൽ ചെയ്യുന്നത് സൗജന്യവിദ്യാഭ്യാസം നേടാൻ സാധുകുട്ടികൾക്കുള്ള അവസരം ഇല്ലാതാക്കുകയാണ്. ഈ നിലക്ക് അംഗീകൃത വിദ്യാലയങ്ങൾ നടത്തുന്നവരും, അവയ്ക്കംഗീകാരം നൽകുന്നവരും, എട്ടാംക്ലാസുവരെ സൗജന്യ വിദ്യാഭ്യാസം നേടാൻ പാവപ്പെട്ടവർക്കുള്ള ഭരണഘടനാപരമായ അവകാശം നിഷേധിക്കുക

യാണ്; ഈ അവകാശം തിരിച്ചുപിടിക്കുകയാണ്. സാധാരണക്കാരന്റെ വിദ്യാഭ്യാസാവകാശങ്ങളിന്മേലുള്ള ഈ കടന്നുകയറ്റം വളർന്നുവളർന്നു, ''പണമില്ലാത്തവർ, വല്ല സർക്കാർ സ്കൂളുകളിലും പോയി പഠിക്കട്ടെ'' എന്നുറക്കെ പ്രഖ്യാപിക്കാനുള്ള ധിക്കാരംവരെ ആയി. സംഘടിത സ്വകാര്യ ഏജൻസികളും കാണിക്കുന്ന ഈ ധിക്കാരവും അതിനു് അധികാരസ്ഥാനങ്ങളിൽനിന്നു ലഭിക്കുന്ന പ്രോത്സാഹനവുമാണ് കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ ബാധിച്ചിരിക്കുന്ന ഏറ്റവും ഗുരുതരമായ വിപത്തു്.

4. അംഗീകൃത വിദ്യാലയങ്ങളും സമാന്തര സംവിധാനവും:

കേരളത്തിൽ ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം കുട്ടികൾക്കു ലഭിക്കുന്നതു് അംഗീകൃതസ്കൂളുകളിൽനിന്നാണെന്നു്, ഈ സ്ഥാപനങ്ങളുടെ ഉടമസ്ഥന്മാർ അവകാശപ്പെടുന്നു. മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനു് അല്പം വില കൂടുതൽ കൊടുക്കുന്നതിൽ യാതൊരപാകതയുമില്ലെന്നാണ് അവരുടെ പക്ഷം. ഓരോ വർഷവും എസ്. എസ്. എൽ. സി റിസൽട്ട് വരുമ്പോഴും. ഉയർന്ന വിജയശതമാനം കാഴ്ചവെക്കുന്നതു് അംഗീകൃത വിദ്യാലയങ്ങളായതുകൊണ്ടു്, ഇവരുടെ അവകാശവാദത്തിൽ കാമ്പുണ്ടെന്നു് പല രക്ഷിതാക്കളും ധരിച്ചുപോകുന്നു. നല്ല റിസൽട്ടിനുപിന്നിൽ നടക്കുന്ന അന്തർനാടകങ്ങളും അവരുണ്ടോ അറിയുന്നു. തിരുവനന്തപുരത്തെ കാർമൽ സ്കൂൾ സംഭവത്തിനുശേഷം, ആ വിദ്യാലയത്തിനുമുമ്പിൽ കുട്ടികളുടെ പിക്കറ്റിങ്ങ് നടക്കുമ്പോഴും അതിനിടയിൽക്കൂടി ചാടിക്കടന്നിട്ടുപോലും കുട്ടികളെ ചേർക്കാൻ കൊണ്ടുപോകുന്ന രക്ഷിതാക്കളുടെ വെപ്രാളത്തെക്കുറിച്ചു് റിപ്പോർട്ടുകളുണ്ടായിരുന്നു. അല്പം ഭേദപ്പെട്ട രക്ഷിതാക്കൾക്കാണ് അംഗീകൃത വിദ്യാലയങ്ങളോടു പ്രേമം കൂടുതൽ. ഉയർന്ന ഉദ്യോഗസ്ഥന്മാരും പുത്തൻ പണക്കാരുമാണിവയെ നിലനിർത്തുന്നതു്. അവരെ അനുകരിച്ചു്, കഷ്ടി പിഷ്ടിയായി ജീവിതംനയിക്കുന്ന സാധാരണക്കാർപോലും, നിവൃത്തിയുണ്ടെങ്കിൽ തങ്ങളുടെ മക്കൾക്കും അംഗീകൃത വിദ്യാലയങ്ങളിലെ 'മെച്ചപ്പെട്ട വിദ്യാഭ്യാസം' നൽകിയാൽ കൊള്ളാമെന്നാഗ്രഹിച്ചു തുടങ്ങിയിട്ടുണ്ടു്. ''തങ്ങളുടെ മക്കളെങ്കിലും രക്ഷപ്പെടട്ടെ''

എന്ന സ്വകാര്യ ചിന്തയേക്കാളേറെ ''യഥാർത്ഥ വിദ്യാഭ്യാസ'' മെന്നതു് അംഗീകൃത ഇംഗ്ലീഷ്മീഡിയം സ്കൂളുകളിൽനിന്നു ലഭിക്കുന്നതാണെന്ന സംഘടിതപ്രചരണമാണിവരെ ഈ വഴിക്കു തിരിച്ചുവിടുന്നതു്.

കഷ്ടപ്പാടിനും പ്രാരാബ്ധങ്ങൾക്കുമിടയിൽ, സ്വന്തം മക്കളെ അംഗീകൃത വിദ്യാലയങ്ങളിലയച്ചു് സായൂജ്യമടയുന്ന സാധാരണക്കാരായ രക്ഷിതാക്കളെ ഒന്നു ധരിക്കണം. ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലയച്ചാൽപ്പോലും വരേണ്യക്കുട്ടികളോടൊപ്പം ഓടിയെത്താൻ നിങ്ങളുടെ കുട്ടികൾക്കാവില്ല. അവരുടെ വിധി, ഇവിടുത്തെ സാധാരണക്കാരന്റേതു തന്നെയാണു്. അംഗീകൃത ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളും ഇവിടുത്തെ പൊതുവിദ്യാഭ്യാസത്തിനും പൊതുവിൽ നാടിന്റെ സംസ്കാരത്തിനും ഏല്പിക്കുന്ന ആഴമുള്ള മുറിവു് നിങ്ങൾ കാണുന്നില്ല. സാധാരണക്കാർക്കു വേണ്ടിയുള്ള പൊതുവിദ്യാഭ്യാസ സംവിധാനത്തെ പൊളിക്കാനും, വരേണ്യ വിഭാഗത്തിനു മാത്രമായി ഒരു പ്രത്യേക വിദ്യാഭ്യാസസംവിധാനമുണ്ടാക്കാനുമുള്ള ഏറ്റവും ഫലപ്രദമായ ഉപാധികളാണു് അംഗീകൃത വിദ്യാലയങ്ങൾ.

കേരളത്തിലിപ്പോൾ 285 അംഗീകൃത വിദ്യാലയങ്ങളുണ്ടു്. ഈ വിദ്യാലയങ്ങളിലെല്ലാംകൂടി 135000 കുട്ടികൾ പഠിക്കുന്നു. 1981–82 വിദ്യാഭ്യാസ വർഷത്തിൽ അംഗീകൃത വിദ്യാലയങ്ങളുടെ എണ്ണം 131 ആയിരുന്നു. അവയിലെ കുട്ടികളുടെ സംഖ്യ 65000. ഓരോ വർഷവും കൂടുതൽക്കൂടുതൽ അംഗീകൃതസ്കൂളുകൾ അനുവദിക്കുക എന്നതാണു് ഗവണ്മെന്റിന്റെ നയം. ഈ വർഷം 150 എണ്ണംകൂടി പുതുതായി അനുവദിക്കുമെന്നറിയുന്നു. ഇതോടെ അംഗീകൃതസ്കൂളുകളിൽപ്പോകുന്ന കുട്ടികളുടെ സംഖ്യ രണ്ടുലക്ഷത്തിൽ കവിയും. അപ്പോൾ സ്കൂളിൽപ്പോകുന്ന കുട്ടികളുടെ നാലു ശതമാനത്തോളം അംഗീകൃത വിദ്യാലയങ്ങളിലെ കുട്ടികളായിരിക്കും.

സർക്കാരിന്റെ സാമ്പത്തികബാധ്യതയൊന്നുമില്ലാത്തതിനാൽ എയ്ഡഡ് സ്കൂളുകൾ അനുവദിക്കാനുള്ള ചട്ടവട്ടങ്ങളും നടപടിക്രമങ്ങളും അംഗീകൃത സ്കൂളുകളനുവദിക്കാനാവശ്യമില്ല. സർക്കാരിൽനിന്നു് ഒരുപൈസപോലും വാങ്ങാതെ അദ്ധ്യാപകർക്കുള്ള ശമ്പളംപോലും സ്വന്തം കയ്യിൽനിന്നു കൊടുത്തുകൊണ്ടു് വിദ്യാ

ഭ്യാസ പ്രചരണത്തിന്നു സന്നദ്ധരാകുന്നവരെ—അതും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ—പ്രോത്സാഹിപ്പിക്കുകയല്ലേ വേണ്ടതെന്നാണ് അംഗീകൃതസ്കൂളുകൾ അനുവദിക്കുന്നതിനെക്കുറിച്ചുള്ള അധികൃത വ്യാഖ്യാനം. ഇന്നാണെങ്കിൽ, പഴയ കാലത്തേതുപോലെ എയ്ഡഡ്സ്കൂളുകളുകൾക്കുവേണ്ടിയുള്ള പിടിവലിയില്ല. വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ സന്നദ്ധരായി വരുന്നവർക്കൊക്കെ അംഗീകൃതസ്കൂളുകളേ വേണ്ടൂ. നിലവിലുള്ള എയ്ഡഡ് സ്കൂളുകൾ വല്ലവിധേനയും നിർത്തി, തലസ്ഥാനത്തു് അംഗീകൃത വിദ്യാലയം ആരംഭിക്കാനാലോചിക്കുന്നവരുമുണ്ട്. അംഗീകൃത വിദ്യാലയം നടത്താൻവേണ്ടി എത്ര മുതലിറക്കാനും തല്പരകക്ഷികൾ തയ്യാറാണ്.

സർക്കാരിൽനിന്നു ലഭിക്കുന്ന ഗ്രാൻറും അദ്ധ്യാപകരുടെ ശമ്പളവും വേണ്ടെന്നുവെച്ച്, ഇതൊന്നുമല്ലാത്ത അംഗീകൃതസ്കൂളുകൾ മതി തങ്ങൾക്കെന്നു് വിദ്യാഭ്യാസപ്രേമികൾ തീരുമാനിക്കാൻ കാരണമെന്താണ്?

നാട്ടുകാരെ വിദ്യാഭ്യാസംചെയ്യിക്കാൻവേണ്ടി കറകളഞ്ഞ സേവനസന്നദ്ധത മാത്രമാണോ ഇതിൻെറ പിറകിലുള്ളതു്?

മെയ് 20—ാം തിയ്യതിയിലെ ഹിന്ദുപത്രത്തിനു് ''സനാതന ധർമ്മ ഗുരുകുലം ലിമിററഡ്'' എന്ന കമ്പനിയുടെ ഒരു പരസ്യമുണ്ട്. ഈ കമ്പനി ആരംഭിക്കാനുദ്ദേശിക്കുന്ന ത്രിവേണി സ്കൂളിനുവേണ്ടി പത്തു രൂപ വിലയുള്ള ഇരുപത്തിനാലു ലക്ഷം ഷെയറുകൾ വിൽക്കാൻ അവർ തയ്യാറാണെന്നതാണ് പരസ്യത്തിൻെറ ഉള്ളടക്കം. ഷെയറുടമകൾക്കു് പ്രതിവർഷം പതിനഞ്ചു ശതമാനം ഡിവിഡണ്ട് നൽകുമെന്നു് കമ്പനി വാഗ്ദാനംചെയ്യുന്നു. അയ്യായിരം കുട്ടികൾക്കു പഠിക്കാവുന്ന ഒരു സ്ഥാപനമാണ് ത്രിവേണി സ്കൂൾ. ഇരുപത്തിനാലുലക്ഷം പത്തുരൂപാ ഷെയറിനു് 15 ശതമാനംവീതം ഡിവിഡൻഡു കൊടുക്കണമെങ്കിൽ എല്ലാ ചെലവും കഴിച്ചു് കമ്പനിക്കു് 36 ലക്ഷംരൂപ ലാഭമുണ്ടാകണം. അയ്യായിരം കുട്ടികളിൽനിന്നുണ്ടാക്കാനുദ്ദേശിക്കുന്ന ലാഭമാണിതെന്നോർക്കണം. അംഗീകൃത വിദ്യാലയങ്ങൾ നടത്തുന്ന സേവനത്തിൻെറ മാതൃകയാണിക്കണ്ടതു്. വിദ്യാഭ്യാസമെന്നതു് നമ്മുടെ

നാട്ടിൽ ഒരു വ്യാപാരവും വ്യവസായവുമായി മാറിക്കൊണ്ടിരിക്കുകയാണു്. വൻലാഭം കൊയ്യാൻ പറ്റുന്ന ഈ വ്യവസായത്തിന്റെ ഏറ്റവും ഫലപ്രദമായ രംഗമാണു് അംഗീകൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ. വിദ്യാഭ്യാസച്ചട്ടങ്ങൾ ബാധകമല്ലാത്തതുകൊണ്ടു് കുട്ടികളിൽനിന്നും കണ്ടമാനം തുക പല പേരും പറഞ്ഞു് വസൂലാക്കിയും അദ്ധ്യാപകർക്കു് വളരെക്കുറഞ്ഞ ശമ്പളം കൊടുത്തും, അംഗീകൃത സ്ഥാപനങ്ങളുടെ മുതലാളിമാർ ലാഭമുണ്ടാക്കുന്നു. ചോദിക്കുന്ന പണം കൊടുക്കാൻ തയ്യാറാവാത്ത വിദ്യാർത്ഥികൾ രക്ഷിതാവിനു മുണ്ടാകുന്ന അനുഭവത്തിന്റെ പുറത്തുവന്ന മാതൃകയാണു് കാർമൽ സ്കൂളിലെ വന്ദനമേനോൻ സംഭവം. വിദ്യാഭ്യാസത്തെ കച്ചവടച്ചരക്കാക്കുന്നുവെന്നതു മാത്രമല്ല, അംഗീകൃത വിദ്യാലയങ്ങൾ സൃഷ്ടിക്കുന്ന അപകടം. നമ്മുടെ സാംസ്കാരിക മണ്ഡലത്തിൽ ആഴത്തിൽ വേരോടി, ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ അവയ്ക്കു കഴിയും.

1. അന്യത്ര സൂചിപ്പിച്ചതുപോലെ, അംഗീകൃതവിദ്യാലയങ്ങൾ, സൗജന്യവിദ്യാഭ്യാസം നേടാൻ കുട്ടികൾക്കു് ഭരണഘടനാപരമായി ലഭിച്ച അവകാശവും സന്ദർഭവും നഷ്ടപ്പെടുത്തുന്നു. പണമുള്ളവർക്കു മാത്രമല്ല, കാശുകൊടുത്തു പഠിക്കാൻ കഴിയാത്ത സാധുകുട്ടികൾക്കുകൂടി സൗജന്യവിദ്യാഭ്യാസം ലഭിക്കാനുള്ള സൗകര്യം അംഗീകൃത വിദ്യാലയങ്ങൾമൂലം ഇല്ലാതാകുന്നുവെന്നതാണു് ഏറെ വേദനകരം. പുതുതായി നൂറമ്പതു് അംഗീകൃത വിദ്യാലയങ്ങൾ അനുവദിക്കാനും മുന്നൂറ് സർക്കാർ സ്കൂളുകൾ അൺഇക്കണോമിക്കായി പ്രഖ്യാപിച്ചു് അടച്ചുപൂട്ടാനുമുള്ള സർക്കാർ തീരുമാനം ഒരേ കാലത്തുണ്ടായതു് യാദൃശ്ചികമല്ല. രണ്ടും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണു്. അംഗീകൃത സ്കൂളുകൾ വർദ്ധിക്കുന്നതോടൊപ്പം സർക്കാർ സ്കൂളുകൾ ഇല്ലാതാവുന്നു. അംഗീകൃത സ്കൂളുകൾ പ്രവർത്തിക്കുന്നിടത്തെല്ലാം അവയിലെ മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനു വേണ്ടി കുട്ടികളെ ചേർക്കാൻ ഇടത്തരക്കാരായ രക്ഷിതാക്കൾപോലും സംഭാവനയുമായി ക്യൂ നില്ക്കുന്നു. മിക്കവാറും മിടുക്കന്മാരായ കുട്ടികളെയെല്ലാം, കാന്തം ഇരുമ്പിനെയെന്നതുപോലെ ആകർഷിച്ചെടുക്കാൻ അംഗീകൃത വിദ്യാലയങ്ങൾക്കു കഴിയുന്നു. സ്വാഭാവികമായും തൊട്ടടുത്തുള്ള സർക്കാർ വിദ്യാലയത്തിൽ, സാമ്പത്തികശേഷിയും നിലവാരവും കുറഞ്ഞ കുട്ടികളാണടിഞ്ഞുകൂടുക. അവരുടെ

സംഖ്യതന്നെ കുറഞ്ഞുവരുന്നു. ഏറ്റവും മെച്ചപ്പെട്ടവരെവെച്ചു നൂറുശതമാനം റിസൽട്ടുണ്ടാക്കുകയും അതു മെച്ചമല്ലെന്നു തോന്നിയാൽ കുട്ടിയെ പരീക്ഷക്കിരുത്താതിരിക്കുകയുംചെയ്യാനുള്ള അവകാശവും സ്വാതന്ത്ര്യവും സർക്കാർ വിദ്യാലയങ്ങൾക്കില്ലല്ലൊ. അതുകൊണ്ടുതന്നെ അംഗീകൃത വിദ്യാലയങ്ങളോടു മത്സരിച്ച് ''നൂറുശതമാനം കാണിക്കാൻ'' ഒരിക്കലും സർക്കാർ വിദ്യാലയങ്ങൾക്കാവില്ല. മോശമായ പഠനസൗകര്യങ്ങളും, സമയത്തിനു അദ്ധ്യാപകരെ കിട്ടായ്മയുമൊക്കെക്കൂടി, റിസൽട്ടു കുറയുന്നതുമൂലം, സർക്കാർ വിദ്യാലയങ്ങളിലെ കുട്ടികളുടെ സംഖ്യ വീണ്ടും കുറയുന്നു. സർക്കാർ വിദ്യാലയങ്ങളൊക്കെ കാശിനു കൊള്ളാത്തവയാണെന്ന സംഘടിതപ്രചരണം, ഇക്കാര്യത്തിൽ വേണ്ടതിലേറെ സഹായകമാകുന്നുണ്ട്. കുട്ടികളുടെ എണ്ണം ഒരു നിശ്ചിതസംഖ്യയിൽ കുറഞ്ഞാൽ, അൺഇക്കണോമിക്ക് എന്ന പേരുംപറഞ്ഞു് സർക്കാർ അത്തരം സ്കൂളുകളും നിറുത്തലാക്കും. ഇതോടെ അവശേഷിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസസാദ്ധ്യതയും നഷ്ടപ്പെടുന്നു. കാശുള്ളവർക്ക് എവിടെപ്പോയും പഠിക്കാം. എന്നാൽ, തൊട്ടടുത്തു് സ്കൂളുള്ളതുകൊണ്ടുമാത്രം പഠിക്കുന്നവരാണു് സാധാരണക്കാരുടെ കുട്ടികളും. അടുത്തുള്ള വിദ്യാലയം അടച്ചുകയോ സ്വയം അടയുകയോ ചെയ്യുന്നതോടെ, പഠനം നിർത്തുന്നവരുടെ വിദ്യാഭ്യാസം തടസ്സപ്പെടുന്നതിനു് ആരാണുത്തരവാദി? ചന്ദനമരംപോലെ മറ്റുള്ളവയുടെ വളം വലിച്ചെടുത്തു വളരുന്ന അംഗീകൃതസ്ഥാപനങ്ങളോ, അവയെ തഴച്ചുവളരാനനുവദിക്കുന്ന ഭരണാധികാരികളോ?

2. ഭരണഘടനാദത്തമായ അവകാശങ്ങളെ അതിലംഘിച്ചുപോലും നാട്ടിലാകെ അംഗീകൃത വിദ്യാലയങ്ങൾ സംഘടിപ്പിക്കാൻ തല്പരകക്ഷികളെ സർക്കാരിനെ പ്രേരിപ്പിക്കുന്നതെന്തിനാണു്? മെച്ചപ്പെട്ട വിദ്യാഭ്യാസം പ്രചരിപ്പിച്ചു് നാടിനേയും നാട്ടുകാരേയും സേവിക്കുക എന്ന പരമവിശുദ്ധമായ സാമൂഹ്യലക്ഷ്യമാണോ ഇതിന്റെ പിറകിലുള്ളതു്? ഏറ്റവും ലാഭം നല്കുന്ന കച്ചവടമാണു് വിദ്യാഭ്യാസക്കച്ചവടം. വിദ്യാഭ്യാസരംഗത്തെ കച്ചവടവല്ക്കരണത്തിന്റെ ഏറ്റവും ആപൽക്കരമായ രൂപമാണു് അംഗീകൃത സ്കൂളുകളും. കച്ചവടത്തിനാളെ കൂട്ടാനുള്ള ഏറ്റവും നല്ലമാർഗ്ഗങ്ങളാണു്, ഇംഗ്ലീഷ്മീഡിയവും, മെച്ചപ്പെട്ട വിദ്യാഭ്യാസമെന്ന, പ്രചാരണവും, നൂറുശതമാനം റിസൽട്ടുമൊക്കെ. പഴയ കൊളോണിയൽ അടിമത്ത

ബോധത്തിന്റെ ബാക്കിയും, സ്വന്തം മക്കളുടെ ഭാവിയെക്കുറിച്ചുള്ള അമിതമായ ഉൽക്കണ്ഠയുമൊക്കെ, പറയുന്ന വിലകൊടുത്തു് അംഗീകൃത വിദ്യാഭ്യാസം വാങ്ങാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നു. അയ്യായിരം കുട്ടികളിൽനിന്നു് പ്രതിവർഷം 36 ലക്ഷം രൂപ ലാഭമുണ്ടാക്കാൻ കഴിയുമെന്നു് പരസ്യപ്പെടുത്താൻ ധൈര്യപ്പെടുന്ന തിരുവേണി സ്റ്റുഡിയോ വിദ്യാഭ്യാസക്കച്ചവടത്തിന്റെ ഒന്നാംതരം മാതൃകയാണു്. സ്വകാര്യ എഞ്ജിനീയറിംഗ് കോളേജുകളുടെ 'സേവന'ത്തിനു് അഖിലേന്ത്യാടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ച ഈ സാഹചര്യത്തിൽ, കച്ചവടവിദ്യാഭ്യാസക്കാർക്ക് എങ്ങനെയും തഴച്ചുവളരാനുള്ള സൗകര്യം വർദ്ധിച്ചിരിക്കുകയാണു്, കേരളത്തിൽ. തിരുവേണികളെത്തോല്പിക്കുന്നവിധത്തിൽ തങ്ങളുടെ പരീക്ഷാ മാർക്കറ്റിൽ വില്പനയുള്ളവൈഭവം, കേരളത്തിലെ അംഗീകൃതവിദ്യാലയങ്ങൾക്കുണ്ടു്. വിദ്യാഭ്യാസനിയമത്തിന്റെ പരിധിയില്പെടാത്തതിനാൽ, അംഗീകൃതവിദ്യാലയങ്ങളിൽ വില്പനവിദ്യാഭ്യാസത്തിനുകുട്ടികളിൽനിന്നും എന്തുവിലവേണമെങ്കിലും ഈടാക്കാം. പ്രവേശനത്തിനു സംഭാവനയായും, പലതരം ഫീസുകളായും, പ്രത്യേകാവശ്യങ്ങൾക്കുള്ള പണപ്പിരിവായും അതവർ മുറപോലെ ഈടാക്കുന്നുമുണ്ടു്. ആവശ്യപ്പെടുന്ന തുക കൊടുക്കാൻ വൈമനസ്യം കാണിക്കുന്ന കുട്ടികളെ രക്ഷിതാവിനുമുണ്ടാകാവുന്ന ദുരന്തത്തിന്റെ രക്തസാക്ഷികളാണല്ലൊ കാർമൽ സ്കൂളിലെ വന്ദനയും മാതാവും. ഇതുയേറെ പ്രകടമായിട്ടല്ലെങ്കിലും, ആവശ്യപ്പെട്ട തുക നല്കാൻ വൈമനസ്യം കാണിക്കുന്നവരോടുള്ള പകപോക്കൽ, പല അംഗീകൃത വിദ്യാലയങ്ങളിലും നടക്കുന്നുണ്ടു്. വേണ്ടത്ര വിദ്യാഭ്യാസ യോഗ്യതയില്ലാത്ത അദ്ധ്യാപകരെ നിയമിച്ചു്, അവർക്കു് നിസ്സാര ശമ്പളം കൊടുത്തു് മുതലുട്ടെപണിയെടുപ്പിക്കലാണു് അംഗീകൃത വിദ്യാലയങ്ങളിലെ മറ്റൊരു വരുമാനമാർഗ്ഗം. ടെയിനീങ്ങിനയയ്ക്കാമെന്ന വാഗ്ദാനത്തിന്മേൽ, അദ്ധ്യാപകരിൽനിന്നും നിയമനത്തിനു കോഴവാങ്ങുന്ന മാനേജ്മെന്റുകൾ ചില അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിച്ചിട്ടുണ്ടെന്നറിയുന്നു. ഏറ്റവും മനുഷ്യത്വരഹിതമായ രീതിയിൽ വിദ്യാഭ്യാസക്കച്ചവടം നടത്തുന്നവർ, അതു മറച്ചുപിടിക്കാൻ ശ്രമിക്കുന്നതിനു പകരം, ഒരു പത്രസമ്മേളനം വഴി തങ്ങളുടെ നടപടിയെ ന്യായീകരിക്കാൻ ശ്രമിക്കുകയും, അതിൽ പ്രതിഷേധിക്കുന്നവരെ നേരിടാൻ സംരക്ഷണസേന രൂപീകരിക്കുകയും ചെയ്യുന്ന ധിക്കാര

മാണ്. നാം കേരളത്തിൽ കാണുന്നത്. ഓരോ വിഭാഗവും അവരവരുടെ ആവശ്യത്തിനുവേണ്ടി സേന രൂപീകരിക്കുകയാണെങ്കിൽ, പട്ടാളത്തിനേറെയും പോലീസിനേറെയും നിയമസമാധാന പാലനത്തിനേറെയും ആവശ്യമെന്തു്? ഭാവനാഘടനാപരമായ അവകാശം അവഗണിക്കാനും, നിയമം കയ്യിലെടുക്കുമെന്ന പരസ്യമായി പ്രഖ്യാപിക്കാനുമുള്ള തിണ്ണബലം, കച്ചവട വിദ്യാഭ്യാസക്കാരായ അംഗീകൃത സ്ഥാനം മേധാവികൾക്കെങ്ങനെ കൈവന്നു?

3. കേരളത്തിലെ സമ്പന്നവിഭാഗവും വരേണ്യവർഗ്ഗവും നൽകുന്ന സുശക്തമായ പിന്തുണയാണു്, ജനങ്ങളേയും ജനങ്ങളുടെ വിദ്യാഭ്യാസാവകാശങ്ങളേയും പരസ്യമായി വെല്ലുവിളിക്കാനുള്ള കരുത്തു്, അംഗീകൃത വിദ്യാഭ്യാസക്കച്ചവടക്കാർക്കു നല്കുന്നതു്. ഇവിടെ അംഗീകൃത വിദ്യാലയങ്ങളും വളരേണ്ടതു്, വരേണ്യ വിഭാഗത്തിന്റെ താല്പര്യവും ആവശ്യവുമാണു്. കഴിഞ്ഞ ഏതാനും വർഷങ്ങളായി പൊതുവിദ്യാഭ്യാസം——ജനകീയവല്ക്കരിക്കപ്പെട്ടതോടെ, തങ്ങളുടെ മക്കൾക്കുവേണ്ടി പ്രത്യേകം ഒരു വിദ്യാഭ്യാസ സംവിധാനം കെട്ടിപ്പടുക്കേണ്ടതു് കേരളത്തിലെ പ്രമാണിവർഗ്ഗത്തിന്റെ ആഗ്രഹവും ആവശ്യവുമായിമാറി. ഏറെക്കാലം തങ്ങൾ അടിച്ചമർത്തിവെച്ചിരുന്ന കൃഷിക്കാരന്റേയും തൊഴിലാളിയുടേയും സന്താനങ്ങളോടൊപ്പമിരുന്നു്, അവർക്കു് നല്കപ്പെടുന്ന അതേ വിദ്യ തങ്ങളുടെ മക്കളും അഭ്യസിക്കേണ്ടിവരികയെന്നതു്, ഇക്കൂട്ടർക്കു് ആലോചിക്കാവുന്നതിന്നപ്പുറമാണു്. അതുകൊണ്ടുതന്നെ തങ്ങളുടെ മക്കൾക്കു് വിദ്യാഭ്യാസം ചെയ്യാൻ, സാധാരണക്കാരന്റെ കുട്ടികളുടേതിൽനിന്നു് കുറേകൂടി മെച്ചപ്പെട്ട ഒരു സംവിധാനം രൂപപ്പെടുത്താനുള്ള ഏതൊരു ശ്രമത്തേയും അവർ കൈമെയ് മറന്നു് പിന്തുണയ്ക്കും. അതിനുവേണ്ടി എന്തു ചെലവുവന്നാലും അവർ സഹിക്കും. ഉയന്ന ഫീസും മറ്റു ചെലവുകളുമുണ്ടായിട്ടും, നാട്ടിൽ കൂടുതൽ അംഗീകൃത വിദ്യാലയങ്ങളും ഉയന്നുവരുന്നതിന്റെ സാമൂഹ്യ സാഹചര്യം ഇതാണു്. നാട്ടിലെ വരേണ്യവിഭാഗം തങ്ങൾക്കുവേണ്ടി തയ്യാറാക്കുന്ന ഒരു സമാന്തര വിദ്യാഭ്യാസ സംവിധാനത്തിന്റെ പ്രതീകമാണു് അംഗീകൃത ഇംഗ്ലീഷ് മീഡിയം സ്ഥാനം. നമ്മുടേതുപോലുള്ള ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ, വിദ്യാഭ്യാസ അവകാശങ്ങളും എല്ലാവർക്കും തുല്യമായിരിക്കണം. ഒരു വിഭാഗത്തിനുമാത്രം മെച്ചപ്പെട്ട സൗകര്യങ്ങളും മെച്ചപ്പെട്ട വിദ്യാഭ്യാസവും

നല്ലകയെന്നതു് വിദ്യാഭ്യാസാവകാശങ്ങളുടെ ലംഘനമാണു്. ഒരു ജനാധിപത്യ സർക്കാരിനും ഇതു പൊറുപ്പിക്കാൻ കഴിയില്ല. എന്നിട്ടും കേരള സർക്കാർ, അംഗീകൃത വിദ്യാലയങ്ങളും നടത്തുന്ന എല്ലാ പൊവ്വില്ലായ്മകളും കണ്ടില്ലെന്നു നടിക്കുകയും, അവയ്ക്കു വളരാനും പെരുകാനുമുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും ചെയ്യുന്നതെന്തുകൊണ്ടാണെന്നു് നാം അന്വേഷിച്ചേ തീരൂ. വരേണ്യ വർഗ്ഗ താല്പര്യങ്ങളും ഉള്ളിലൊതുക്കിക്കഴിയുന്ന ഉദ്യോഗസ്ഥവൃന്ദത്തിനും, സർക്കാരിനും മറ്റെന്താണു് ചെയ്യാൻ കഴിയുക? പബ്ലിക് സ്കൂളുകളെപ്പോലെ രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന പ്രത്യേകതരം സ്കൂളുകളും നിലനിറുത്തണമെന്നു്, രണ്ടു ദശാബ്ദങ്ങൾക്കുമുമ്പുതന്നെ കൊത്താരിക്കമ്മീഷൻ ശക്തമായി ആവശ്യപ്പെട്ടിരുന്നതാണു്. പബ്ലിക് സ്കൂളുകളും നിർത്തലാക്കപ്പെട്ടിട്ടില്ല. മാത്രമല്ല, പബ്ലിക് സ്കൂളുകളുടെ സ്വകാര്യപ്പതിപ്പുകളായ അംഗീകൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകളും തുരുതുരെ മുളച്ചുപൊങ്ങാൻ തുടങ്ങിയതും അതിനുശേഷമാണു്. തൊഴിലവസരങ്ങളും സാമൂഹ്യമാന്യതയും കൂടിയതോതിൽ തങ്ങൾക്കു ലഭിക്കുന്ന അംഗീകൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ, വരേണ്യ വിഭാഗത്തിന്റെ ആവശ്യമെന്നതിനുപരി, അവ സാധാരണക്കാർക്കുവേണ്ടിയുള്ള പൊതു വിദ്യാഭ്യാസത്തെ തരം താഴ്ത്തുകയും ചെയ്യുന്നു. സാധാരണക്കാരായ കുട്ടികളുടെ വിദ്യാഭ്യാസ സംവിധാനം മെച്ചപ്പെടുത്താൻ വേണ്ട സൗകര്യങ്ങളും ഫണ്ടും അനുവദിക്കേണ്ടവർ ആരെല്ലാമാണോ, അവരിൽ ഭൂരിപക്ഷത്തിന്റേയും സന്താനങ്ങൾ, ഈ വരേണ്യവർഗ്ഗ സ്ഥാപനങ്ങളിലാണു് വിദ്യാഭ്യാസം ചെയ്യുന്നതു്. അതുകൊണ്ടുതന്നെ ഭൂരിപക്ഷം കുട്ടികൾക്കു പഠിക്കേണ്ട സാധാരണ പള്ളിക്കൂടങ്ങളുടെ സൗകര്യങ്ങളും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിൽ, വ്യക്തിപരമായി ഇക്കൂട്ടർക്കു് താല്പര്യമില്ല. പ്രമാണിമാർ സ്വന്തം മക്കളെ 'മെച്ചപ്പെട്ട വിദ്യാഭ്യാസം' ലഭിക്കുന്ന പ്രത്യേക സ്ഥാപനങ്ങളിൽ ചേർത്തു്, സാധാരണ സംവിധാനത്തെ അവഗണിക്കുമെന്ന അപകടം മുൻകൂട്ടിക്കണ്ടുകൊണ്ടുതന്നെയാണു് കൊത്താരിക്കമ്മീഷൻ 'നൈബറിങ്ങ് സ്കൂൾ സമ്പ്രദായം' നടപ്പാക്കണമെന്നു നിർദ്ദേശിച്ചതു്. ആരുണ്ടതു വകവെയ്ക്കാൻ? ഈ നിർദ്ദേശം പ്രമാണിവർഗ്ഗത്തിന്റെ താല്പര്യങ്ങൾക്കു വിഘാതമായിരിക്കുന്ന കാലത്തോളം, ഡോ: കോത്താരിയല്ല, ദൈവം തമ്പുരാൻ നിർദ്ദേശിച്ചാലും അവരതു നടപ്പാക്കുമെന്നു കരുതേണ്ട.

എന്നാൽ, നൈബറിങ്ങ് സ്കൂൾ സമ്പ്രദായം നിബ്ബന്ധിതമാക്കി ക്കൊണ്ടല്ലാതെ വിദ്യാഭ്യാസരംഗത്തെ അസമത്വങ്ങൾ ദൂരീകരിക്കാൻ കഴിയില്ല. വിദ്യാഭ്യാസരംഗത്തെ ജനാധിപത്യവൽക്കരണങ്ങൾ നിലനിന്നു കാണണമെന്നാഗ്രഹിക്കുന്നവർ ആദ്യം ചെയ്യേണ്ടതു്, കൊത്താരിക്കമ്മീഷൻ നിർദ്ദേശിച്ച നൈബറിങ്ങ് സ്കൂൾ സമ്പ്രദായം നിർബ്ബന്ധിതമാക്കുകയാണു്.

4. അംഗീകൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ, കഴിവിലും അറിവിലും മെച്ചപ്പെട്ട, ആംഗലഭാഷ കൈകാര്യംചെയ്യാൻ കഴിയുന്ന ഒരു പ്രത്യേക വിഭാഗത്തെ വളർത്തി, രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന ഒരു വിദ്യാഭ്യാസ സംവിധാനം നാട്ടിൽ വളർത്തിയെടുക്കുന്നുവെന്നുമാത്രമല്ല, നാട്ടിൽ, അതുകൊണ്ടുണ്ടാകുന്ന അപകടം. ഇത്തരം സ്ഥാപനങ്ങൾ വളർത്തിയെടുക്കുന്ന സംസ്കാരമുണ്ടല്ലൊ, അതുതന്നെ ഈ നാടിന്നപകടകരമാണു്. നാടിനോടും നാട്ടുകാരോടും കൂറുള്ള, സാമൂഹ്യബോധമുള്ള പൗരന്മാരെ വളർത്താനല്ല, ഇത്തരം സ്ഥാപനങ്ങൾ സഹായിക്കുക. നേഴ്സറി മുതൽ സകലവിഷയങ്ങളും സായ്പിന്റെ ഭാഷയിൽ പഠിപ്പിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ കൂട്ടികൾക്ക് മാതൃഭാഷയോടും സ്വന്തം സംസ്കാരത്തിനോടുമുള്ളതിനേക്കാൾ കൂറ് ആംഗലഭാഷയോടും ആംഗലസംസ്കാരത്തോടുമുണ്ടാക്കാൻ പാടുപെടുന്നു. നാട്ടുഭാഷയോടും നാട്ടുകാരുടെ സംസ്കാരത്തോടും പരമപുച്ഛമാണവക്ക്. നാടുനീങ്ങിയ കൊളോണിയൽ അടിമത്തത്തിന്റെ സ്മൃതിപാകന്മാരായാണു് അവർ കുട്ടികളെ പഠിപ്പിക്കുന്നതു്. ഉന്നത വിദ്യാഭ്യാസമാധ്യമം മാതൃഭാഷയാക്കാനുള്ള ശ്രമത്തെ വരേണ്യവർഗ്ഗം സമർത്ഥമായി പരാജയപ്പെടുത്തി. പൊതുവിദ്യാഭ്യാസരംഗത്തും ഇംഗ്ലീഷിന്റെ മേധാവിത്തം അരക്കിട്ടുറപ്പിക്കാനാണു് അംഗീകൃത വിദ്യാലയങ്ങൾവഴി അവരിപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കുന്നതു്. ഉടുപ്പിലും നടപ്പിലും ഊണിലും ഉറക്കത്തിലും ദേശാഭിമാനികളും ഭാഷാഭിമാനികളുമായവർ, അംഗീകൃത വിദ്യാഭ്യാസംവഴി കുട്ടികളിൽ അന്യഭാഷാവിധേയത്വവും അന്യസംസ്കാരവിധേയത്വവുമുണ്ടാക്കാനുള്ള ശ്രമത്തിനെതിരെ കണ്ണടക്കുന്നതെന്തുകൊണ്ടാണു്?

5. ഒരു സല്ലക്ഷ്യംചെയ്യുന്ന വാശിയോടും സംതൃപ്തിയോടുംകൂടിയാണു് ഇതുവരെക്കയായിട്ടും സർക്കാർ അംഗീകൃത വിദ്യാലയങ്ങൾ

അനുവദിച്ചുകൊടുക്കുന്നത്. ഇതിനു പറയുന്ന കാരണം ഗവൺമെന്റിനു യാതൊരു ചെലവുമില്ലാതെ, കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നല്കുന്ന കുറേ വിദ്യാലയങ്ങളുണ്ടായിക്കിട്ടുമല്ലോ എന്നാണ്. ഈ വാദഗതി ശരിയല്ല. കേരളത്തിലിപ്പോൾ 5012 പ്രൊട്ടക്ടഡ് അദ്ധ്യാപകരുണ്ട്. നിയമപരമായി യാതൊരു ജോലിയുമില്ലാതെയിരിക്കുന്ന ഇവരെ സംരക്ഷിക്കാൻവേണ്ടി പ്രതിവർഷം ആറുകോടി രൂപയെങ്കിലും ഖജനാവിൽനിന്നും ശമ്പളമായിക്കൊടുക്കണം. പണിയെടുക്കാത്തവർക്ക് ശമ്പളം കൊടുക്കേണ്ട ഈ സ്ഥിതിവിശേഷം എങ്ങനെ സംജാതമായി. സ്കൂളിൽപ്പോകുന്ന കുട്ടികളുടെ എണ്ണം കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി പെട്ടെന്നു കുറഞ്ഞുപോയതുകൊണ്ടാണോ? കുട്ടികളുടെ എണ്ണത്തിൽ കുറവൊന്നുമുണ്ടായിട്ടില്ല. ഉള്ള കുട്ടികളെ, പുതുതായിവന്ന സ്ഥാപനങ്ങളിലേക്കുകൂടി പങ്കിട്ടപ്പോഴാണ് നിലവിലുള്ള വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞു, അദ്ധ്യാപകർ പ്രൊട്ടക്ഷനിലായതു്. അംഗീകൃത സ്കൂളുകളും, വിദ്യാലയങ്ങളും നിലവിലുള്ള സ്ഥലങ്ങളിൽ അനുവദിച്ച സ്വകാര്യസ്കൂളുകളുമാണ് പത്തിരുപത്തഞ്ചുവർഷംവരെ സർവ്വീസുള്ള അദ്ധ്യാപകരെപ്പോലും പണിയില്ലാത്തവരാക്കിമാറ്റിയതു്. ഇവർക്ക് ശമ്പളമായി അഞ്ചാറുകോടി രൂപ സർക്കാരിനെക്കൊണ്ട് അനാവശ്യച്ചെലവു ചെയ്യിക്കുന്നതു്. പുതുതായി നൂറ്റമ്പതു് അംഗീകൃത വിദ്യാലയങ്ങൾകൂടി അനുവദിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനം യാഥാർത്ഥ്യമായാൽ അംഗീകൃത വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം രണ്ടു ലക്ഷത്തോളമാകും. ഇത്രയുംപേർ സ്വാഭാവികമായും സർക്കാർ സ്കൂളുകളിൽനിന്നും എയ്ഡഡ് സ്കൂളുകളിൽനിന്നും വരുന്നവരാണല്ലൊ. ഇതിനനുസരിച്ച് അംഗീകൃത വിദ്യാലയങ്ങളും സ്കൂളുകളും ആവശ്യമില്ലാത്ത സ്ഥലങ്ങളിലനുവദിച്ച സ്വകാര്യസ്കൂളുകളുമാണ്, നാലായിരം അദ്ധ്യാപകർക്ക് പണിയെടുക്കാതെ ശമ്പളം കൊടുക്കേണ്ട ഗതികേടു് സർക്കാരിനുണ്ടാക്കിയതെന്നാണ്. സർക്കാരും അദ്ധ്യാപകരും മാത്രമല്ല ഇതുകൊണ്ടുള്ള നഷ്ടം സഹിക്കേണ്ടവർ. ഡിവിഷനില്ലാതെ സ്വകാര്യസ്കൂളുകളിൽനിന്നും പുറന്തള്ളപ്പെടുന്ന അദ്ധ്യാപകർക്ക് സർക്കാർ വിദ്യാലയങ്ങളിൽ അഭയംകൊടുക്കുകമൂലം, ടെയിനിങ്ങും കഴിഞ്ഞു് വർഷങ്ങളായി കാത്തുനില്ക്കുന്ന ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാതെവരുന്നു.

അംഗീകൃത വിദ്യാലയങ്ങളും, നമ്മുടെ വിദ്യാഭ്യാസ സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിലുണ്ടാക്കുന്ന ദൂരവ്യാപകമായ വിനകളെക്കുറിച്ച് അറിയാവുന്നവർ അതിനെക്കുറിച്ചു മിണ്ടുന്നില്ല. അവ നല്ലതെന്ന 'മെച്ചങ്ങളും' തങ്ങളുടെ മക്കൾക്കുകൂടി ഉപയോഗപ്പെടുത്താനാണ് അവരുടെ ശ്രമം. ഈ മേല്പന്തിക്കാരുടെ ആജ്ഞാനുവർത്തിയാണ് ഭരണകൂടം. സാധാരണക്കാക്കാകട്ടെ ഇവയുണ്ടാക്കുന്ന വിപത്തിനെക്കുറിച്ച് ശരിക്കും പിടികിട്ടിയിട്ടില്ല. ഉപരിവർഗ്ഗത്തെ അനുകരിച്ച്, അംഗീകൃത ഇംഗ്ലീഷ് മീഡിയം സംസ്കാരത്തിൽ ഒരു പങ്ക് തങ്ങളുടെ മക്കൾക്കും ലഭ്യമാക്കേണ്ടതെങ്ങനെയെന്നു് അവരിൽ പലരും ആഗ്രഹിക്കാറുണ്ട്. നാട്ടിൽ ഒരു പ്രത്യേക ഉപരിവർഗ്ഗത്തെ സൃഷ്ടിക്കാനുള്ള ഈ വിശേഷസ്ഥാപനങ്ങളും, ജനങ്ങളുടെ വിദ്യാഭ്യാസ അവകാശങ്ങളെ നിഹനിക്കുകയാണു് ചെയ്യുന്നതെന്നുള്ള വസ്തുത അവരെ ബോധ്യപ്പെടുത്താനുള്ള ചുമതല അദ്ധ്യാപകർക്കും, വിദ്യാഭ്യാസതല്പരരായ ജനാധിപത്യവാദികൾക്കുമുണ്ട്. വമ്പിച്ച ബഹുജനപ്രക്ഷോഭംകൊണ്ടുമാത്രമേ, രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന ഇത്തരം വിദ്യാഭ്യാസക്കച്ചവടകേന്ദ്രങ്ങളുടെ തള്ളിക്കയറ്റം തടയാനൊക്കൂ.

5. സ്വകാര്യവൽക്കരണവും പോളിടെക്നിക്ക് സമരവും

കേരളത്തിലിപ്പോൾ 12103 സ്കൂളുകളുണ്ട്. ഇവയിൽ 7429 എണ്ണം സ്വകാര്യ മാനേജ്മെന്റുകൾ നടത്തുന്നതും ബാക്കി സർക്കാർ സ്കൂളുകളുമാകുന്നു. സ്വകാര്യ ഉടമസ്ഥതയിലുള്ള വിദ്യാലയങ്ങളിൽ തന്നെ 1496 സ്കൂളുകൾ ക്രിസ്ത്യൻ മാനേജ്മെന്റിന്റേതും 110 സ്കൂളുകൾ എൻ. എസ്. എസിന്റേതും 22 സ്കൂളുകൾ എസ്. എൻ. ഡി. പി. യുടേതുമാണ്. ഇതിന്നർത്ഥം സംസ്ഥാനത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 62 ശതമാനവും സ്വകാര്യഉടമയിലുള്ളതും, അവയിൽത്തന്നെ നല്ലൊരു പങ്ക് ജാതിമത സാമുദായിക സംഘടനകളുടെ മേധാവിത്വത്തിലുള്ളതുമാകുന്നുവെന്നാണ്. ഉന്നത വിദ്യാഭ്യാസരംഗത്തു്, സ്വകാര്യ ഉടമകളുടെ മേധാവിത്തം കൂടുകൂടി ശക്തമാണ്. 170 ആർട്ട്സ് ഏൻറ് സയൻസ് കോളേജുകളിൽ 132 സ്വകാര്യ ഉടമയുടേതാകുന്നു. 19 ടെയിനിങ്ങ് കോളേജുകളു

ള്ളതിൽ പതിനഞ്ചും സ്വകാര്യ ഉടമകളുടേതു്. സാങ്കേതിക വിദ്യാഭ്യാസരംഗത്തു്, മുന്നു് എഞ്ചിനീയറിങ്ങ് കോളേജുകളും 6 പോളിടെക്നിക്കുകളും സാമുദായിക പ്രാതിനിധ്യമുള്ള സ്വകാര്യ ഉടമകളുടേതാണു്. മെഡിക്കൽ വിദ്യാഭ്യാസം മാത്രമാണിപ്പോഴും സ്വകാര്യ ഉടമകളുടെ സേവനത്തിൽനിന്നു് മിക്കവാറും വിമുക്തമായി നില്ക്കുന്നതു്. എണ്ണംകൊണ്ടു മാത്രമല്ല, പ്രതാപംകൊണ്ടും, സ്വകാര്യ ഏജൻസികളും പ്രത്യേകിച്ചു് ജാതികളുടേയും മതങ്ങളുടേയും കീഴാലുള്ള സംഘടിത സ്വകാര്യ ഏജൻസികളും, കേരളത്തിലെ വിദ്യാഭ്യാസരംഗത്തു് ഒരു നിഷ്ണായകശക്തിയാണു്. ഇവിടത്തെ വിദ്യാഭ്യാസത്തിന്റെ ഗുണവും ഗതിയും നിഷ്ണയിക്കുന്നതിൽ സ്വകാര്യ ഏജൻസിക്കു് അതിപ്രധാനമായ ഒരു പങ്കുണ്ടു്. അവരെന്തുദ്ദേശിക്കുന്നു, അതു വിദ്യാഭ്യാസരംഗത്തു നടക്കും. സ്വകാര്യ ഏജൻസികളുടെ കരുത്തു് ഈ അടുത്ത കാലത്തായി വളരെയേറെ വർദ്ധിച്ചുവരികയാണു്. കഴിഞ്ഞ നാലു വർഷങ്ങൾക്കിടയിൽ 450 സ്വകാര്യ വിദ്യാലയങ്ങൾ പുതുതായി അനുവദിക്കപ്പെട്ടു. ആറാം പഞ്ചവത്സരപദ്ധതിക്കാലത്തു് സ്കൂളുകളുടേയും കോളേജുകളുടേയും ഗുണനിലവാരം മെച്ചപ്പെടുത്താൻ നീക്കിവെച്ചിരുന്ന വിഹിതത്തിൽ സിംഹഭാഗവും പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനാണു് സർക്കാർ വിനിയോഗിച്ചതു്. ഇങ്ങനെ ആരംഭിച്ച സ്ഥാപനങ്ങളിൽ അധികവും സ്വകാര്യമേഖലയിലാണതാനും. സ്വകാര്യമേഖലയിൽ അനുവദിക്കപ്പെട്ട വിദ്യാലയങ്ങൾ പലതും യഥാർത്ഥത്തിൽ വിദ്യാലയങ്ങൾ ആവശ്യമുള്ള സ്ഥലത്തായിരുന്നില്ല. വിശദമായ വിദ്യാഭ്യാസ സർവ്വെയുടെ അടിസ്ഥാനത്തിൽ, ആവശ്യം ബോധ്യപ്പെട്ടിട്ടായിരുന്നില്ല, അവ അനുവദിക്കപ്പെട്ടതു്. സംഘടിത സ്വകാര്യ ഏജൻസികളുടെ ആവശ്യവും സമ്മർദ്ദവുമായിരുന്നു, ഇവയ്ക്കുപിന്നിലെ പ്രേരകശക്തി. രാഷ്ട്രീയതലത്തിൽ വമ്പിച്ച സമ്മർദ്ദം ചെലുത്തിക്കൊണ്ടുപോലും, കേരളത്തിലെ സ്വകാര്യ ഏജൻസികളും പുതിയ സ്കൂളുകളും കോളേജുകളും അനുവദിപ്പിക്കുന്നതെന്തിനാണെന്ന വസ്തുത, ഇന്നാട്ടിൽ ആരും അറിയാത്തതല്ല. വിദ്യാഭ്യാസ വ്യാപനത്തേക്കാളേറെ സ്വന്തം സമ്പത്തിന്റേയും സ്വാധീനത്തിന്റേയും വ്യാപനമാണു് ഇതിനുപിറകിലെ മുഖ്യലക്ഷ്യം. വിദ്യാഭ്യാസക്കച്ചവടം നടത്താനും, വരുതലമുറയുടെ നിയന്ത്രണം സ്വന്തം സ്വാധീനവലയത്തിലൊതുക്കാനുമാണു്, ഏറെ സമ്മർദ്ദം ചെലുത്തിയിട്ടുപോ

ലും സ്വകാര്യ ഏജൻസികളും സ്ഥാപനങ്ങളും അനുവദിപ്പിക്കുന്നതു്. വിദ്യാഭ്യാസ സ്ഥാപനത്തിനുവേണ്ട സ്ഥലവും കെട്ടിടവുമൊക്കെ അവരുണ്ടാക്കിക്കൊള്ളുമല്ലൊ എന്നതാണു് സർക്കാരിന്റെ സമാധാനം. ഇതുയേറെ ബദ്ധപ്പെട്ടു്, സ്ഥലവും കെട്ടിടവുമുണ്ടാക്കിക്കൊടുത്തിട്ടു് എന്തു പുണ്യമാണവർക്കു ലഭിക്കാൻ പോകുന്നതെന്നു് നാം അത്ഭുതപ്പെട്ടേക്കാം. വിദ്യാഭ്യാസപരമായ താല്പര്യത്തേക്കാളേറെ നിയമനത്തിൽനിന്നും ലഭിക്കുന്ന പണമാണു് പല സ്വകാര്യ മാനേജ്മെൻറുകളേയും ഈ രംഗത്തിറങ്ങാൻ പ്രേരിപ്പിക്കുന്നതു്. 450 സ്വകാര്യ വിദ്യാലയങ്ങളിൽ അദ്ധ്യാപകരേയും അനദ്ധ്യാപകരേയും നിയമിച്ചാൽ, ഉദ്യോഗധനം മാത്രമായി മാനേജുമെൻറിനു് 15 കോടി രൂപ ലഭിക്കും, വിദ്യാലയം നടത്തിപ്പിന്നായി പ്രതിവർഷം 80 ലക്ഷം രൂപ ഗ്രാൻറ് വേറെയും. ഇതുകൊണ്ടു് ആർക്കാണു് ലാഭം. മാനേജ്മെൻറിനു്, വിദ്യാഭ്യാസകച്ചവടോപാധിയാക്കുന്ന തല്പരകക്ഷികൾക്കു്. നഷ്ടമോ, ആവശ്യത്തിലേറെ സ്കൂളുകൾ വന്നതിൻറെപേരിൽ ഡിവിഷൻ നഷ്ടപ്പെടുന്ന അദ്ധ്യാപകർക്കു്, അവരെ ശമ്പളം കൊടുത്തുപോറേറണ്ടിവരുന്ന സർക്കാരിനും.

നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തിൽ സ്വകാര്യ ഏജൻസികൾക്കുള്ള സ്ഥാനം അതിശക്തവും നിർണ്ണായകവുമാണെന്നു പറഞ്ഞുവല്ലൊ. വിദ്യാഭ്യാസത്തെ കച്ചവടവല്ക്കരിക്കുക മാത്രമല്ല അവർ ചെയ്യുന്നതു്. കേരളത്തിലെ വിദ്യാഭ്യാസത്തിനു് ആവശ്യമായ മുഴുവൻ ചിലവും വഹിക്കുന്നതു് സർക്കാരാണു്. അതിനുള്ള പണം കൊടുക്കുന്നതു് ജനങ്ങളും. എന്നാൽ പണം സ്വരൂപിച്ചു് ചെലവഴിക്കുന്ന സർക്കാരിനോ ഇല്ലായ്മകളും വല്ലായ്മകളുമിടയിൽ അതു നൽകുന്ന ജനങ്ങൾക്കോ ഇവിടത്തെ വിദ്യാഭ്യാസം ഏതു ദിശയിൽ നീങ്ങണമെന്നു നിശ്ചയിക്കാൻ കഴിയില്ല. അതു തീരുമാനിക്കാനുള്ള കഴിവും അധികാരവും വിദ്യാഭ്യാസരംഗത്തു പ്രവർത്തിക്കുന്ന സംഘടിത സ്വകാര്യ ഏജൻസികൾക്കാണു്. സർക്കാരിൻറെ നയരൂപീകരണസമിതികളെ വരച്ചവരയിൽ നിർത്താനുള്ള കഴിവുണ്ടവർക്കു്. സയൻസ്കലാശാലാ സിൻഡിക്കേറ്റിലായാലും സെനറ്റിലായാലും ഉന്നത വിദ്യാഭ്യാസരംഗത്തെ മറേറതു നയരൂപീകരണ സമിതിയിലായാലും, എള്ളിൽ എണ്ണപോലെ സുശക്തനായ സ്വകാര്യ ഏജൻസിയുടെ ചൈതന്യം നിറഞ്ഞുനിൽക്കുന്നു. അവരുദ്ദേശിക്കുന്ന രീതിയിൽ കാര്യങ്ങൾ നടത്താൻ ശ്രമിച്ച ഒരു

സർക്കാരിനെ വർഷങ്ങൾക്കുമുമ്പ് വിമോചനസമരം നടത്തി താഴത്തിറക്കാൻ വിദ്യാഭ്യാസമേഖലയിലെ സംഘടിത സ്വകാര്യ ഏജൻസിക്കു കഴിഞ്ഞു.

വർഷങ്ങൾ കഴിയുന്തോറും കേരളത്തിലെ വിദ്യാഭ്യാസമണ്ഡലം സംഘടിത സ്വകാര്യ ഏജൻസിയുടെ നീരാളിപ്പിടുത്തത്തിൽ, രക്ഷപ്പെടാൻ വയ്യാത്തവിധം അമർന്നുകൊണ്ടിരിക്കയാണ്. പ്രീസ്കൂൾ വിദ്യാഭ്യാസം മുതൽ സർവ്വകലാശാലവരെ, അവരുടെ കൈപ്പിടിയിലൊതുങ്ങുന്ന വ്യവസായങ്ങളായി ചുരുങ്ങിയിരിക്കുന്നു. കുട്ടികളെ ഏതെല്ലാം പാഠങ്ങൾ പഠിപ്പിക്കണം, സിലബസ്സിൽ എന്തെല്ലാം ഉണ്ടായിരിക്കണം എന്നതുമുതൽ, എവിടെയെല്ലാം പുതിയ സ്കൂളുകളും കോളേജുകളും സ്ഥാപിക്കണം, ആർക്കെല്ലാം അനുവദിക്കണം, കോളേജുകളുടേയും • സർവ്വകലാശാലകളുടേയും ഭരണം എങ്ങനെ നടക്കണം എന്നുവരെ തീരുമാനിക്കുന്നതവരാണ്. എല്ലാം സമർത്ഥമായി ആസൂത്രണംചെയ്തതിനുശേഷം അതെല്ലാം ഒരു ജനാധിപത്യ സർക്കാരിന്റെ തീരുമാനങ്ങളാണെന്നു വരുത്തിക്കൂട്ടാൻ അവർ കാണിക്കുന്ന വൈഭവമാണ് അത്ഭുകരമായിട്ടുള്ളതു്.

വിദ്യാഭ്യാസരംഗത്തു നടക്കുന്ന അഴിമതികളിൽ ബഹുഭൂരിപക്ഷവും വിദ്യാഭ്യാസക്കച്ചവടക്കാരായ സ്വകാര്യ ഏജൻസികളും നടത്തുന്നതോ, അവർക്കുവേണ്ടി നടത്തുന്നതോ ആണ്. വിദ്യാഭ്യാസരംഗത്തെ നയവൈകല്യങ്ങളിൽ പലതിനും സർക്കാരിനെ പ്രേരിപ്പിക്കുന്നതവരാണ്. സ്വകാര്യ ഏജൻസികളെ പ്രീണിപ്പിക്കാൻവേണ്ടി സർക്കാർ നടത്തിയ ചില പരിഷ്കാരങ്ങളാണ്, കഴിഞ്ഞ രണ്ടുമൂന്നു വർഷമായി, ശക്തമായ വിദ്യാർത്ഥിസമരങ്ങൾ പൊട്ടിപുറപ്പെട്ടത്, വിദ്യാഭ്യാസരംഗം കലുഷമാകാൻ കാരണം. അങ്കമാലിയിലെ സ്വകാര്യ ആസ്പത്രിയിൽ മെഡിക്കൽ ബിരുദാനന്തര കോഴ്സ് ആരംഭിക്കാനുള്ള ശ്രമവും, സ്വകാര്യമേഖലയിൽ 15 പോളിടെക്നിക്കുകൾ ആരംഭിക്കുവാനുള്ള തീരുമാനവും, അവസാനമായി പ്രീഡിഗ്രി കോഴ്സ് കോളേജിൽനിന്നു് വേർപ്പെടുത്തി അർഹതയുള്ള ചില സ്കൂളുകൾക്കു നൽകാനുള്ള നീക്കവും പണക്കൊതിയന്മാരായ സ്വകാര്യ ഏജൻസികളുടെ നിർബ്ബന്ധത്തിനുവഴങ്ങി, അവരെ പ്രീണിപ്പിക്കാൻവേണ്ടി സർക്കാർ നട

ത്തിയതാണെന്ന വസ്തുത അറിയാത്തവരാരെങ്കിലുമുണ്ടോ? വിദ്യാഭ്യാസരംഗത്തു് നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന പരിഷ്കാരങ്ങളിൽക്കൂടിയുള്ള തിരിച്ചുപോക്കിനു് നേതൃത്വം വഹിക്കുന്നതു് കേരളത്തിലെ സംഘടിത സ്വകാര്യ ഏജൻസികളുടെ കച്ചവടക്കണ്ണും വരേണ്യവർഗ്ഗ പക്ഷപാതവുമാണു്. എല്ലാക്കാര്യത്തിലും അവർക്കു വിധേയമാവുകയും, സംസ്ഥാനത്തിലെ വിദ്യാഭ്യാസ നേതൃത്വത്തിന്റെ ചുമതലയിൽനിന്നും സ്വയം ഒഴിഞ്ഞുമാറുകയും ചെയ്യുന്ന ഭരണനേതൃത്വം ഈ സംഭവങ്ങളിൽ ഒരുപകരണം മാത്രമാണു്.

ഇപ്പറഞ്ഞതിനു് ഏറ്റവും മൂർത്തമായ ഉദാഹരണങ്ങളാണു് അങ്കമാലി പ്രശ്നവും സ്വകാര്യ പോളിടെക്നിക്കുകളും അനുവദിക്കാനുള്ള തീരുമാനവും. പൊതുവിദ്യാഭ്യാസരംഗവും ഉന്നത വിദ്യാഭ്യാസവും കയ്യൊഴിഞ്ഞ രാജഭരണം നടത്തുന്ന സംഘടിത സ്വകാര്യ ഏജൻസി മെഡിക്കൽ വിദ്യാഭ്യാസത്തിലേക്കും സാങ്കേതിക വിദ്യാഭ്യാസത്തിലേക്കും കടന്നുകയറാൻ നടത്തിയ കുത്സിത ശ്രമങ്ങളായിരുന്നു അവ. ഏറെക്കാലത്തെ ചോർച്ചയുടെ ഫലമായി പൊതുവിദ്യാഭ്യാസത്തിൽനിന്നും ഉന്നത വിദ്യാഭ്യാസത്തിൽനിന്നും വേണ്ടത്ര ലാഭംകിട്ടാൻ കഴിയാത്ത ഒരു സ്ഥിതി സംജാതമായിട്ടുണ്ടിന്നു്. ലാഭത്തിനുവേണ്ടി പുതിയ മേച്ചിൽസ്ഥലങ്ങളും അന്വേഷിച്ചിറങ്ങിയ സ്വകാര്യ ഏജൻസി കണ്ടുപിടിച്ച ഒരു താവളമാണു് അംഗീകൃത സ്കൂളുകളും. അതിനേക്കാളും സാധ്യതയുള്ള രണ്ടു മണ്ഡലങ്ങളാണു് സാങ്കേതിക മെഡിക്കൽ വിദ്യാഭ്യാസ മേഖലകളും. നാട്ടിൽ ഏറ്റവും ഡിമാൻഡുള്ള രണ്ടു വിദ്യാഭ്യാസമേഖലകളെന്ന നിലയിൽ, വൈദ്യവിദ്യാഭ്യാസരംഗത്തും സാങ്കേതിക വിദ്യാഭ്യാസരംഗത്തും വരുത്തുന്ന സ്വകാര്യവൽക്കരണം വമ്പിച്ച ലാഭം നൽകാൻ സാധ്യതയുള്ളവയാണു്. സാങ്കേതിക വിദ്യാഭ്യാസത്തിൽ സ്വകാര്യ ഏജൻസിക്കുള്ള മേധാവിത്തം ഭാഗികം മാത്രമാണെങ്കിൽ, മെഡിക്കൽ വിദ്യാഭ്യാസത്തിൽ അതു മിക്കവാറും ഇല്ലെന്നു പറയാം. ഭരണയന്ത്രത്തിന്റെ സഹായത്തോടെ ഈ രണ്ടു മേഖലകളെ കയ്യടക്കാൻ നടത്തിയ ശ്രമത്തെ വിദ്യാർത്ഥികളും എതിർത്തു തോല്പിച്ചു. ജനങ്ങളെസംബന്ധിച്ചിടത്തോളം ഒരു മഹത്തായ വിജയമായിരുന്നു, അതു്. ഈ സമരത്തിൽ വിജയം മറുപക്ഷത്തായിരുന്നുവെങ്കിൽ, സാങ്കേതിക വിദ്യാഭ്യാസവും മെഡി

ക്കൽ വിദ്യാഭ്യാസവും സ്വകാര്യക്കച്ചവടക്കാരുടെ വില്പനച്ചരക്കുകളായി ഇതികം മാറിക്കഴിഞ്ഞേനെ. എന്നാൽ വമ്പിച്ച ലാഭം കൊയ്യാനുള്ള ശ്രമത്തിൽ താല്ക്കാലികമായി പരാജയപ്പെട്ട സ്വകാര്യ ഏജൻസികളും കുറേക്കൂടി സംഘടിതമായും തന്ത്രപരമായും തങ്ങളുടെ ആക്രമണം പുനഃസംഘടിപ്പിക്കാൻ ഏറെ വൈകുമെന്നു കരുതിക്കൂടാ. ഇക്കാര്യത്തിൽ കേരള സർക്കാരിന്റെ മാത്രമല്ല സാക്ഷാൽ ഇന്ത്യാഗവണ്മെന്റിന്റെ പിന്തുണപോലും ഈ ഘട്ടത്തിൽ അവർക്കാർജ്ജിക്കാൻ കഴിയും. ഇന്ത്യൻ ഗവണ്മെന്റിന്റെ പുത്തൻ വിദ്യാഭ്യാസനയം വിദ്യാഭ്യാസരംഗത്തു്, പ്രത്യേകിച്ചു് സാങ്കേതിക വിദ്യാഭ്യാസത്തിൽ സ്വകാര്യ ഏജൻസികൾക്കു് എല്ലാ ഒത്താശകളും നൽകാനാണു് തീരുമാനിച്ചിട്ടുള്ളതു്. സ്വകാര്യ സാങ്കേതിക സ്ഥാപനങ്ങളിൽ സർക്കാരിന്റെ നിയന്ത്രണമുണ്ടാകും എന്നു പറയുന്നതിൽ വലിയ അർത്ഥമൊന്നുമില്ല. കേരളത്തിലെ സ്വകാര്യപോളിടെക്നിക്കുകളിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുള്ള നിയന്ത്രണം നാമമാത്രമാണു്.

നാടിന്റെ വിദ്യാഭ്യാസ വളർച്ചയിൽ നിസ്തുലതരും സേവനസന്നദ്ധരുമായ സ്വകാര്യ ഏജൻസികളും, പഴയകാലം മുതൽക്കേ കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കടിസ്ഥാനമിട്ടവരാണെന്നും, അക്കാരണത്താൽ അവരുടെ സേവനം വിദ്യാഭ്യാസ മണ്ഡലത്തിൽ എക്കാലത്തും സ്മരിക്കപ്പെടേണ്ടതാണെന്നും ഒരു ധാരണയുണ്ടു്. എന്തുലക്ഷ്യത്തിനുവേണ്ടിയാണെങ്കിലും കേരളത്തിന്റെ വിദ്യാഭ്യാസപരമായ വളർച്ചയിൽ ഗണ്യമായപങ്കു് സ്വകാര്യ ഏജൻസികളും വഹിച്ചിട്ടുണ്ടെന്നതു് നേരു്. അക്കാര്യം അംഗീകരിച്ചുകൊണ്ടുതന്നെ ഇന്നവർ ചെയ്യുന്ന പ്രവർത്തനങ്ങളും വിലയിരുത്തുമ്പോൾ, ഉണ്ടാകുന്ന അനുഭവം മറിച്ചാണു്. അന്യത്ര സൂചിപ്പിച്ചിട്ടുള്ളതുപോലെ വിദ്യാഭ്യാസത്തിന്റെ സ്വകാര്യവൽക്കരണവും വ്യാവസായവൽക്കരണവും കച്ചവടവല്ക്കരണവുമാണു്, അവരുടെ ഇന്നത്തെ ലക്ഷ്യം. ഇന്ത്യയുടെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ചു് കേരളത്തിലെ സ്വകാര്യ ഏജൻസികൾക്കു് പല പ്രത്യേകതകളുമുണ്ടു്. അവർ ഏറെ സംഘടിതരും, ക്രിസ്ത്യൻ, നായർ, ഈഴവ, മുസ്ലീം എന്നിങ്ങനെ വിഭിന്ന മതങ്ങളുടേയും ജാതികളുടേയും നേരിട്ടുള്ള നേതൃത്വത്തിലും ഉത്തരവാദിത്വത്തിലും പ്രവർത്തിക്കുന്നവരുമാണു്.

വിദ്യാഭ്യാസത്തെ, ജനാധിപത്യവൽക്കരിക്കുന്നതിനേക്കാളേറെ, സ്വന്തം സമുദായത്തിന്റേയും മതത്തിന്റേയും സ്വാധീനവലയത്തിലും മാമൂലുകളിലും തളച്ചിടാനാണ്, ഇക്കൂട്ടരിൽ പലർക്കും താല്പര്യം. സാമ്പത്തിക നേട്ടത്തോടൊപ്പം, ഈ ലക്ഷ്യം കൂടിയുണ്ട്, ഇവിടെ നടക്കുന്ന സ്വകാര്യവല്ക്കരണ ശ്രമങ്ങളുടെ പിറകിൽ. അതവർ നേടുകയും ചെയ്യും. ഏതു കക്ഷിഭരിച്ചാലും ഭരണകൂടത്തിൽ സ്വന്തം നിലയ്ക്കു നിർണായക സ്വാധീനം ചെലുത്താൻ കഴിയുന്ന പരാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പുകാരായ പ്രസ്തുത ജാതിമത വിഭാഗങ്ങളെന്നവരുമ്പോൾ, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് അവർക്ക് സാധിക്കാൻ കഴിയാത്തതൊന്നുമില്ലെന്ന് വ്യക്തമാകുന്നു. പാഠ്യപുസ്തകം മുതൽ സർവ്വകലാശാലവരെ, അപരാവശ്യപ്പെടുന്നതൊക്കെ ഭരണകൂടം അനുവദിച്ചേ പറ്റൂ. അതിനു തയ്യാറുള്ളവരെ നോക്കി ഭരണത്തിലേറ്റാനും, അല്ലാത്തവരെ വനവാസത്തിനയയ്ക്കാനും അവരെപ്പോഴും ശ്രദ്ധിക്കാറുണ്ട്. അതോടൊപ്പം മറ്റൊരു നേട്ടംകൂടി കേരളത്തിലെ സ്വകാര്യ ഏജൻസികൈവരുന്നുണ്ട്. അദ്ധ്യാപക സംഘടനകളുടെ ശ്രമത്തിന്റെ ഫലമായി, സർക്കാർ അംഗീകരിച്ച മുഴുവൻ സ്വകാര്യ സ്ഥാപനങ്ങളിലേയും അദ്ധ്യാപകർക്ക് ശമ്പളം ഖജനാവിൽനിന്നു ലഭിക്കും. പുതുതായി ഒരു സ്ഥാപനം സ്വകാര്യ മേഖലയിലാരംഭിച്ചാൽ, അദ്ധ്യാപകരിൽനിന്നുള്ള ഉദ്യോഗധനം മാനേജർക്കുവാങ്ങാം. അവർക്ക് ശമ്പളം കൊടുക്കേണ്ട ബാധ്യത സർക്കാർ ഏറ്റുകൊള്ളും. ഇത്തരത്തിലൊരു സൗകര്യം, മാനേജ്മെന്റുകളെ സംബന്ധിച്ച് മറ്റ് സംസ്ഥാനങ്ങളിലില്ല. അതുകൊണ്ടുതന്നെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നടത്തിപ്പിൽ ഇതരസംസ്ഥാനങ്ങളിലെ സ്വകാര്യ ഏജൻസികൾക്ക് ഇത്രയേറെ ലാഭമുണ്ടാവാനും വഴിയില്ല.

ഭരണസംവിധാനത്തെ സ്വന്തം വരുതിക്കുള്ളിലാക്കി, വിദ്യാഭ്യാസത്തിന്റെ ജനാധിപത്യപരമായ പുരോഗതി തടസ്സപ്പെടുത്തുകയും, വിദ്യാഭ്യാസത്തെ കച്ചവടച്ചരക്കാക്കി മാറ്റുകയും, ചെയ്യുകയെന്നതാണ് സ്വകാര്യവൽക്കരണം കൊണ്ടുണ്ടാകുന്ന ഏറ്റവും വലിയവിപത്ത്. സ്വകാര്യ ഏജൻസികളുടെ താളത്തിനു തുള്ളാനല്പമെങ്കിലും അവർക്ക് മുതൽകൂട്ടാകുകയെറിട്ടുന്നയാതൊരു പരിപാടിക്കും ഇന്നത്തെ ഭരണകൂടം തയ്യാറല്ല. അതിനുള്ള കാരണം വ്യക്തമാണല്ലൊ. അദ്ധ്യാപകനിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിലുമാണ്

സ്വകാര്യ ഏജൻസിയുടെ മുഖ്യലക്ഷ്യങ്ങളിലൊന്നായ വ്യാപാര വൽക്കരണത്തിന്നു സാധ്യതയുള്ളതു്. ഇതു തടയണമെന്ന ലക്ഷ്യത്തോടെ, ഏറെക്കാലമായി, കേരളത്തിലെ ജനാധിപത്യ പ്രസ്ഥാനങ്ങളും അദ്ധ്യാപക സംഘടനകളും, സ്വകാര്യ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ അദ്ധ്യാപകനിയമനത്തിനുള്ള അവകാശം സർക്കാരിന്നായിരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ശമ്പളം കൊടുക്കുന്നവർക്കു് നിയമിക്കാനും അവകാശമുണ്ടു്. നിയമനാവകാശമില്ലെങ്കിൽ ശമ്പളവുമില്ലെന്നു പ്രഖ്യാപിക്കാനുള്ള ഇച്ഛാശക്തി സർക്കാരിനില്ലാതെ പോകുന്നതെന്തുകൊണ്ടാണു്? ചുരുങ്ങിയപക്ഷം പി. എസ്. സി. നല്കുന്ന ലിസ്റ്റിൽനിന്നുവേണം, സ്വകാര്യ മാനേജ്മെൻറുകൾ അദ്ധ്യാപകരെ നിയമിക്കാൻ, എന്നു നിഷ്കർഷിക്കാനെങ്കിലും സർക്കാർ തയ്യാറാവാത്തതെന്താണു്? അതുപോലെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനു കോഴവാങ്ങാൻ പാടില്ലെന്നു് നിർബ്ബന്ധിച്ചുകൂടെ? ഇതുരണ്ടുംചെയ്തു്, വിദ്യാഭ്യാസരംഗത്തെ സ്വകാര്യ മാനേജ്മെൻറിൻെറ കച്ചവടത്തിൽനിന്നും മുക്തമാക്കുന്നതിനുപകരം, വിദ്യാഭ്യാസ ഏജൻസികളെ അഴിമതി നിരോധന ബില്ലിൻെറ പരിധിയിൽനിന്നും ഒഴിച്ചു നിർത്തിയ സർക്കാർ ആരുടെ ഭാഗത്താണെന്നുള്ളതു് വ്യക്തമല്ലേ?

സർക്കാരിൻെറ ഈ സ്വകാര്യ പ്രേമം മറെറാരു നിലയിൽ ജനാധിപത്യ അവകാശങ്ങളുടേയും അവസരസമത്വത്തിൻേറയും കഠിനമായ ധ്വംസനമായി കലാശിക്കുന്നു: സേവനരംഗത്തുള്ള തൊഴിൽ മേഖലകളിൽ ഏററവും വലുതു് വിദ്യാഭ്യാസ മേഖലയാണു്. സംസ്ഥാന വരുമാനത്തിൻെറ 35–40 ശതമാനവും പോകുന്നതു് വിദ്യാഭ്യാസത്തിലേത്തിലേയ്ക്കാണല്ലൊ. പൊതു വിദ്യാഭ്യാസസ്ഥാപനങ്ങളിൽ 62 ശതമാനവും ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ 75 ശതമാനവും സ്വകാര്യമേഖലയിലാണു്. ഇവയിലെ അദ്ധ്യാപകർക്കെല്ലാം ശമ്പളം കൊടുക്കുന്നതും സർക്കാരാണു്. വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാകുന്ന സംഖ്യയിൽ പ്രതിവർഷം 100 കോടിരൂപയെങ്കിലും സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കു ശമ്പളം കൊടുക്കാനാണുപയോഗിക്കുന്നതു്. നല്ലനിലയിൽ പഠിച്ചുപാസായിട്ടുണ്ടെങ്കിലും ഉദ്യോഗനിയമനത്തിനു കോഴകൊടുക്കാൻ കഴിയാത്തചെറുപ്പക്കാർക്കു്, സ്വകാര്യമേഖലയിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ബാ

ലികേറാമലയാണു്. അതിനേക്കാൾ ഗുരുതരമായ മറെറാരനീതി കൂടി കോഴവാങ്ങിക്കൊണ്ടുള്ള അദ്ധ്യാപക നിയമനത്തിനു പിറകിലുണ്ടു്. ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും സർക്കാർ സമ്പ്രദായത്തിൽ സംവരണമുണ്ടല്ലൊ. ഈ വിഭാഗത്തിൽപ്പെട്ടവരിൽ ബഹുഭൂരിപക്ഷവും സർക്കാരുദ്യോഗം നേടിയിട്ടുള്ളതു് സംവരണത്തിന്റെ ആനുകൂല്യമുപയോഗിച്ചാണു്. എന്നാൽ സർക്കാരിൽനിന്നു് തന്നെ ശമ്പളം വാങ്ങികൊണ്ടിരിക്കുന്ന ഒന്നേകാൽ ലക്ഷത്തിലധികം സ്വകാര്യസ്കൂൾ—കോളേജ് അദ്ധ്യാപകരിൽ നൂറുപേർപോലും ഹരിജനങ്ങളില്ലെന്നതാണു് സത്യം. കഷ്ടപ്പെട്ടു പഠിച്ചു് ബിരുദം നേടാൻ കഴിയുമെങ്കിലും മാനേജർക്കു് കോഴനല്കാൻ കഴിയാത്ത ഹരിജനങ്ങൾക്കു് സ്വകാര്യ സ്ഥാപനങ്ങളുടെ പടികയറാൻ പറ്റുന്നില്ല. ഉദ്യോഗധനം വാങ്ങിയുള്ള നിയമനം തടയാൻ കർശന നടപടി എടുക്കാത്ത കാലത്തോളം, ഏറെ തൊഴിൽ സാധ്യതയുള്ളതും സർക്കാരിൽനിന്നു ശമ്പളം നല്കുന്നതുമായ ഒരു മേഖലയിൽ ഉദ്യോഗം ലഭിക്കാൻ പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കുള്ള അവകാശം നിഷേധിക്കുകയാണു് ഗവണ്മെണ്ടു് ചെയ്യുന്നതു്. വിദ്യാഭ്യാസച്ചെലവിന്റെ അമ്പതുശതമാനത്തിലധികം വരുന്ന ഒരു തുകയിൽ ഒരു പൈസപോലും പട്ടികജാതിയിൽപ്പെട്ടവർക്കു തൊടാൻ കഴിയില്ലെന്ന സ്ഥിതിയുളവാക്കിക്കൊണ്ടു്, പിന്നോക്കവിഭാഗങ്ങൾക്കു് ഉദ്യോഗ നിയമനത്തിനു് സംവരണമുണ്ടെന്നു് പെരുമ്പറയടിക്കുന്നതിൽ വലിയ അർത്ഥമൊന്നുമില്ല,

6. പ്രീ സ്കൂൾ വിദ്യാഭ്യാസവും കച്ചവടക്കാരുടെ പിടിയിൽ

കേരളത്തിലിപ്പോൾ മൂന്നുവയസ്സിനും അഞ്ചുവയസ്സിനുമിടയിൽ പ്രായമുള്ള 14 ലക്ഷം കുട്ടികളുണ്ടു്. ഇവരുടെ വിദ്യാഭ്യാസം ഔപചാരികവിദ്യാഭ്യാസത്തിന്റെ പരിധിയിൽ വരുന്നില്ല. അതുകൊണ്ടുതന്നെ, പ്രീസ്കൂൾ വിദ്യാഭ്യാസം അത്ര പ്രധാനമല്ലാത്ത ഒന്നായിട്ടാണു് അടുത്തകാലംവരെ കരുതിവന്നിരുന്നതു്. സർക്കാരിനും രക്ഷിതാക്കൾക്കും പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കൂടുതൽ കൂടുതൽ ബോധ്യപ്പെട്ടുവരുന്നുണ്ടു്. അറുപതു് എൻ. ഇ. എസ്. ബ്ലോക്കുകളിലായി വ്യാപിച്ചു കിടക്കുന്ന

7000ത്തിലധികം അംഗൻവാടികളും സംസ്ഥാനത്താകെയുള്ള 2000ത്തിൽപ്പരം ബാലവാടികളും കുട്ടികളുടെ പ്രിസ്കൂൾ വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കുന്നുണ്ട്. പൂർണ്ണമായിട്ടല്ലെങ്കിൽത്തന്നെ നഴ്സറി വിദ്യാഭ്യാസത്തിന്റെ ഏതാനും ധർമ്മങ്ങളം നിർവ്വഹിക്കാൻ അവയ്ക്കാകുന്നുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾക്കാകെകൂടി ഏറിയാൽ നാലുലക്ഷം കുട്ടികളെ മാത്രമേ ഉൾക്കൊള്ളാനാകൂ. ഒന്നര ലക്ഷത്തോളം കുട്ടികളും സ്വകാര്യ ഏജൻസികളും മറ്റു സ്ഥാപനങ്ങളും നടത്തുന്ന നഴ്സറിയിൽപ്പോകുന്നവരുമുണ്ടാകും. ഇതൊക്കെയായാലും എട്ടുലക്ഷത്തിലധികം കുട്ടികൾ ഇന്നും പ്രിസ്കൂൾ വിദ്യാഭ്യാസത്തിന്നവസരം കിട്ടാതെ കഴിയുന്നു. പഴയ കൂട്ടുകുടുംബങ്ങളുടെ തകർച്ചയോടെ മൂന്നുവയസ്സിനും അഞ്ചുവയസ്സിനും ഇടയ്ക്ക് പ്രായമുള്ള മിക്കകുട്ടികൾക്കും പ്രിസ്കൂൾ വിദ്യാഭ്യാസം ഒരാവശ്യമായിവന്നിരിക്കയാണ്. പ്രാഥമിക വിദ്യാഭ്യാസത്തിന്നുപോലും വേണ്ടത്ര സൗകര്യങ്ങളേർപ്പെടുത്താൻ കഴിയാത്ത സർക്കാരിന്ന്, ഇന്നത്തെ നിലയിൽ പുറത്തുനിൽക്കുന്ന എട്ടുലക്ഷത്തിലധികം കുട്ടികളിൽ പകുതിപ്പേർക്കുപോലും നഴ്സറി സൗകര്യമുണ്ടാക്കിക്കൊടുക്കാൻ കഴിയില്ല. അതേസമയം രക്ഷിതാക്കൾക്ക് പ്രിസ്കൂൾ വിദ്യാഭ്യാസം ആവശ്യമാണെന്ന ബോധം വളർന്നുവരുന്നുമുണ്ട്. ഈ സൗകര്യം മുതലെടുത്ത് നാട്ടിൽ ധാരാളം ഇംഗ്ലീഷ് മീഡിയം നഴ്സറികൾ ഉയർന്നുവരുന്നുണ്ട്. ഇവയിൽ ഭൂരിപക്ഷവും കച്ചവടലക്ഷ്യത്തോടെ ഉയർന്ന ഫീസു വാങ്ങുന്നവയാണ്. പ്രിസ്കൂൾ വിദ്യാഭ്യാസം ശാസ്ത്രീയമായി കുട്ടികൾക്ക് നല്കുന്നതിനുപകരം, പ്രൈമറി വിദ്യാഭ്യാസത്തിനുപകരമാവാനാണ് ഈ സ്ഥാപനങ്ങളിൽ പലതും ശ്രദ്ധിക്കുന്നതു്. രണ്ടുതരത്തിലുള്ള ദ്രോഹമാണ് ഇംഗ്ലീഷ് മീഡിയം നഴ്സറികൾ ചെയ്യുന്നതു്: ഒന്നാമതായി പിഞ്ചുകുട്ടികളെ അവരുടെ മാതൃഭാഷയിൽനിന്നും സംസ്കാരത്തിൽനിന്നും പിടിച്ചകറ്റി, അവരുടെ അപകമനസ്കതകളിൽ മറ്റൊരു ഭാഷയും മറ്റൊരു സംസ്കാരവും അടിച്ചേൽപ്പിക്കുയറാൻ ശ്രമിക്കുന്നു. ഇപ്പോഴും വിട്ടുമാറാത്ത കൊളോണിയൽ അടിമത്വബോധം നിമിത്തം, ഇതൊരു വലിയ നേട്ടമാണെന്ന പ്രചരണത്തിൽ രക്ഷിതാക്കളിൽ പലരും കുടുങ്ങിപ്പോകുന്നു. അതുകൊണ്ടുതന്നെ ഇംഗ്ലീഷ് മീഡിയം നഴ്സറികളിൽ പ്രവേശനത്തിനും ഫീസിനുമായി വലിയ സംഖ്യകൾ നൽകാൻ അവർ തയ്യാറാകുന്നു. ഇത്തരം നഴ്സറികൾ, അവയുടെ കച്ചവടലക്ഷ്യത്തിനുപുറമെ, നന്നെ ചെറുപ്പത്തിൽത്തന്നെ കുട്ടികളുടെ

മനോഭാവത്തിലും കാഴ്ചപ്പാടിലും നമ്മുടെ സംസ്കാരത്തിനു നിരക്കാത്ത മാറ്റങ്ങളുണ്ടാക്കാൻ ബോധപൂർവ്വം ശ്രമിക്കുന്ന സ്ഥാപനങ്ങളാണ്. കുട്ടികളുടെ മാനസിക വളർച്ചയുമായി, അവയിൽ നടക്കുന്ന പ്രിസ്കൂൾ വിദ്യാഭ്യാസത്തിനു് യാതൊരു ബന്ധവുമില്ല. രണ്ടാമതായി, പ്രമാണിമാരുടെ കുട്ടികൾ പഠിക്കുന്ന ഇംഗ്ലീഷ് മീഡിയം നഴ്സറിയിൽ നടക്കുന്നതെന്തോ അതാണു് ശരിയായ പ്രിസ്കൂൾ വിദ്യാഭ്യാസമെന്നു് തെറ്റിദ്ധരിച്ച രക്ഷിതാക്കൾ, അംഗൻവാടി, ബാലവാടി തുടങ്ങിയ നാടൻ സ്ഥാപനങ്ങളെ അവഗണിക്കുകയും, അവയിലെ പ്രവർത്തകരെ ''പഠിപ്പിക്കാൻ'' നിർബ്ബന്ധിക്കുകയും ചെയ്യുന്നു.

ഇന്നു് അംഗീകൃത സ്കൂളുകളിലേയുള്ള ചവിട്ടുപടിയായിട്ടാണു് തല്പരകക്ഷികൾ ഇംഗ്ലീഷ് മീഡിയം നഴ്സറികളെ ഉപയോഗപ്പെടുത്തുന്നതു്. അതുകൊണ്ടുതന്നെയാണു്, രക്ഷിതാക്കളുടെ കണ്ണിൽ അവയ്ക്കു് ഡിമാൻഡ് കൂടിയിരിക്കുന്നതു്.

പ്രിസ്കൂൾ വിദ്യാഭ്യാസത്തിലെ കച്ചവടം നിലയ്ക്കണമെങ്കിൽ, ഈ രംഗത്തു് സർക്കാർ ഫലപ്രദമായി ഇടപെടണം. ഇന്നു് ഓരോ സബ് ജില്ലയിലും സർക്കാർവക ഓരോ നഴ്സറി സ്ഥാപിക്കാനാണു് തീരുമാനം. യഥാർത്ഥത്തിൽ ഓരോ പ്രൈമറി സ്കൂളിനോടനുബന്ധിച്ചും ഓരോ നഴ്സറിയുണ്ടാവണം. ഈ ലക്ഷ്യം എന്നാണു് നിറവേറുക എന്നു പറയാൻ വയ്യ. എന്തായാലും രക്ഷിതാക്കളുടെ അംഗീകാരം നേടാൻ തുമ്പിയെക്കൊണ്ടു കല്ലെടുപ്പിക്കുന്ന മാതിരി, പ്രിസ്കൂൾ കുട്ടികൾക്കു് പ്രൈമറി വിദ്യാഭ്യാസം നല്കുന്ന ഏർപ്പാടു്, അതും മറ്റൊരു ഭാഷയിൽ അശാസ്ത്രീയവും ദോഷകരവുമാണു്. പ്രിസ്കൂൾ വിദ്യാഭ്യാസത്തിനു് ഒരു ഏകീകൃത രൂപമില്ലാത്തതിനാൽ, ആക്ഷേപം എന്തും ചെയ്യാമെന്ന സ്ഥിതിയാണിന്നു് സർക്കാർ നടത്തുന്ന നഴ്സറികളുടെ രീതിയിൽ മറ്റുള്ളവയും പ്രവർത്തിക്കണമെന്നു് നിഷ്കർഷിക്കുകയും അവയെ പരിശോധനാവിധേയമാക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യണം.

ശരിയായ പ്രിസ്കൂൾ വിദ്യാഭ്യാസം എന്താണെന്നുള്ള ബോധം ഇന്നു ഭൂരിപക്ഷം രക്ഷിതാക്കൾക്കുമില്ല. അതുകൊണ്ടാണവരിൽ പണമുള്ളവർ മമ്മി—ഡാഡി നഴ്സറികളുടെ പിറകെപോകുന്നതു്. അംഗൻവാടികളേയും ബാലവാടികളേയും അവഗണിക്കുന്നതു്. പ്രിസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചു് ആദ്യം രക്ഷിതാക്കൾ

ക്ക് ബോധമുണ്ടാവണം. അംഗൻവാടികളോടും ബാലവാടികളോടും ബന്ധപ്പെട്ട്, രക്ഷിതാക്കൾക്കുവേണ്ടി പ്രത്യേകം ക്ലാസ്സുകൾ നടത്തി ഇനിയും ശ്രമിക്കേണ്ടതാണ്.

7. സമ്പൂർണ്ണ സാക്ഷരത–കേരളത്തിൽ

പ്രീസ്കൂൾ മുതൽ സർവ്വകലാശാലവരെയുള്ള എല്ലാ വിദ്യാഭ്യാസമണ്ഡലങ്ങളും കേരളത്തിൽ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ ശ്രദ്ധേയമാണ്. ഔപചാരിക വിദ്യാഭ്യാസരംഗത്തും, പ്രീസ്കൂൾ വിദ്യാഭ്യാസത്തിനുപോലും പ്രവർത്തിക്കാൻ പലതരത്തിലുള്ള ഏജൻസികളുണ്ട്. അവയുടെ കൂട്ടത്തിൽ ഏറ്റവും സന്നാഹത്തോടെ പ്രവർത്തിക്കുന്ന സംഘടിത സ്വകാര്യ ഏജൻസി വിദ്യാഭ്യാസരംഗത്തു നടത്തുന്ന സ്വകാര്യവല്ക്കരണത്തെക്കുറിച്ചും അവരുടെ കച്ചവടലക്ഷ്യത്തെക്കുറിച്ചും ഏറെ പറഞ്ഞു കഴിഞ്ഞു. എന്നാൽ ഏതാനും ചില സന്നദ്ധ സംഘടനകളല്ലാതെ, സംഘടിത സ്വകാര്യ ഏജൻസി ഒരിക്കലും തിരിഞ്ഞുനോക്കാൻ തയ്യാറാവാത്ത ഒരു വിദ്യാഭ്യാസ വിഭാഗം നമ്മുടെ നാട്ടിലുണ്ട്. ഒരുപക്ഷെ ദേശീയ ഉല്പാദനക്ഷമതയിലും ജനാധിപത്യ മൂല്യങ്ങളുടെ നിലനില്പിലും ഏറ്റവും പ്രധാന പങ്കു വഹിക്കുന്ന വിദ്യാഭ്യാസ ക്രമമെന്നു് അതിനെക്കുറിച്ചു പറയാം. വയോജന വിദ്യാഭ്യാസവും അനൗപചാരിക വിദ്യാഭ്യാസവുമാണതു്. വിദ്യാഭ്യാസ സേവനം ജീവിതമാക്കിയ സംഘടിതസ്വകാര്യ ഏജൻസികൾ എന്തുകൊണ്ട് ഈ രംഗം ശ്രദ്ധിക്കുന്നില്ല? ഇതു നാട്ടിന്നാവശ്യമല്ലാത്തതുകൊണ്ടാവാൻ ന്യായമില്ല. കാരണം മറ്റൊന്നാ ആവും. ഔപചാരിക രംഗത്തു് സ്വപ്രതാപികളായി വാഴുന്ന സംഘടിത സ്വകാര്യ ഏജൻസികൾ വയോജന വിദ്യാഭ്യാസംകൂടി ഒന്നു ശ്രദ്ധിക്കാൻ തയ്യാറായാൽ ആറുമാസത്തിനകം കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കാൻ കഴിയും. പക്ഷെ പറഞ്ഞിട്ടെന്തു കാര്യം? വയോജന വിദ്യാഭ്യാസകേന്ദ്രം തുടങ്ങിയതുകൊണ്ട് ഉദ്യോഗധനവും പ്രവേശനധനവും കിട്ടില്ലല്ലൊ.

അഖിലേന്ത്യാടിസ്ഥാനത്തിനും, രാഷ്ട്രത്തിനു താങ്ങാനാവാത്ത ഭാരമായി വളരുകയാണ് നിരക്ഷരത. ഇന്ത്യയിലിന്ന് 47 കോടി നിരക്ഷരരുണ്ട്. സ്വാതന്ത്ര്യം ലഭിക്കുന്ന കാലത്തു് ഇന്ത്യയിലാകെയുണ്ടായിരുന്ന ജനസംഖ്യയുടെ ഒന്നാ ഇരട്ടിയേക്കാളധികം. ഈ

നൂറാണ്ടിന്റെ അവസാനത്തോടെ നിരക്ഷരരുടെ സംഖ്യ 50 കോടിയിൽക്കവിയുമെന്നാണ് കണക്ക്. നിരക്ഷരരായ ഒരു ജനതയെ വെച്ചുകൊണ്ടുള്ള രാഷ്ട്രപുനർനിർമ്മാണവും ജനാധിപത്യ ക്രമവുമൊക്കെ, അടിയുറപ്പുള്ളവയാവില്ല. ഇന്ത്യയുടെ അതേ സാഹചര്യമുണ്ടായിരുന്ന പല രാഷ്ട്രങ്ങളും, യുദ്ധകാലപ്രാധാന്യത്തോടെ പരിപാടികളാവിഷ്കരിച്ച് പ്രശ്നം പരിഹരിച്ചു. എന്നാൽ അത്തരമൊരു സമീപനം ഇന്ത്യയെ സംബന്ധിച്ചിടത്തോളം ആവശ്യമാണോയെന്ന് സൂക്ഷ്മമായി പരിശോധിക്കേണ്ടിയിരിക്കുന്നു എന്നാണ് ഇന്ത്യാ ഗവണ്മെണ്ടിന്റെ പുത്തൻ വിദ്യാഭ്യാസ നയപരിപ്രേക്ഷ്യരേഖ പറയുന്നത്. സ്വാതന്ത്ര്യം ലഭിച്ച് 38 വർഷത്തിനുശേഷവും നിരക്ഷരത നീക്കേണ്ടതു് ആവശ്യമാണോ എന്ന കാര്യം ഇനിയും തീരുമാനിക്കണമത്രെ. ഏഴാം പദ്ധതിയിലാകെ വയോജന വിദ്യാഭ്യാസത്തിനനുവദിച്ചിരിക്കുന്നതു് 360 കോടി രൂപയാണ്. ടെലിവിഷൻ വഴിയുള്ള വിദൂര വിദ്യാഭ്യാസമാണ് നിരക്ഷരതാ നിർമാർജ്ജനത്തിനുള്ള പരിപാടിയായിപ്പറയുന്നതു്. എത്ര ഫലപ്രദം എത്ര എളുപ്പം.

ഇന്ത്യയിലെ നിരക്ഷരത പെരുകിവരുന്നതിനു് കാരണംപോറെ അന്വേഷിക്കണമെന്നില്ല. പേരിനെന്തെങ്കിലും ചെയ്യണമെന്നല്ലാതെ സക്കാരിനു വളരെ താല്പര്യമുള്ള വിഷയമൊന്നുമല്ല, അതു്. ഒരു വശത്തു് നിരക്ഷരത നീക്കാൻ പരിപാടിയില്ലാതിരിക്കുകയും മറുവശത്തു് പ്രാഥമിക വിദ്യാഭ്യാസം ഫലപ്രദമല്ലാതിരിക്കുകയും ചെയ്യുമ്പോൾ, നിരക്ഷരരുടെ സംഖ്യ അതിവേഗം വർദ്ധിച്ചുവരും. സാക്ഷരതയിൽ കേരളം ഈ നൂറാണ്ടിന്റെ ആരംഭംമുതൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളുടെ മുന്നിലായിരുന്നു. 1901-ൽ ഇന്ത്യയിലെ ശരാശരി സാക്ഷരത 5.35 ശതമാനമായിരുന്നപ്പോൾ കേരളത്തിലേതു് 11.14 ശതമാനമായിരുന്നു. 1981—ലെ സെൻസസ് പ്രകാരം ഇന്ത്യൻ ശരാശരി 36.03 ശതമാനവും കേരളത്തിലേതു് 70.42 ശതമാനവുമാണ്. 81ലെ കാനേഷുമാരിക്കണക്കനുസരിച്ച് കേരളത്തിൽ ഇന്നും 29.58 ശതമാനം നിരക്ഷരരുണ്ട്. ഏറ്റവും കൂടുതൽ നിരക്ഷരരുള്ളതു് പാലക്കാട് ജില്ലയിലാണ്. രണ്ടാംസ്ഥാനം വയനാടിനും, മൂന്നാംസ്ഥാനം മലപ്പുറം ജില്ലയ്ക്കുമാണ്. പിന്നോക്ക വിഭാഗങ്ങളും, സ്ത്രീകളും, ആദിവാസികളും എന്നിവരിലാണ് നിരക്ഷരത കൂടുതൽ. നിരക്ഷരത നീക്കാൻ സർക്കാരിനുചില സംവിധാനങ്ങളുമുണ്ട്. ചില അനൗപചാരിക സംഘടനകളും നിരക്ഷരതാ നിർമ്മാർജന

പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ വേണ്ടത്ര ആവശ്യബോധമോ പ്രചോദനമോ ഇല്ലാത്തതിനാൽ ഈ വക ശ്രമങ്ങൾ കുറച്ചു മാത്രമേ ഫലപ്രദമായുള്ളൂ. മറ്റു സംസ്ഥാനങ്ങളിൽ വലിയൊരു സംഘം നിരക്ഷരർക്കിടയിൽ ഏതാനും സാക്ഷരർ ജീവിക്കുമ്പോൾ കേരളത്തിൽ മറിച്ചാണവസ്ഥിതി. സമൂഹം ഒന്നാകെ താല്പര്യമെടുക്കുകയാണെങ്കിൽ, ഒറ്റക്കുതിക്കു പരിഹരിക്കപ്പെടാവുന്നതേയുള്ളൂ, പ്രശ്നം. നിരക്ഷരത നാട്ടിന്നപമാനമാണ്. അതു പരിഹരിച്ചേ മതിയാവൂയെന്നബോധം ചുരുങ്ങിയപക്ഷം പുരോഗമന സ്വഭാവമുള്ള പ്രസ്ഥാനങ്ങൾക്കെങ്കിലും ഉണ്ടായാലേ ഇതു സാധിക്കൂ. വിദ്യാസമ്പന്നർക്കിടയിൽ നിരക്ഷരനായിക്കഴിയേണ്ടിവരിക മോശമാണെന്ന തോന്നൽ വ്യക്തികൾക്കുണ്ടാകണം, നമ്മുടേതുപോലുള്ള ഒരു പരിഷ്കൃത സമൂഹത്തിൽ, നിരക്ഷരത നിലനില്ക്കുകയെന്നതു് അപരിഷ്കൃതമാണെന്നുള്ള തോന്നൽ, ബഹുജന പ്രസ്ഥാനങ്ങൾക്കുമുണ്ടാകണം. പ്രാപ്യവും സന്നദ്ധവുമായ എല്ലാ വ്യക്തികളേയും സംഘടനകളേയും പങ്കെടുപ്പിച്ചുകൊണ്ട് നിരക്ഷരതാ നിർമ്മാർജനത്തിന്നാവശ്യമായ ഒരു ബഹുജനപ്രസ്ഥാനം കെട്ടിപ്പടുത്തുകൊണ്ടല്ലാതെ കേരളത്തിലെ നിരക്ഷരത പരിഹരിക്കാൻപററില്ല. അഞ്ചു് വർഷത്തിനുള്ളിൽ സമ്പൂർണ്ണസാക്ഷരത കൈവരിച്ച ഒരു സംസ്ഥാനമാക്കി കേരളത്തെ മാറ്റുകയെന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

8. ഉന്നതവിദ്യാഭ്യാസവും പ്രിഡിഗ്രിയും

പ്രീസ്കൂൾ വിദ്യാഭ്യാസം മുതൽ വയോജന വിദ്യാഭ്യാസം വരെയുള്ള ബഹുജന വിദ്യാഭ്യാസത്തിന്റെ വിടിന്നഘട്ടങ്ങളെക്കുറിച്ചാണല്ലൊ ഇതുവരെ പരാമർശിക്കപ്പെട്ടതു്. ഇവയെല്ലാം അവഗണനയുടേയും അശാസ്ത്രീയതയുടേയും കോമാളിച്ചന്തയായിക്കിടക്കുന്ന സ്ഥിതിയാണിവിടെയുള്ളതു്. നാടിന്റെ ഭാവിയെ കരുപ്പിടിപ്പിക്കുന്ന, അതീവ ഗൗരവമുള്ള ഒരു പ്രക്രിയയാണു് വിദ്യാഭ്യാസമെന്നബോധം അതു കൈകാര്യം ചെയ്യുന്നവർക്കില്ല. വിദ്യയും വിദ്യാഭ്യാസവും കച്ചവടച്ചരക്കാക്കി മാറ്റുന്ന സ്വകാര്യ ഏജൻസിയുടേയും, വിദ്യാഭ്യാസം തങ്ങളുടെ പ്രത്യേകാവകാശമായി ഒതുക്കിനിർത്താൻ തന്ത്രപരമായി ശ്രമിച്ചുകൊണ്ടിരിക്കുന്ന വരേണ്യ വിഭാഗത്തിന്റേയും സ്വാധീനത്തിലിരിക്കുന്ന കാലത്തോളം, ജനാധിപത്യ സംവിധാനത്തിനനുയോജ്യമായ വിധത്തിൽ, സമഗ്രമായ ഒരു

വിദ്യാഭ്യാസപരിഷ്കാരം ഇവിടെ എളുപ്പമല്ല. കൊളോണിയൽ പാരമ്പര്യത്തിൽ പിറന്നുവീണ വിഭ്യാഭ്യാസ സംപ്രദായത്തെ കാലാനുസൃതമായി പരിഷ്കരിച്ചു മുന്നോട്ടു നീക്കുന്നതിനുപകരം, ചക്കിനുകെട്ടിയകാളയെപ്പോലെ വട്ടത്തിലോടിക്കുകയും, തരംകിട്ടിയാൽ പിറകോട്ടോടിക്കുകയും ചെയ്യാൻ ശ്രമിക്കുന്നവരുടെ കയ്യിലാണ് അതിന്റെ നിയന്ത്രണം. വിദ്യാഭ്യാസരംഗത്തു നടക്കുന്ന എല്ലാ പരിഷ്കാരങ്ങളുടേയും പിറകിൽ, ഈ പരിമിതി അതിശക്തമായി പ്രവർത്തിക്കുന്നു. മൊത്തം സമൂഹത്തിന്റെ ആവശ്യങ്ങളേക്കാളേറെ ഭരണവർഗ്ഗത്തിന്റെ താല്പര്യങ്ങളായിരിക്കും പരിഷ്കാരങ്ങളുടെ നിയാമകശക്തി. ഈ അടുത്ത കാലത്തു നടന്ന ഏതൊരു വിദ്യാഭ്യാസ പരിഷ്കാരവും ഇപ്പറഞ്ഞതിന്നുത്സർഗ്ഗമായെടുക്കാം. ഇക്കാരണത്താൽ, ഓരോ വിദ്യാഭ്യാസ പരിഷ്കാരവും അരങ്ങേറുമ്പോൾ, അതുകൊണ്ടു ദോഷമനുഭവിക്കേണ്ടിവരുന്നവരുടെ മുറവിളി, നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തെ കലുഷിതമാക്കുകയെന്നതു് ഒരു സാധാരണ സംഭവമായി മാറിയിരിക്കുന്നു.

1. ഭരണരംഗത്തായാലും വികസന വൈജ്ഞാനിക മണ്ഡലങ്ങളിലായാലും നാടിന്റെ നേതൃത്വം ഉരുത്തിരിഞ്ഞുവരേണ്ടതു് ഉന്നതവിദ്യാഭ്യാസത്തിൽനിന്നാണ്. അതുകൊണ്ടുതന്നെ സമൂഹം ഏതു ദിശയിൽ നീങ്ങണമെന്നതിന്റെ ആദ്യത്തെ ആസൂത്രണവും തയ്യാറെടുപ്പും നടക്കേണ്ടതു് ഉന്നതവിദ്യാഭ്യാസരംഗത്തുതന്നെ. അതിനുപകരം കച്ചവട വിദ്യാഭ്യാസത്തിന്റെ ഒഴുക്കിൽപ്പെട്ട്, അറിവും മുൻകയ്യുമില്ലാത്ത അനേകായിരം തൊഴിലന്വേഷകരെ പടച്ചുവിടുന്ന ഫാക്ടറികളായി നമ്മുടെ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾ മാറിയിരിക്കുന്നു. ആക്ഷേപവിമുക്തമാകുന്നതിന്നുപകരം, ഉന്നതവിദ്യാഭ്യാസമാകെ പലതരം അശാസ്ത്രീയതകളുടേയും അഴിമതികളുടേയും കൂടായിമാറിയിരിക്കയാണ്. ആളുകൾക്ക് പരീക്ഷയിലും ബിരുദത്തിലുമുള്ള വിശ്വാസം കുറഞ്ഞിരിക്കുന്നു. ഉന്നതവിദ്യാഭ്യാസം മെച്ചപ്പെടുത്തണമെന്ന ലക്ഷ്യത്തോടെ ഗവണ്മെണ്ട് പല കമ്മീഷനുകളേയും നിയമിച്ച് പഠനങ്ങൾ നടത്തുകയും അവയുടെ അടിസ്ഥാനത്തിൽ ചില പരിഷ്കാരങ്ങൾ നടത്താനൊരുമ്പെടുകയും ചെയ്യുന്നുണ്ട്. ആദിശേഷയ്യക്കമ്മീഷനും, ഗോപാലൻ കമ്മീഷനുമൊക്കെ ഉന്നതവിദ്യാഭ്യാസം ചൊവ്വാക്കാൻവേണ്ടി ഏർപ്പെടുത്തിയവയാകുന്നു. കേന്ദ്രഗവണ്മെണ്ടിന്റെ പുത്തൻ വിദ്യാഭ്യാസനയത്തിൽ ഉന്നതവിദ്യാഭ്യാസം മെച്ചപ്പെടുത്താൻവേണ്ടി ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. ഉൽകൃഷ്ടതാ കേന്ദ്രങ്ങൾ സ്ഥാപി

ക്കലും, ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കലും, ഡിഗ്രിയും ജോലിയും തമ്മിലുള്ള ബന്ധം വേർപ്പെടുത്തലും, ഉന്നത വിദ്യാഭ്യാസരംഗത്തെ അരാഷ്ട്രീയവല്ക്കരണവുമൊക്കെ അക്കൂട്ടത്തിൽപ്പെടുന്നു. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ നടപ്പിലാക്കേണ്ട ധാരാളം പരിപാടികളും ആദിശേഷയ്യക്കമ്മീഷനും മുന്നോട്ടുവെച്ചിട്ടുണ്ട്. ആട്ടോണമസ് കോളേജുകൾ ആരംഭിക്കൽ, ഫീസ് വർദ്ധിപ്പിക്കൽ, സർവ്വകലാശാലാ ഭരണസമിതികളുടെ ജനാധിപത്യ സ്വഭാവം നിർത്തലാക്കൽ, പ്രിഡിഗ്രിക്ക് പ്രത്യേക സംവിധാനമേർപ്പെടുത്തൽ മുതലായവ അക്കൂട്ടത്തിൽ ചിലതാണ്. വമ്പിച്ച പ്രാധാന്യത്തോടും വിദഗ്ദ്ധന്മാരുടെ ശ്രുപാർശയോടുംകൂടി ഔദ്യോഗികമായവതരിപ്പിക്കപ്പെട്ട ഈ പരിഷ്കാരങ്ങൾ അദ്ധ്യാപകരിൽനിന്നും വിദ്യാർത്ഥികളിൽനിന്നും രക്ഷിതാക്കളിൽനിന്നും ശക്തമായ എതിർപ്പു നേരിട്ടുകൊണ്ടിരിക്കുന്നു. സ്ഥിതിഗതികൾ മെച്ചപ്പെടുത്താൻവേണ്ടി മുന്നോട്ടുവെക്കപ്പെടുന്ന പരിഷ്കാരങ്ങൾ എതിർക്കപ്പെടുന്നതെന്തുകൊണ്ടാണ്? സമഗ്രസ്വഭാവമില്ലാത്തതിനാൽ ഇവയിൽ പലതും വെളിക്കാൻ തേച്ചതു പാണ്ടാകുന്ന മട്ടിലുള്ളവയാണ്. സമൂഹത്തിന്നുപൊതുവിൽ ഗുണകരമാകുന്നതിന്നുപകരം ഈ പരിഷ്കാരങ്ങൾ, ഉപരിവർഗ്ഗത്തിനുമാത്രം നേട്ടമുണ്ടാക്കുന്നവയോ, കുരാപ്പുകാരന്റെ കയ്യിലെ കത്തിയെന്നതുപോലെ, ഇന്നത്തെ സാഹചര്യത്തിൽ, സാധാരണക്കാർക്കെതിരെ ഉപയോഗിക്കാൻ പറ്റുന്നവയോയാണ്. ഉദാഹരണമായി, ഉന്നതവിദ്യാഭ്യാസരംഗത്തെ ഫീസ് വർദ്ധിപ്പിക്കുക എന്നൊരു നിർദ്ദേശം, ആദിശേഷയ്യക്കമ്മീഷനും, വിദ്യാഭ്യാസത്തിന്റെ ഉന്നതാധികാരക്കമ്മിറ്റിയും, കേന്ദ്ര സക്കാരിന്റെ പുത്തൻ വിദ്യാഭ്യാസനയവും മുന്നോട്ടുവെയ്ക്കുന്നുണ്ട്. വിദ്യാഭ്യാസത്തിനുവേണ്ടി സർക്കാർ സഹിക്കേണ്ടിവരുന്ന നഷ്ടം ലഘൂകരിക്കാൻ വേണ്ടിയാണത്രെ ഇങ്ങനെയൊരു പരിഷ്കാരം. നമ്മുടെയൊക്കെ സർക്കാരായതുകൊണ്ട്, തീർച്ചയായും നഷ്ടംവരാൻ പാടില്ല. പക്ഷെ, കച്ചവടംപോലെ ലാഭനഷ്ടം പരിശോധിക്കേണ്ട ഏർപ്പാടാണോ കുട്ടികളുടെ വിദ്യാഭ്യാസം? സമൂഹം ദീർഘകാലാടിസ്ഥാനത്തിൽ നടത്തുന്ന മുതൽമുടക്കാണ് വിദ്യാഭ്യാസമെന്നവകാശപ്പെടുന്നവർത്തന്നെയാണ്, അതേ മൂച്ചിൽ, കലാലയങ്ങളിലെ ഫീസ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെടുന്നതു്. റോഡുപണിയിലും, ആസ്പത്രി നിർമ്മാണത്തിലും ലാഭനഷ്ടം നോക്കാൻ കഴിയില്ലെങ്കിൽ, അത്രയുതന്നെ പ്രാധാന്യമുള്ള വിദ്യാഭ്യാസ ചിലവിലും ലാഭചേതക്കണ

ക്ക് ഒരു തടസ്സമാകരുതു്. ഇതൊന്നും അറിയത്തവരല്ല, ഫീസുവർദ്ധി പ്പിക്കണമെന്നാവശ്യപ്പെടുന്നവർ. സാധാരണക്കാരന്റെ കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസരംഗത്തേയ്ക്കു പ്രവേശിക്കാൻ, അതുയും തടസ്സം സൃഷ്ടിക്കുമെന്നതാണു്, ഫീസുവർദ്ധന, പാഠ്യപുസ്തകങ്ങളുടെ വില വർദ്ധന തുടങ്ങിയ ലാഭേഷ്ടാധിഷ്ഠിത പരിഷ്കാരങ്ങളുടെ അനന്തര ഫലം. ഒരുപക്ഷെ ഈ നിർദ്ദേശംവെച്ചവർ ലക്ഷ്യമാക്കുന്നതും അതുതന്നെയായിരിക്കും.

2. ഉന്നത വിദ്യാഭ്യാസത്തിന്റെ മേന്മയും ഗുണവും നഷ്ടപ്പെടുത്തുന്നതു് രാഷ്ട്രീയമാണെന്നാണു്, വിദ്യാഭ്യാസ പരിഷ്കർത്താക്കളും കേന്ദ്രസർക്കാരിന്റെ വിദ്യാഭ്യാസനയം രൂപീകരിച്ചവരും അവസാനമായി കണ്ടെത്തിയിരിക്കുന്നതു്. അതുകൊണ്ടു് ഉന്നത വിദ്യാഭ്യാസം നേരെയാകണമെങ്കിൽ, സരസ്വതീക്ഷേത്രങ്ങളിൽ നിന്നും രാഷ്ട്രീയത്തെ ചവുട്ടിപ്പുറത്താക്കിക്കൊള്ളുക. ശരിയായ ഏതൊരു വിദ്യാഭ്യാസ പരിഷ്കാരശ്രമവും, അതിന്റെ ഹാനിശ്രീകരിക്കേണ്ടതു് ഉന്നത വിദ്യാഭ്യാസരംഗത്തെ അരാഷ്ട്രീയവല്ക്കരിച്ചുകൊണ്ടാവണം. നമ്മുടെ സർവ്വകലാശാലകളും കോളേജുകളും വൈജ്ഞാനിക കേന്ദ്രങ്ങളെന്നതിനേക്കാൾ സംഘർഷ കേന്ദ്രങ്ങളായി രൂപംമാറുന്നതു്, അദ്ധ്യാപകരും, വിദ്യാർത്ഥികളും, ജീവനക്കാരും അമിതമായി രാഷ്ട്രീയം കളിക്കുന്നതുകൊണ്ടാണെന്നാണു് ആദിശേഷയ്യക്കമ്മീഷന്റെ നിഗമനം. അദ്ധ്യാപകനായ രാഷ്ട്രീയക്കാരൻ, പ്രൊഫഷണൽ രാഷ്ട്രീയക്കാരനേക്കാൾ അലവലാതിയും അപകടകാരിയുമാണെന്നു് കമ്മീഷൻ തുറന്നടിച്ചു പറഞ്ഞിട്ടുണ്ടു്. കൂടെക്കൂടെയുള്ള വിദ്യാർത്ഥിസമരങ്ങളും പാഠിപ്പുമുടക്കങ്ങളുമൊക്കെക്കണ്ടു് വിഷമിക്കുന്ന ശുദ്ധഗതിക്കാരനായ ഒരു രക്ഷിതാവു്, ഈ നിർദ്ദേശം കേൾക്കേണ്ട താമസം, അതിനു സ്തുതി പറയും. കുട്ടികളുടെ പഠനം നഷ്ടപ്പെടുത്തുന്ന ഈ രാഷ്ട്രീയമൊന്നവസാനിച്ചുകിട്ടിയാൽ എല്ലാം ഭംഗിയായിക്കൊള്ളും എന്നാണു് അയാളുടെ ആശ്വാസം. അതുകൊണ്ടു് അദ്ധ്യാപകരിൽനിന്നും വിദ്യാർത്ഥികളിൽനിന്നുമുണ്ടാകുന്ന രാഷ്ട്രീയം നിർത്താനുള്ള ഏതൊരു നീക്കത്തിനും രക്ഷിതാവിന്റെ സഹായമുണ്ടാകും. ഉന്നത വിദ്യാഭ്യാസരംഗത്തെ രാഷ്ട്രീയം നിർത്താൻവേണ്ടി സർക്കാർ ബഹുമുഖ പരിപാടികളാണാസൂത്രണം ചെയ്തിരിക്കുന്നതു്. സർവ്വകലാശാലകളുടെ ഭരണസമിതികളിലേക്കു നടക്കുന്ന തെരഞ്ഞെടുപ്പാണു് രാഷ്ട്രീയത്തിന്നോടിക്കയറാനുള്ള ഏണി

എന്നതുകൊണ്ട്, അതങ്ങു നിത്തലാക്കിക്കളയാം. ജനാധിപത്യവൽക്കരണമെന്നപേരിൽ നടക്കുന്ന ഈ തെരഞ്ഞെടുപ്പു കാരണമാണ്, വിദ്യാഭ്യാസവുമായി യാതൊരു ബന്ധവുമില്ലാത്തവർപോലും ജയിച്ചുവന്നു സെനറ്റിലും സിൻഡിക്കേറ്റിലുമൊക്കെ അംഗങ്ങളാകുന്നതു്. അരാഷ്ട്രീയവൽക്കരണത്തിന്റെപേരിൽ ഇതങ്ങു നിർത്തലാക്കിയാൽ, ഒരു വെടിക്കു രണ്ടു പക്ഷി. പകരം അക്കാദമിക് സമൂഹത്തിൽനിന്നുതന്നെ പറ്റിയ ആളുകളെ നോമിനേറ്റുചെയ്തു് സർവ്വകലാശാലാഭരണസമിതി രൂപീകരിക്കാം. വിദ്യാർത്ഥി രാഷ്ട്രീയത്തെ ഫലപ്രദമായി നേരിടാൻ സർവ്വകലാശാലക്കകത്തു് ഒരു പോലീസ്സ്റ്റേഷൻ സ്ഥാപിച്ചാൽ മതിയല്ലൊ.

3. രാഷ്ട്രീയത്തിന്റെ പേരുംപറഞ്ഞു് സർവ്വകലാശാലാ ഭരണസമിതികളുടെ ജനാധിപത്യസ്വഭാവം നശിപ്പിക്കാനാണു് പരിപാടി. ''കൊച്ചിൻ സർവ്വകലാശാല ഓർഡിനൻസു്'' എന്ന പേരിൽ ഇതിനുള്ള ചട്ടവട്ടങ്ങളും ആയിക്കഴിഞ്ഞു. ഈ നിയമം ക്രമേണ മറ്റു സർവ്വകലാശാലകളിലേക്കും വ്യാപിപ്പിക്കുകയേ വേണ്ടൂ. വളരെ ആപൽക്കരവും അശാസ്ത്രീയവുമായ ചില പ്രവണതകളാണു് ഈ നീക്കത്തിന്റെ പിറകിലുള്ളതു്. ഭരണസമിതി അംഗങ്ങളുടെ നോമിനേഷനുപുറകിലും രാഷ്ട്രീയമുണ്ടെന്ന വസ്തുത ആർക്കാണറിഞ്ഞുകൂടാത്തതു്? തെരഞ്ഞെടുപ്പാകുമ്പോഴും പല രാഷ്ട്രീയക്കാർ വന്നെന്നിരിക്കും. നോമിനേഷനിൽക്കൂടി ഏതെങ്കിലും ഒന്നോ രണ്ടോ രാഷ്ട്രീയക്കക്ഷിയുടെ ആളുകളെ അനായാസം അകത്തുകൊണ്ടുവരാം. ഇതേയുള്ളു വ്യത്യാസം. വാദത്തിനുവേണ്ടി തല്ക്കാലം നോമിനേഷനിൽക്കൂടി വരുന്നവരെല്ലാം, രാഷ്ട്രീയ കഥാഗന്ധം ഗ്രഹിക്കാത്ത പരിശുദ്ധ അക്കാഡമീഷ്യന്മാരാണെന്നു കരുതുക. അമ്മാതിരി വിശുദ്ധരൂപങ്ങളെ സർവ്വകലാശാലാ ഭരിക്കാനേല്പിക്കുന്നതാണോ ശരി. സ്വന്തം വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ളവർക്കൊക്കെ മറ്റെല്ലാ കാര്യങ്ങളിലും നേതൃത്വംനൽകാൻ കഴിയുമെന്നാണോ കരുതേണ്ടതു്. മറിച്ചാണനുഭവം. സ്വന്തം ഭാവിയുടെ ദിശയും ഗതിവേഗവും നിശ്ചയിക്കാൻ സമൂഹം ബോധപൂർവ്വം നടത്തുന്ന ഒരു പ്രക്രിയയാണു് വിദ്യാഭ്യാസം. ഉന്നത വിദ്യാഭ്യാസത്തിനാകട്ടെ, വിദ്യാഭ്യാസപ്രക്രിയയിൽ നേതൃത്വപരമായ ഒരു സ്ഥാനവുമുണ്ടു്. സമസ്ത മണ്ഡലങ്ങളേയും ചലനാത്മകമാക്കാനുള്ള വിദഗ്ദന്മാരും പ്രതിഭകളും സമൂഹത്തിലേക്കു് നേരിട്ടു കടന്നുവരു

ന്നതു് ഉന്നത വിദ്യാഭ്യാസരംഗത്തുനിന്നാണു്. അതുയും പ്രധാനപ്പെട്ട ഒരു സ്ഥാപനത്തിന്റെ ഭരണനേതൃത്വം വഹിക്കേണ്ടതു് സമൂഹത്തിന്റെ നട്ടുറിതന്നെയാണു്; എന്നുവെച്ചാൽ സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്നവർതന്നെയാണു്. അനുഭവസമ്പത്തും നേതൃത്വപരമായ കഴിവുമുള്ള ഇക്കൂട്ടരുടെ തീരുമാനം എന്തുകൊണ്ടും പ്രാതിനിധ്യ സ്വഭാവമുള്ളതാണു്. അതിനു പകരംനില്ക്കാൻ, അക്കാദമിക് സമൂഹത്തെമാത്രം പ്രതിനിധീകരിക്കുന്ന കുറെ വിദഗ്ധന്മാർക്കാവില്ല. ഇക്കാര്യം ശരിക്കും മനസ്സിലാക്കിക്കൊണ്ടുതന്നെയാണു് കോത്താരിക്കമ്മീഷൻ, സർവ്വകലാശാലാ ഭരണസമിതികളും, സമൂഹത്തിന്റെയാകെ പ്രാതിനിധ്യ സ്വഭാവമുള്ളവയാകണമെന്നു നിർദ്ദേശിച്ചതു്.

സർവ്വകലാശാലകളെപ്പോലുള്ള ഉന്നത വിദ്യാകേന്ദ്രങ്ങളുടെ ഭരണത്തിൽ പങ്കാളിത്തം ലഭിക്കുകയെന്നതു്, അതുമായി ബന്ധപ്പെട്ട അദ്ധ്യാപകർക്കും ജീവനക്കാർക്കും, വിദ്യാർത്ഥികൾക്കുമെന്നപോലെ, മറ്റു സാമൂഹ്യമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്നവർക്കും ഒരവകാശമാണു്. അരാഷ്ട്രീയവൽക്കരണം, ഗുണവൽക്കരണം എന്നെല്ലാമുള്ള തൊട്ടന്യായങ്ങളും പറഞ്ഞു് നിലനിന്നുവരുന്ന ഈ അവകാശം തിരിച്ചുപിടിക്കുന്നതു്, ജനാധിപത്യ സമൂഹത്തെ അവഹേളിക്കലാണു്. ഉന്നത വിദ്യാഭ്യാസരംഗത്തെ മുഴുവൻ കാര്യങ്ങളും ഉന്നത ശ്രേണിയിലുള്ള ഒരു പ്രത്യേക വിഭാഗത്തിന്റെ കൈപ്പിടിയിലാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണിതു്. വിദ്യാഭ്യാസത്തിൽ സാമൂഹ്യ പങ്കാളിത്തവും സാമൂഹ്യ നിയന്ത്രണവും അത്യാവശ്യമാണെന്നു് പെരുമ്പറയടിച്ചു വാദിക്കുന്നവരാണു്, മറുവശത്തുകൂടി, സമൂഹത്തിനു് ഉന്നതവിദ്യാഭ്യാസ നടത്തിപ്പിൻപേരിലുള്ള പങ്കാളിത്തംകൂടി തട്ടിപ്പറിക്കാൻ നോക്കുന്നതെന്നോർക്കണം.

ഉന്നത വിദ്യാഭ്യാസരംഗത്തെ മുഴുവൻ തകരാറുകൾക്കും രാഷ്ട്രീയമാണത്തരവാദിയെന്നവകാശപ്പെടുന്നതു് പ്രശ്നങ്ങളെ വളരെ ലളിതമായിക്കാണലോ കാണാൻ കൂട്ടാക്കാതിരിക്കലോ ആണു്. വിദ്യാർത്ഥികളും അദ്ധ്യാപകരുമൊക്കെ സമരങ്ങളും പ്രക്ഷോഭണങ്ങളും സംഘടിപ്പിക്കുന്നതു് രാഷ്ട്രീയപ്രേരിതമായിട്ടാണല്ലോ എന്നാണു് അധികാരികൾ ചോദിക്കുന്നതു്. വെറുതെ രാഷ്ട്രീയത്തിനുവേണ്ടി പണിമുടക്കു നടത്താൻ അക്കാദമിക്സമൂഹത്തെ കിട്ടുമെന്നു കരുതുന്നതു് തരംതാണ ചിന്താഗതിയാകുന്നു ഉന്നത വി

ഭ്യാഭ്യാസരംഗത്തു നടക്കുന്ന അസ്വസ്ഥതകൾക്കുത്തരവാദി, ആപാദചൂഡം വ്യാപിച്ചുനിൽക്കുന്ന അശാസ്ത്രീയതകളും അപാകതകളുമാണ്. കൂട്ടായ വിലപേശലിൽക്കൂടിയല്ലാതെ, അക്കാദമിക് സമൂഹത്തിലെ വിവിധ ഘടകങ്ങളുടെ മൗലികാവകാശങ്ങളും സേവനഭദ്രതയും ഉറപ്പുവരുത്താൻപറ്റാത്ത സാഹചര്യമാണിന്നുള്ളതു്. ഉന്നത വിദ്യാഭ്യാസമേഖലയുടെമേൽ സംഘടിതസ്വകാര്യമേഖലക്കുള്ള അമിതമായ നിയന്ത്രണവും അതിനെ സഹായിക്കുന്ന സർക്കാരിന്റെ നിലപാടും വിദ്യാഭ്യാസരംഗത്തെ രാഷ്ട്രീയവൽക്കരണത്തിന്റെ പ്രേരകഘടകമാണ്. ഈ വസ്തുത അംഗീകരിച്ചു്, അപാകതകൾക്കും അശാസ്ത്രീയതകൾക്കും പരിഹാരംകാണാൻ ശ്രമിക്കുന്നതിനുപകരം, രാഷ്ട്രീയമെന്ന പേരുംപറഞ്ഞു് അക്കാദമിക് സമൂഹത്തിന്റെ അഭിപ്രായ പ്രകടനസ്വാതന്ത്ര്യത്തെ പിടിച്ചുകെട്ടാനാണു് അധികൃതർ ശ്രമിക്കുന്നതു്, ഇതു പ്രശ്നത്തിനുള്ള പരിഹാരമല്ല.

സർവ്വകലാശാലകളുടെ ജനാധിപത്യസ്വഭാവം നശിപ്പിക്കലക്ഷ്യമുള്ള അരാഷ്ട്രീയവല്ക്കരണശ്രമങ്ങൾകൊണ്ടൊന്നും, ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കാനാവില്ല. അരാഷ്ട്രീയവൽക്കരണം മൂലമായി ഇരുട്ടുകൊണ്ടു് ഓട്ടയടക്കുന്ന വിദ്യകൾക്കുപകരം, കാലാനുസൃതമായ സിലബസ് പരിഷ്കരണം അദ്ധ്യയനരീതിയുടെ പരിഷ്കരണം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും അദ്ധ്യാപകരുടേയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, തുടങ്ങിയ സൃഷ്ടിപരമായ പരിഷ്കാരങ്ങളിൽക്കൂടി മാത്രമെ, ഉന്നതവിദ്യാഭ്യാസരംഗത്തെ അസ്വസ്ഥതകൾ പരിഹരിക്കാൻ കഴിയൂ.

4. ''നല്ലനിലയിൽ'' പ്രവർത്തിക്കുന്ന ചില കോളേജുകളെ സ്വയംഭരണാവകാശമുള്ള സ്ഥാപനങ്ങളായി ഉയർത്തുന്നതിനെക്കുറിച്ചു് കേൾക്കാൻ തുടങ്ങിയിട്ടു് കുറച്ചു കാലമായി. ആട്ടോണമസ് കോളേജുകൾ ഉന്നത വിദ്യാഭ്യാസരംഗത്തുണ്ടാക്കുന്ന ഗുണപരമായ മാറ്റങ്ങളെക്കുറിച്ചുകൊണ്ടു്, ആദിശേഷയ്യക്കമ്മീഷനും ഇവക്കുവേണ്ടി ശുപാർശചെയ്തിട്ടുണ്ടു്. ഉന്നത നിലവാരം പുലർത്തുന്ന ചില കോളേജുകളെ സർവ്വകലാശാലയുടെ അധികാരപരിധിയിൽനിന്നും മോചിപ്പിച്ചു്, അവക്കു് അദ്ധ്യാപകരെ നിയമിക്കാനും സിലബസ്സും പാഠ്യപുസ്തകങ്ങളും നിശ്ചയിക്കാനും പരീക്ഷകൾ നടത്താനുമുള്ള സ്വാതന്ത്ര്യം നല്കണമെന്നു് യു. ജി. സി. യും നിർദ്ദേശിച്ചിരിക്കുന്നു. സർവ്വകലാശാലയുടെ നിയന്ത്രണം നാമമാത്രമായും ബഹുജനപങ്കാളിത്തം

ഒട്ടുമില്ലാതെയുമിരിക്കുന്ന ഇന്നത്തെ സ്ഥിതിയിൽനിന്നും ചില സ്വകാര്യ കോളേജുകൾക്ക് പരിപൂർണ്ണ സ്വാതന്ത്ര്യമനുവദിക്കുക എന്നതാണ് ഇതുകൊണ്ടു സംഭവിക്കുന്നതു്. നല്ല നിലയിൽ പ്രവർത്തിക്കുന്ന കോളേജുകൾക്ക് കുറേകൂടി മാതൃകാപരമായി പ്രവർത്തിക്കാനുള്ള സൗകര്യവും സ്വാതന്ത്ര്യവും നല്കുക എന്ന ഉദ്ദേശ്യമാണ് ഇതിനു പിറകിലുള്ളതെങ്കിലും, കേരളത്തിൽ ഇത്തരമൊരു പരിപാടി, കുരങ്ങനു കള്ളു കൊടുത്തതുപോലെ ഗുണത്തേക്കാളേറെ ദ്രോഹമാണുണ്ടാക്കുക എന്ന വിമർശനവും ഇതിനെക്കുറിച്ചുണ്ട്. ജാതിമത സംഘടനകളും നടത്തുന്ന ചില കോളേജുകളായിരിക്കും, സ്വാഭാവികമായും ഇവിടെ സ്വയംഭരണ കോളേജുകളായി മോക്ഷം നേടാൻ പോകുന്നതു്. അവസ്ഥാണെങ്കിൽ ഇപ്പോൾത്തന്നെ ബഹുജനങ്ങളോടു് യാതൊരു ബാധ്യതയുമില്ല. സ്വയംഭരണംകൂടി കിട്ടിയാൽ ഇത്തരം സ്ഥാപനങ്ങളും സ്വജനപക്ഷപാതത്തിനേറെയും അഴിമതിയുടേയും കേന്ദ്രങ്ങളാകുമെന്ന ആശങ്ക അശേഷം അസ്ഥാനത്തല്ല. വിദ്യാഭ്യാസത്തെ വരേണ്യവല്ക്കരിക്കാൻ സ്വകാര്യ ഏജൻസികൾ നല്ലൊരു ബ്ലാങ്ക് ചെക്കായിരിക്കും, സ്വയംഭരണകോളേജുകളും.

5. ഇന്ത്യാഗവണ്മെണ്ടിന്റെ പുത്തൻവിദ്യാഭ്യാസ നയത്തിൽ ഒരു പ്രധാന പരിപാടിയാണ് ഓപ്പൺയൂണിവേഴ്സിറ്റി സ്ഥാപിക്കൽ. ഏറെ താമസിയാതെ കേരളത്തിലും ഇതിനുള്ള പരിപാടികളാരംഭിക്കുമെന്നറിയുന്നു. വിദ്യാഭ്യാസത്തിനുള്ള ഉന്നതാധികാരക്കമ്മിറ്റിയും ഓപ്പൺയൂണിവേഴ്സിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. എന്തായിരിക്കും വരാനിരിക്കുന്ന ഓപ്പൺയൂണിവേഴ്സിറ്റിയുടെ രൂപമെന്നറിയില്ല. ഓപ്പൺയൂണിവേഴ്സിറ്റിയെന്നതു് പ്രൈവറ്റ് റജിസ്ട്രേഷൻകാരുടെ പരീക്ഷ നടത്താനുള്ള കേന്ദ്രമോ കറസ്പോണ്ടൻസ് കോഴ്സിനുള്ള സ്ഥാപനമോ ആയി കാണരുതു്. ഓപ്പൺയൂണിവേഴ്സിറ്റിയെന്നാൽ നിലവിലുള്ള വിദ്യാഭ്യാസത്തിനുള്ള പകരംമാർഗ്ഗമല്ല. ആ രീതിയിൽ അതുപയോഗിക്കുന്നതു് ശരിയുമല്ല. അതിനെക്കുറിച്ചു കേൾക്കുന്ന പരാമർശങ്ങളും മറ്റു ചില സംസ്ഥാനങ്ങളിൽ അതു നടക്കുന്ന രീതിയും വെച്ചുകൊണ്ടാണ് ഇതും പറയുന്നതു്. ഓപ്പൺയൂണിവേഴ്സിറ്റി നടപ്പിലാക്കേണ്ടതു് വയോജന വിദ്യാഭ്യാസത്തിന്റെ ഭാഗമായാണ്. സ്ഥിരം തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരോ പുതിയ തൊഴിലുകളിലേർപ്പെടുന്നവരോ ആയ ആളുകൾക്ക് അവരുടെ തൊഴിലിനോടു ബന്ധപ്പെട്ട

വിഷയങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സംവിധാനമുണ്ടാക്കലാണ് ഓപ്പൺയൂണിവേഴ്സിറ്റിയുടെ മുഖ്യലക്ഷ്യം. പടിഞ്ഞാറൻ രാജ്യങ്ങളിൽ അതു നടക്കുന്നതു് ഈ രീതിയിലാണ്.

6. കോളേജദ്ധ്യാപകരേയും ജീവനക്കാരേയും സുദീർഘമായ ഒരു സമരത്തിലേക്കു വലിച്ചിഴക്കുകയും ഏറെ ചർച്ചചെയ്യപ്പെടുകയും ചെയ്ത ഒരു വിഷയമാണ് പ്രീഡിഗ്രി ബോർഡ് രൂപീകരണം. പ്രീഡിഗ്രി വിദ്യാഭ്യാസം ഒരു പ്രത്യേക ബോർഡിന്റെ കീഴിലാക്കാനാണ് ഗവർമ്മേണ്ട് നിശ്ചയിച്ചതു്. അഖിലേന്ത്യാരീതിയുമായി സമരസപ്പെടുത്താൻവേണ്ടി പത്താംക്ലാസിനുശേഷമുള്ള രണ്ടു വർഷത്തെ വിദ്യാഭ്യാസം സ്കൂളിലേക്കു മാറ്റാനുദ്ദേശമുണ്ടെന്നും പറയപ്പെട്ടിരുന്നു. ഈ മാറ്റത്തോടെ സംജാതമാകുന്ന തൊഴിൽ പ്രശ്നങ്ങളെക്കുറിച്ച് ഇവിടെ പരാമർശിക്കുന്നില്ല. എന്നാൽ അതിനോടൊപ്പം, തീരുമാനിക്കപ്പെടേണ്ട ചില അക്കാദമിക് പ്രശ്നങ്ങളുണ്ട്.

ഒന്നാമതായി, എന്താണ് പ്രീഡിഗ്രി വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം? ഇത്തരമൊരു കോഴ്സ് എന്തിനുവേണ്ടിയാണ് നടത്തുന്നതു്? ആദ്യം നിശ്ചയിക്കേണ്ടതിതാണ്. + 2 എന്നതു് സെക്കൻഡറിയിലെ ഉപരിവിദ്യാഭ്യാസമാണോ, അതോ, ഡിഗ്രിക്കു വേണ്ട അടിസ്ഥാന വിദ്യാഭ്യാസമാണോ? ഇക്കാര്യം നിശ്ചയിക്കാതെ + 2 എവിടെവേണം എന്നു തക്കിക്കുന്നതിലർത്ഥമില്ല.

1964–66ൽ കോത്താരിക്കമ്മീഷനാണ് 10 + 2 + 3 സമ്പ്രദായം ഇന്ത്യയ്ക്കാകെയുള്ള ഒരു പൊതുരീതിയായി നിർദ്ദേശിച്ചതു്. കോത്താരിക്കമ്മീഷൻ നിർദ്ദേശിച്ച + 2 എന്നതു് സെക്കൻഡറിയുടെ തുടർച്ചയായ ഹയർ സെക്കൻഡറി വിദ്യാഭ്യാസമായിരുന്നു. സ്കൂളിലാണതു നടത്തേണ്ടതു്. അതനുസരിച്ചുള്ള 10 + 2 കോഴ്സ്, മറെറാരു കോഴ്സിനുള്ള ഏണിപ്പടിയല്ല, സ്വയം സമ്പൂർണ്ണമായ ഒരു പാഠ്യപദ്ധതിയായിട്ടാണ് വിഭാവനം ചെയ്യപ്പെട്ടിരുന്നതു്. ഹയർ സെക്കൻഡറി വിദ്യാഭ്യാസക്കാലത്ത് വലിയൊരളവിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നല്കി, അമ്പതു ശതമാനം കുട്ടികളെയെങ്കിലും തൊഴിൽരംഗത്തേക്കും ജീവിതരംഗത്തേക്കും തിരിച്ചു വിടുകയായിരുന്നു, ഈ പദ്ധതിയുടെ ലക്ഷ്യം. സെക്കൻഡറി വിദ്യാഭ്യാസം കഴിഞ്ഞുവരുന്നവരൊക്കെ, ആവശ്യമില്ലാത്ത ഉന്നത വിദ്യാഭ്യാസരംഗത്തേക്ക് തള്ളിക്കയറാതിരിക്കാനുള്ള ഒരു മുൻകരുതൽകൂടിയായിരുന്നു ഇതു്. എന്നാൽ കോത്താരിക്കമ്മീഷൻ നിർദ്ദേശിച്ച

രീതിയിലുള്ള +2 വിദ്യാഭ്യാസം കേരളത്തിൽ നടപ്പിലാക്കിയില്ല. അതിനുമുമ്പുതന്നെ പഴയ ഇന്റർമീഡിയത്തിന്റെ ചുവട്പിടിച്ച്, ഡിഗ്രിക്കുള്ള തയ്യാറെടുപ്പെന്ന നിലയിൽ പത്താംക്ലാസിനുശേഷമുള്ള രണ്ടു വർഷത്തെ വിദ്യാഭ്യാസം പ്രീഡിഗ്രിയെന്ന പേരിൽ കേരളത്തിൽ നടപ്പിലാക്കികഴിഞ്ഞിരുന്നു. അമേരിക്കൻ ജൂനിയർ കോളേജുകളുടെ മാതൃകയിൽ അതു ജൂനിയർ കോളേജുകളിലുമാണ് ആരംഭിച്ചതു്. അങ്ങനെ ഡിഗ്രികോഴ്സിന്റെ മുന്നോടിയായി ആരംഭിച്ച പ്രീഡിഗ്രിതന്നെയാണ് ഇന്നത്തെ പ്രീഡിഗ്രി. അല്ലാതെ, ഹയർ സെക്കൻഡറി കോഴ്സായ +2 അല്ല.

ആരംഭംമുതല്ക്കേ കേരളത്തിൻ പ്രീഡിഗ്രിക്കു നിലവിലിരിക്കുന്ന സിലബസ്സും ഡിഗ്രിക്കുവേണ്ട അടിസ്ഥാന വിദ്യാഭ്യാസമെന്നനിലക്കുള്ളതാകുന്നു. യഥാർത്ഥത്തിൽ കേരളത്തിലെ പ്രീഡിഗ്രിയും ഡിഗ്രികോഴ്സുകളും ഒരേ പാഠ്യപദ്ധതിയുടെ രണ്ടു ഘട്ടങ്ങളാണ്. ബിരുദപഠനത്തിന്റെ അവസാനവർഷം മാത്രമാണ് ഏതെങ്കിലും പ്രത്യേക വിഷയത്തിലൂന്നിയ പഠനം നടക്കുന്നതു്. മൂന്നോ നാലോ ഐച്ഛിക വിഷയങ്ങളും ഇംഗ്ലീഷും ഭാഷയുമടങ്ങുന്ന പ്രീഡിഗ്രി കോഴ്സിന്റെ അതേ മാതൃകയിൽത്തന്നെയാണ് ഇംഗ്ലീഷ്, ഭാഷ, സബ്സിഡിയറി എന്ന പേരിൽ രണ്ടു വിഷയങ്ങളും ഐച്ഛികവിഷയത്തിന്റെ ചില പേപ്പറുകളും എന്നിവയടങ്ങുന്ന ആദ്യത്തെ രണ്ടു വർഷങ്ങളും ക്രമീകരിച്ചിട്ടുള്ളതു്. ഒരു പ്രത്യേക വിഷയത്തിൽ ബിരുദം നേടാനാഗ്രഹിക്കുന്ന വിദ്യാർത്ഥി പഠിക്കുന്ന 15 പേപ്പറുകളിൽ എട്ടെണ്ണം മാത്രമേ ഐച്ഛികവിഷയവുമായി ബന്ധപ്പെട്ടവയുള്ളൂ. അഞ്ചു പേപ്പറുകളും ഭാഷാപഠനത്തിനാണ്, രണ്ടെണ്ണം സബ്സിഡിയറിയും. പ്രീഡിഗ്രിയിലെ 11 പേപ്പറുകളിൽ, ആറെണ്ണം പ്രധാന വിഷയങ്ങളും അഞ്ചെണ്ണം ഭാഷയുമാണ്. പ്രീഡിഗ്രിയും ഡിഗ്രിയും തമ്മിൽ ഇവിടെയും വലിയ വ്യത്യാസമില്ല. ചുരുക്കത്തിൽ ബിരുദപഠനമെന്നതു് ഇവിടെ ഒരു ''ഉയർന്ന പ്രീഡിഗ്രി''കോഴ്സാണ്.

ഇന്നു നിലവിലുള്ള പ്രീഡിഗ്രിയുടെ അടിസ്ഥാന സ്വഭാവം വ്യക്തമാക്കാനാണിതുയും പറഞ്ഞതു്. അപ്രകാരമുള്ള ഒരു കോഴ്സ് നിലനിർത്തേണ്ടതെവിടെയാണെന്നു് വ്യക്തമാണല്ലൊ. +2 എന്ന കാലഗണനയുടെപേരിൽ ഇതിനേയും വിദ്യാഭ്യാസക്കമ്മീഷൻ നിർദ്ദേശിച്ച ഹയർ സെക്കൻഡറിയേയും ഒന്നായിക്കണ്ടാൽ പറ്റില്ല.

ഇക്കാരണംകൊണ്ടുതന്നെ ഇന്നത്തെ രീതിയിൽ ഇവിടെ നടക്കുന്ന പ്രീഡിഗ്രി സ്കൂളിലേക്കു മാറ്റിയിട്ടു കാര്യമില്ല. അഖിലേന്ത്യാരീതിയനുസരിച്ച് +2 കോഴ്സ് ഇതുപോലെതന്നെയാണോ വേണ്ടതെന്ന കാര്യം വേറെ തീരുമാനിക്കണം. അതു നിശ്ചയിക്കാൻ തയ്യാറാവാതെ, നിലവിലുള്ളതിനെ സ്കൂളിലേക്കു മാറ്റുന്നതുകൊണ്ടോ, പ്രത്യേക സംവിധാനമാക്കി ത്രിശങ്കുവിൽ നിർത്തുന്നതുകൊണ്ടോ, ഉന്നത വിദ്യാഭ്യാസരംഗത്തെ ഏതെങ്കിലും പ്രശ്നം പരിഹരിക്കപ്പെടുമെന്നു വിചാരിക്കുന്നതബദ്ധം. പരിഹരിക്കപ്പെടുന്നതിനുപകരം പ്രശ്നങ്ങൾ മൂർച്ഛിക്കുകയാണു് ചെയ്യുകയെന്നാണു് സംഭവങ്ങൾ വ്യക്തമാക്കുന്നതു്. ഇതുയൊക്കെയായിട്ടും, കഴിഞ്ഞ പത്തു പതിനാറു കൊല്ലമായി, യാതൊരനക്കവുമില്ലാതെ കിടന്നിരുന്ന ഒരു പ്രശ്നം പെട്ടെന്നു് കുത്തിപ്പൊക്കി, മറെറാരു വിധത്തിലാക്കാൻ ശ്രമിക്കുമ്പോൾ, അതിൻെറ പിറകിലുള്ള ഉദ്ദേശശുദ്ധിയെക്കുറിച്ചു് ആക്ഷേപം സംശയമുണ്ടാവുക സ്വാഭാവികമാണു്. യഥാർത്ഥത്തിൽ ഇവിടെ നടപ്പാക്കേണ്ടതു്, ഇന്നത്തെ പ്രീഡിഗ്രി സ്കൂളിലേക്കു മാറ്റുകയല്ല. 68—ലെ വിദ്യാഭ്യാസക്കമ്മീഷൻ നിർദ്ദേശിച്ച ഹയർ സെക്കൻഡറി വിദ്യാഭ്യാസം സ്കൂളുകളിൽ ആരംഭിക്കുകയാണു്.

9. വിദ്യാഭ്യാസവും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയും

ഏറെറവും രൂക്ഷമായ വിദ്യാഭ്യാസ പ്രശ്നം വിദ്യാഭ്യാസമണ്ഡലത്തിനു വെളിയിലാണു്, സമൂഹത്തിലാണു്. അതാണു് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ. നമ്മുടെ വിദ്യാഭ്യാസത്തിൻെറ, പ്രത്യേകിച്ചു് ഉന്നത വിദ്യാഭ്യാസത്തിൻെറ എല്ലാ മാന്യതയും വിശ്വാസ്യതയും കെടുത്തിക്കളയുന്നതു് ഈ പ്രശ്നമാണു്. ഒരു നിശ്ചിത വിദ്യാഭ്യാസ സമ്പ്രദായത്തെ സമൂഹം വിലമതിക്കുന്നതു് അതുകൊണ്ടു് സമൂഹത്തിനെന്തു പ്രയോജനമുണ്ടെന്നു വിലയിരുത്തിയിട്ടാണു്. ഇന്നത്തെ ഉന്നത വിദ്യാഭ്യാസംകൊണ്ടു് വളരെക്കുറച്ചു ഉപയോഗമേ സമൂഹത്തിനുള്ളു. ഇതിനുള്ള യഥാർത്ഥ ഉത്തരവാദി വിദ്യാഭ്യാസ സമ്പ്രദായമാണോ സമൂഹമാണോ എന്ന കാര്യത്തിൽ തർക്കമുണ്ടാകാം. എന്തായാലും അതുകൊണ്ടുള്ള സാമൂഹ്യപ്രയോജനംതന്നെ ചെറുതാണെന്ന വസ്തുത അവശേഷിക്കുന്നു. സമൂഹം ഏല്പിക്കുന്ന ചുമതല കൃത്യമായി നിർവ്വഹിക്കാൻ ഇന്നത്തെ ഭൂരി

പക്ഷം അഭ്യസ്തവിദ്യർക്കും കഴിയുന്നില്ല. അഥവാ, അവർക്ക് കൊടുക്കാവുന്ന ചുമതലകൾതന്നെ കുറച്ചേ സമൂഹത്തിന്റെ വരുതിയിലുള്ളൂ. അതുകൊണ്ടുതന്നെ പ്രയോജനമില്ലാത്ത ഒരു വിഭാഗത്തോടുള്ള പരിഗണന മാത്രമേ അഭ്യസ്തവിദ്യർക്ക് സമൂഹത്തിൽനിന്നും ലഭിക്കുന്നുള്ളൂ. അവർ അവഗണിക്കപ്പെടുന്നു.

സംഗതി കൂടുതൽ വ്യക്തമാക്കാൻ ശ്രമിക്കാം. 1983 സെപ്തംബറിൽ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേരു് റജിസ്റ്റർ ചെയ്ത 23.90 ലക്ഷം തൊഴിൽരഹിതർ കേരളത്തിലുണ്ടായിരുന്നു. ഇന്നു് അവരുടെ സംഖ്യ 25 ലക്ഷത്തിൽ അധികമായിക്കാണും. ഇവരിൽ 11.934 ലക്ഷം പ്രീഡിഗ്രിക്കാരാണു്. ബിരുദധാരികൾ 9.5 ലക്ഷം. ബിരുദാനന്തരബിരുദക്കാർ 7404. കേരളത്തിലെ ജനസംഖ്യ 250 ലക്ഷം. ഇതിൽ 15 വയസ്സിൽ കുറവും 60 വയസ്സിലേറെയും പ്രായമുള്ളവർ പകുതിയോളം വരും. ബാക്കിയുള്ള 125 ലക്ഷം പേരടങ്ങിയ തൊഴിൽസേനയിൽ 25 ലക്ഷം പേർ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ. എന്നുവെച്ചാൽ, കേരളത്തിൽ അദ്ധ്വാനിക്കാൻ കഴിവുള്ളവരുടെ അഞ്ചിലൊരുഭാഗം തൊഴിൽരഹിതരാണെന്നർത്ഥം. ഇന്ത്യയിൽ മറെറാരിടത്തും കാണാത്തമട്ടിൽ ഗുരുതരമായ ഈ തൊഴിലില്ലായ്മ സാമൂഹ്യവും സാമ്പത്തികവുമായ ഒട്ടേറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട സംഗതി, അതു വിദ്യാഭ്യാസത്തിന്റെ എല്ലാ മേന്മയും കെടുത്തിക്കളയുന്നുവെന്നതാണു്. ഉന്നത വിദ്യാഭ്യാസത്തിനും ഡിഗ്രിക്കുമൊക്കെ കടലാസിന്റെ വിലപോലും ഇല്ലാതാക്കുന്ന അവസ്ഥയാണിതു്. ഒന്നുകിൽ തൊഴിൽചെയ്യാൻ കഴിവുള്ള അഭ്യസ്തവിദ്യർക്ക് പണിയുണ്ടാകണം, അല്ലെങ്കിൽ തൊഴിൽസാധ്യതയ്ക്കനുസരിച്ചു് ഉന്നതവിദ്യാഭ്യാസം ലഭിക്കുന്നവരുടെ എണ്ണം നിയന്ത്രിക്കണം. ആദ്യത്തേതിനുവേണ്ടതു് വികസന പ്രവർത്തനങ്ങൾ വർദ്ധിക്കുകയാണു്. അതാണു് യഥാർത്ഥത്തിൽ ആവശ്യം. രണ്ടാമത്തേതിനുവേണ്ടതു് വിശദമായ വിദ്യാഭ്യാസ ആസൂത്രണവും അതനുസരിച്ചു് ഡിഗ്രിക്കാരെ സൃഷ്ടിക്കുന്നതിൽ സർക്കാരിനുള്ള നിയന്ത്രണവും. കേരളത്തിലെ വിദ്യാഭ്യാസത്തിന്റെ ഇന്നത്തെ നില, അത്തരത്തിലുള്ള എന്തെങ്കിലും നിയന്ത്രണത്തെക്കുറിച്ചു് ചിന്തിക്കാൻപോലും സർക്കാരിനെ അനുവദിക്കുന്നതല്ല. ഡിഗ്രിക്കാരെ വാർത്തുവിടാനുള്ള സ്ഥാപനങ്ങളുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കാനുള്ള സമ്മർദ്ദമാണു് സർക്കാരിനു്

അനുഭവിക്കേണ്ടിവരുന്നതു്. കാരണം അതു സ്വകാര്യമേഖലയിലെ വിദ്യാഭ്യാസക്കച്ചവടക്കാരുടെ ഒരാവശ്യമാണു്. ഉന്നത വിദ്യാഭ്യാസം നേടാനുള്ള ജനങ്ങളുടെ ആഗ്രഹത്തെ മാനിച്ചാണു് പുതിയ ഡിഗ്രികോഴ്സുകളും കോളേജുകളുമനുവദിക്കുന്നതെന്നു പുറമെ പറയും. തൊഴിലില്ലാത്തവരെ സൃഷ്ടിക്കാൻവേണ്ടിമാത്രമുള്ള ഉന്നത വിദ്യാഭ്യാസം എത്ര കടുത്ത സാമൂഹ്യദ്രോഹമാണെന്ന വസ്തുത സർക്കാർ കണ്ടില്ലെന്നു നടിക്കുന്നു.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കാനുള്ള രണ്ടു മാർഗ്ഗങ്ങളും കേരളത്തെസ്സംബന്ധിച്ചിടത്തോളം ഇന്നു് പ്രയാസം നിറഞ്ഞതാണു്. ഒരുവശത്തു് വികസനത്തിന്റെ പരിമിതി, മറുവശത്തു് വിദ്യാഭ്യാസവ്യാപാരികളെ മറികടക്കാനുള്ള സർക്കാരിന്റെ പരിമിതി, അഭ്യസ്തവിദ്യരുടെ പണിയില്ലായ്മക്കു കാരണം സേവനമേഖലയ്ക്കൊള്ളാൻ കഴിയാത്തവിധത്തിൽ അക്കാദമിക വിദ്യാഭ്യാസം നേടിയവരുടെ ആധിക്യമാണെന്നും, അക്കാദമിക വിദ്യാഭ്യാസത്തിനുപകരം തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും നൽകിയാൽ, തൊഴിലില്ലായ്മക്കു പരിഹാരമാവും എന്നഭിപ്രായമുള്ളവരുണ്ടു്. ഇതു കേൾക്കുമ്പോൾ തോന്നുക സാങ്കേതികരംഗത്തു് ധാരാളം തൊഴിൽസാധ്യതകളുണ്ടെന്നും അത്തരം ജോലികൾചെയ്യാൻ പരിശീലനംലഭിച്ചവർ മഹാകഷ്ടിയാണെന്നുമാണു്. ഈ ധാരണ ശരിയല്ല. എംപ്ലോയ്മെൻറ് ആപ്പീസുകൾ നൽകുന്ന കണക്കനുസരിച്ചു്, സാങ്കേതിക വിദ്യാഭ്യാസം നേടിയവരുടെ കൂട്ടത്തിലും തൊഴിലില്ലായ്മ രൂക്ഷമാണു്, കേരളത്തിൽ. കേരളത്തിൽ ഇപ്പോൾത്തന്നെ തൊഴിൽരഹിതരായ എഞ്ചിനീയറിങ്ങ് ഡിഗ്രിക്കാർ 2313 പേരുണ്ടു്, ഡിപ്ലോമക്കാർ 15361 പേർ, ഐ. ടി. ഐ, ഐ. ടി. സിക്കാർ 48455 പേർ. ഇതിന്നർത്ഥം സാങ്കേതിക മേഖലയിലും തൊഴിൽ സാധ്യത കുറവാണെന്നാണു്. തൊഴിലില്ലായ്മക്കു പരിഹാരം വികസനപ്രവർത്തനങ്ങൾവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണു്. അല്ലാതെ, അക്കാദമിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുപകരം, കുറേ സാങ്കേതിക സ്ഥാപനങ്ങൾ സൃഷ്ടിച്ചാൽ, ഇടതുകാലിലെ മന്ത് വലതുകാലിലേക്കു മാറ്റലായിരിക്കും ഫലം.

ഇന്ത്യാഗവണ്മെൻറിന്റെ പുത്തൻ വിദ്യാഭ്യാസ നയത്തിൽ, അഭ്യസ്തവിദ്യർക്കിടയിലെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹ

രിക്കാൻ, തൊഴിലും ഡിഗ്രിയും തമ്മിലുള്ള ബന്ധം വിച്ഛേദിക്കുക എന്നൊരു നിർദ്ദേശമുണ്ട്. ഡിഗ്രി തൊഴിൽസാധ്യതക്കുതകുന്നില്ലെങ്കിൽ, അതിനുവേണ്ടി ആളകലം തള്ളിക്കയറുകയില്ലല്ലൊ എന്നതാണ് യുക്തി. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ എന്ന ഭീകരപ്രശ്നം മറച്ചുവെക്കാനും സ്വച്ഛന്ദമായി അഴിമതി നടത്താനും മാത്രം സഹായിക്കുന്ന ഒരു നിർദ്ദേശമാണിതു്. വ്യവസായരംഗത്തു് ഇന്നനുവർത്തിക്കപ്പെടുന്ന നയങ്ങളും തൊഴിലില്ലായ്മ പരിഹരിക്കാനല്ല, രൂക്ഷമാക്കാനാണുപകരിക്കുക. തൊഴിൽസാധ്യത കുറവുള്ള മൂലധനപ്രധാനമായ വ്യവസായങ്ങളാണ് കുത്തകകൾക്ക് ലാഭമുണ്ടാകാൻ സഹായകം. അതിൽത്തന്നെ ഓട്ടോമേഷനും കമ്പ്യൂട്ടറൈസേഷനുമായിക്കഴിഞ്ഞാൽപ്പിന്നെ ലക്ഷക്കണക്കിനുവരുന്ന തൊഴിൽരഹിതർ ശിലായുഗത്തിലേക്കു മടങ്ങേണ്ടിവരും.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, ഒരു സാമൂഹ്യപ്രശ്നമെന്നതുപോലെത്തന്നെ ഗുരുതരമായ ഒരു വിദ്യാഭ്യാസ പ്രശ്നവുമാണ്. അതിനുള്ള പരിഹാരം, വിദ്യാഭ്യാസരംഗത്തുനിന്നുണ്ടാവേണ്ടതിനേക്കാൾ, സാമൂഹ്യരംഗത്തുനിന്നാണുണ്ടാവേണ്ടതു്.

10. അദ്ധ്യാപകർ നേതൃത്വം നൽകണം:

കേരളത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ച് ഏതൊരു സാധാരണക്കാരനും എണ്ണിയെണ്ണിപ്പറയാവുന്ന ധാരാളം പരാതികളുണ്ട്. പ്രീസ്കൂൾ വിദ്യാഭ്യാസംമുതൽ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മവരെ ഇതു വ്യാപിച്ചുകിടക്കുന്നു. അഗാധതലസ്പർശികളായ ഈ പോരായ്മകളും കുട്ടികളുടെ വിദ്യാഭ്യാസത്തെ നിരർത്ഥകമായ ഒരഭ്യാസമാക്കി തരംതാഴ്ത്തിയിരിക്കുന്നു. ഈ സംസ്ഥാനത്തിന്റെ സാമൂഹ്യസാംസ്കാരിക സാഹചര്യത്തിനിണങ്ങിയമട്ടിൽ സമഗ്രമായ ഒരു വിദ്യാഭ്യാസപരിഷ്കാരത്തിന്നുവേണ്ടി ഏറെക്കാലമായി വിദ്യാർത്ഥികളും അദ്ധ്യാപകരും ശബ്ദമുയർത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ നിലവാരത്തകർച്ചയടക്കം വിദ്യാഭ്യാസരംഗത്തെ തകരാറുകൾ പരിഹരിക്കാനെന്ന ഭാവത്തിൽ ഈ അടുത്ത കാലത്തേർപ്പെടുത്തിയ പരിഷ്കാരങ്ങളെല്ലാം, സ്ഥിതിഗതികൾ കൂടുതൽ വഷളാക്കാനേ ഉപകരിച്ചിട്ടുള്ളൂ. കഴിഞ്ഞ പത്തിരുപത്തഞ്ചു വർഷക്കാലം ജനങ്ങൾ ഒഴുപ്പെട്ടുനേടിയ അവകാശങ്ങളും ആനുകൂല്യങ്ങളും ഓരോന്നായി തിരിച്ചെടുക്കാനുള്ള ശ്രമത്തിലാണ് വരേണ്യവിഭാഗം ഏർപ്പെട്ടിരിക്കുന്നതു്. എല്ലാ പരിഷ്കൃത സമൂഹങ്ങളിലും വിദ്യാ

ഭ്യാസം സ്വകാര്യവൽക്കരണത്തിൽനിന്നും സാമൂഹ്യവൽക്കരണത്തിലേക്കു് മാറുന്നതായിട്ടാണു് അനുഭവം. നമ്മുടെ കേരളത്തിൽ, നേരെമറിച്ചു്, നാംചെല്ലുന്തോറും വിദ്യാഭ്യാസം കൂടുതൽ കൂടുതൽ സ്വകാര്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണു്. വികസ്വരസമൂഹങ്ങളിൽ, വികസനത്തെ സഹായിക്കുന്ന പ്രക്രിയയാണു് വിദ്യാഭ്യാസം. കേരളത്തിലാകട്ടെ വികസനത്തെ മുരടിപ്പിക്കുകയോ തടസ്സപ്പെടുത്തുകയോ ആണു് കൂടെക്കൂടെയായി അതു ചെയ്യുന്നതു്.

പുറമെക്കാണുന്ന വർണ്ണശബളമായ പ്രചരണങ്ങളിൽപ്പെട്ടു്, നമ്മുടെ വിദ്യാഭ്യാസം എങ്ങോട്ടാണു് നീങ്ങിക്കൊണ്ടിരിക്കുന്നതെന്നു് തിരിച്ചറിയാൻപോലും ജനങ്ങൾക്കു കഴിയാതെവരുന്നു. വിദ്യാഭ്യാസത്തെ പിറകോട്ടുവലിച്ചുവരേണ്യവൽക്കരിക്കാനും കച്ചവടവൽക്കരിക്കാനുംവേണ്ടി സ്വകാര്യ ഏജൻസികൾ അണിയറയിൽ നടത്തുന്ന ശക്തമായ ശ്രമങ്ങളുടെ ഭവിഷ്യത്തും അവർ മനസ്സിലാക്കുന്നില്ല. കാലാനുസൃതമായി പരിഹരിക്കപ്പെടാതെ കിടക്കുന്ന അശാസ്ത്രീയതകൾക്കൊപ്പം, സ്വകാര്യ ഏജൻസികളുടെ വരേണ്യവൽക്കരണ ശ്രമങ്ങൾക്കും വ്യാപാരവൽക്കരണത്തിനും സർക്കാർ നൽകുന്ന പിന്തുണയാണു് കേരളത്തിലെ വിദ്യാഭ്യാസനവീകരണത്തിനു തടസ്സം സൃഷ്ടിക്കുന്നതു്. മിക്ക വിദ്യാഭ്യാസക്കുഴപ്പങ്ങളുടേയും മൂലകാരണവും അതുതന്നെ.

സർക്കാരും അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളുമാണു് വിദ്യാഭ്യാസമെന്ന വൻശകടത്തിന്റെ നാലുചക്രങ്ങൾ. ഇതിൽ നിയമാനുസൃത സാമൂഹ്യ നേതൃത്വമായ സർക്കാരാണു് മറ്റുള്ളവയെ മുന്നോട്ടു നയിക്കേണ്ടതു്. എന്നാൽ, വിദ്യാഭ്യാസം സർക്കാരിന്റെ ഒരു ബാധ്യതയാണെന്നംഗീകരിക്കാൻതന്നെ തയ്യാറില്ലാത്ത ഒരു പതനത്തിലാണു് ഗവണ്മെണ്ടിപ്പോൾ. ഇന്ത്യാ ഗവണ്മെണ്ടിന്റെ പുത്തൻ വിദ്യാഭ്യാസനയംപോലും നിഷ്പ്രയാസവും സൗജന്യവുമായ പ്രാഥമിക വിദ്യാഭ്യാസമെന്ന, രണ്ടാലോചനാപരമായ ചുമതലയിൽ നിന്നും ഒഴിഞ്ഞുമാറാനാണു് ശ്രമിക്കുന്നതു്. വരേണ്യവല്ക്കരണത്തെയുമൊക്കെ പരസ്യമായി പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര വിദ്യാഭ്യാസനയം, കേരളത്തിലെ വിദ്യാഭ്യാസക്കുഴപ്പങ്ങളെ മൂർച്ഛിപ്പിക്കാനേ സഹായിക്കൂ. അതുകൊണ്ടു് ശരിയായ മാറ്റങ്ങൾക്കുവേണ്ടിയുള്ള പരിശ്രമം സമൂഹം തന്നെ നടത്തേണ്ടിയിരിക്കുന്നു. കാലാകാലങ്ങ

ളിൽ വിദ്യാഭ്യാസരംഗത്തു കത്തിച്ചെലുത്തപ്പെടുന്ന ദുഷ്യങ്ങളെ തിരിച്ചറിയാനും ചെറുത്തുതോല്പിക്കാനുമുള്ള ശ്രദ്ധയും തയ്യാറെടുപ്പും ഇവിടത്തെ രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും ഉണ്ടായേണ്ടതാണു്. ഇക്കൂട്ടത്തിൽ നേതൃത്വപരമായ പങ്കു് അദ്ധ്യാപകനാണുള്ളതു്. അസംഘടിതരായ രക്ഷിതാക്കളെ കാര്യങ്ങൾ പറഞ്ഞുബോധ്യപ്പെടുത്തേണ്ടതു് അദ്ധ്യാപകനാണു്. സ്വന്തം ജോലി ശരിക്കു ചെയ്യുകൊണ്ടുമാത്രമേ ഈ കടമ നിർവ്വഹിക്കാൻ അദ്ധ്യാപകനു കഴിയൂ. സ്വന്തം സ്ഥാപനത്തിലെ വിദ്യാഭ്യാസ നിലവാരമുയർത്താൻവേണ്ടി സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തുന്നതിൽ കൂടിമാത്രമേ, അംഗീകൃത ഇംഗ്ലീഷു് മീഡിയം വിദ്യാഭ്യാസത്തെ ഫലപ്രദമായെതിർക്കാനുള്ള കരുത്തു് അദ്ധ്യാപകനു ലഭിക്കൂ.

വൈദ്യുതിയിലായാലും വൈദ്യുതിയിലായാലും അതതുകാലത്തുണ്ടാകുന്ന അപാകതകളും നിലവിലുള്ള തലമുറയെ മാത്രമേ കഷ്ടപ്പെടുത്തുകയുള്ളൂ. എന്നാൽ വിദ്യാഭ്യാസരംഗത്തെ അശാസ്ത്രീയതകളും നയവൈകല്യങ്ങളും അണുപ്രസരംപോലെ അനന്തര തലമുറയെപ്പോലും ബാധിക്കുന്നു. നാശത്തിന്റെ ഫലമനുഭവിക്കുന്നവർ കുറച്ചുപേരല്ലേയുള്ളൂ എന്നു കരുതുന്നതു ശരിയല്ല. കേരളത്തിലെ മുഴുവൻ ജനങ്ങളും അദ്ധ്യാപകനായിട്ടും, വിദ്യാർത്ഥിയായിട്ടും രക്ഷിതാവായിട്ടും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസരംഗത്തെ അശാസ്ത്രീയതകൾക്കും അപാകതകൾക്കുമെതിരെ ശബ്ദമുയർത്താനുള്ള ബാധ്യത. അതുകൊണ്ടുതന്നെ ഇവക്കെല്ലാവർക്കുമുണ്ടു്.

കേരള

ശാസ്ത്ര സാഹിത്യ

പരിഷത്ത്